KNANAYADEEPAM

# ക്നാനായ ദീപം

Vol: 36 / Issue: 12 December 2025 ₹:20/-

ക്രിസ്തുമസ്

പുതുവത്സരാശംസകൾ



# 10-ാം ചരമവാർഷികം

21-12-2025



## വി. എസ്. ജെയിക്കബ് കുട്ടി

വാഴൂത്ര, കുറിച്ചി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

Wife : Jeeno Jacob (Manju)
Son : Joel Jacob (Sonu)
Daughter : Neha Susan Jacob

Advt - G

# ക്നാനായ ദീപം

2025 ഡിസംബർ പുസ്തകം 36 ലക്കം 12

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ക്രിസ്തുവിന്റെ ജനനവും വിശ്വാസ ജീവിതത്തിലെ ആത്മീയ പ്രതികരണങ്ങളും 09
ഫാ. മോനായി കെ. ഫിലിപ്പ്

ജീവിക്കാൻ പഠിക്കാം, സമൃദ്ധമായി 15
സുനിൽ ഡി. കുരുവിള

കുർബ്ബാന വീഥിയിൽ 17
ഫാ. ജേക്കബ് കല്ലുകുളം

സമാധാനം പ്രക്ഷുബ്ധങ്ങളിൽ 18
ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ

പരേതർ മൗനതയിലോ .... 19
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

ഏവൻഗേലിയോൻ ദീപം 21
റോയി മാത്യൂസ് കോർ – എപ്പിസ്കോപ്പ മുളമൂട്ടിൽ

അല്പം ആഹ്ലാദവും വലിയ നാശവും 24
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

സൈലന്റ്നൈറ്റ്. 25
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 26

39 മല്പാനോട് ചോദിക്കാം

41 പുൽക്കൂട്ടിൽ പിറന്ന സ്നേഹസമ്മാനം
റ്റി. സി. തോമസ് തോപ്പിൽ

42 "ഡിസംബർ 31" നകം സ്വന്തദേശത്തേയ്ക്കുള്ള P.R. കൊടുക്കുന്നവരുടെ ലിസ്റ്റിൽ പേരുകാണുമോ
അമ്മാൾ രാജൻ പുളിമൂട്ടിൽ

43 അഹരോന്റെ തളിർത്തവടി
സണ്ണി ഇളംപുരയിടത്തിൽ

44 മാനസാന്തരത്തെക്കുറിച്ച് ഞാൻ മനസ്സിലാക്കിയത്
സണ്ണി ജേക്കബ് കാട്ടുവേലിൽ

45 ഇങ്ങനെയും ജീവിതം
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

46 ജീവിത വിശുദ്ധി - കവിത
ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ

47 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary


Visit www.
knanayadeepam.in


**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**



**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**കർത്താവിൽ പ്രിയ ദീപം വായനക്കാർക്ക് വേഗം വരുന്ന നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിലുള്ള ക്രിസ്തുമസ് ആശംസകൾ**

ഡിസംബർ ആരംഭിച്ചതിനു മുമ്പുതന്നെ ക്രിസ്തുമസിന്റെ ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. ക്രിസ്തീയ ഭവനങ്ങളിലും കടകളിലും വാഹനങ്ങളിലും എല്ലാം ദീപാലങ്കാരത്തിന്റെ അകമ്പടിയോടുകൂടെ നക്ഷത്രവിളക്കുകൾ ശോഭിക്കുന്നു.

ഹേരോദാ രാജാവിന്റെ കാലത്ത് യേശു യഹൂദ്യായിലെ ബേത്‌ലഹേമിൽ ജനിച്ചശേഷം കിഴക്കുനിന്ന് മഹാന്മാർ യെരുശലേമിൽ എത്തി. യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ. ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു. അവനെ നമസ്ക്കരിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 2:1–2).

ഈ മഹാന്മാരെ സംബന്ധിച്ചിടത്തോളം ക്രിസ്തുമസിന്റെ അർത്ഥം രാജാവിനെ കാണുക എന്നതും അതിന്റെ പാരമ്യമായ സംഗതി രാജാവിനെ ആരാധിക്കുക എന്നതുമായിരുന്നു. യേശുക്രിസ്തു പറഞ്ഞത്, സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു (യോഹ.4:23) എന്നത്രെ. ബാഹ്യപ്രകടനം മാത്രമായിട്ടുള്ള ആരാധന ദൈവത്തിന് സ്വീകാര്യമല്ല. രാജാധിരാജാവും ഹൃദയങ്ങളെ പരിശോധിക്കുന്നവനുമായ ദൈവത്തിന് വെറും ബാഹ്യപ്രകടനങ്ങളായ മതചടങ്ങുകൾകൊണ്ടു മാത്രമുള്ള ആരാധന സ്വീകാര്യം ആയിരിക്കുന്നില്ല.

ഈ മഹാന്മാർ യേശുവിനെ കണ്ടെത്തിയപ്പോൾ എന്തു ചെയ്തു. “അവർ വീണു അവനെ നമസ്ക്കരിച്ചു നിക്ഷേപപാത്രങ്ങളെ തുറന്നു അവനു പൊന്നും കുന്തുരുക്കവും മൂറും കാഴ്ചവെച്ചു (മത്തായി 2:22). അപ്രകാരം വീണു നമസ്ക്കരിക്കാതെ ആരാധന ഉണ്ടാവുന്നതല്ല. ഒരു മനുഷ്യന്റെ വ്യക്തിപ്രഭാവത്തിലുള്ള സംഗതികൾ എല്ലാം നീതിയ്ക്ക് വിരോധമായി നിലകൊള്ളുന്നതായി കാണുന്നു. ആകയാൽ മനുഷ്യസ്വഭാവത്തിലുള്ള സംഗതികൾ എല്ലാം യേശുവിന്റെ പാദത്തിൽ വീഴുന്നതിനെതിരായി നിലകൊള്ളുന്നു. നമ്മുടെ ഉന്നതഭാവവും മറ്റും മുട്ടേൽ നിന്നു നമസ്ക്കരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആരാധനയ്ക്ക് യോഗ്യനായ കർത്താവ് എഴുന്നെള്ളി വരുമ്പോൾ അവനെ വീണു നിലത്തു മുട്ടുകുത്തി കുനിഞ്ഞ് അവന്റെ പാദത്തിൽ മുത്തി ആരാധിക്കണം. നമ്മുടെ രാജാവിൽ നിന്നും ഒരു സംഗതിയും നമ്മെ അകറ്റുവാൻ പാടുള്ളതല്ല. നിങ്ങളുടെ ശാരീരികമായ അസ്വസ്ഥതകൾ പലപ്പോഴും നമ്മെ യഥാർത്ഥ ആരാധനയിൽ നിന്നും അകറ്റി നിർത്തുന്നില്ലേ. അതുകൊണ്ട് ആത്മാവിൽ തന്നെ കർത്താവിന്റെ പാദത്തിൽ സാഷ്ടാംഗം വീണ് നമസ്ക്കരിക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ഒരുവന്റെ വ്യക്തിത്വം യേശുക്രിസ്തുവിനു സമർപ്പിക്കപ്പെട്ടു കഴിയുമ്പോൾ ലക്ഷോപലക്ഷം ഡോളറിനേക്കാൾ അവന്റെ ആത്മാവ് വിലയേറിയതായി തീരുന്നു. നാം പത്തുരൂപയോ ഇരുപതുരൂപയോ യേശുക്രിസ്തുവിനു അർപ്പിക്കുന്നതോടെ അവനോടുള്ള നമ്മുടെ കടമ മുഴുവൻ നിറവേറ്റിയതായി നാം ചിന്തിക്കുന്നത് ഒരു പ്രശ്നം ആകുന്നു. നമ്മുടെ ഇച്ഛയെ നാം നമുക്കും പിശാചിനും അടിയറ വെയ്ക്കുകയും ചെയ്യുന്നു.

യേശുക്രിസ്തുവിനുവേണ്ടി പ്രസംഗിക്കുകയോ തീർത്ഥയാത്ര ചെയ്യുകയോ പണം ചിലവഴിക്കുകയോ എന്തു വേണമെങ്കിലും ഞാൻ ചെയ്യാം. പക്ഷേ എന്റെ ഇച്ഛ അതു മാത്രം എന്നോടു ചോദിക്കരുത്. ഇത്തരം അർപ്പണം ദൈവം അംഗീകരിക്കുക ഇല്ല. ദൈവം നമുക്ക് നൽകിയിട്ടുള്ള ക്രിയാത്മകമായ കഴിവുകൾ എല്ലാം യേശുവിന്റെ പാദങ്ങളിൽ അർപ്പിക്കണം. ഇതു ചെയ്യാത്ത പക്ഷം ക്രിസ്തുമസ് മരം നിർമ്മിച്ചും പടക്കങ്ങളും, ദീപാലങ്കാരങ്ങളും ഉപയോഗിച്ചും വിഭവസമൃദ്ധമായ ഭക്ഷണം കഴിച്ചും വിശേഷവസ്ത്രങ്ങൾ അണിഞ്ഞും ക്രിസ്തുമസ് ആഘോഷിച്ചാലും അതൊന്നും യഥാർത്ഥ ക്രിസ്തുമസ് ആകുന്നില്ല. സഹോദരനോട് വൈരാഗ്യബുദ്ധിയോടെ മത്സരിച്ച് നിങ്ങളുടെ ഇച്ഛയെ ചെകുത്താനു കാഴ്ചവയ്ക്കുകയും ജീവിതത്തിലെ ഏറ്റവും നിസ്സാരമായവ മാത്രം യേശുക്രിസ്തുവിനു നൽകി തൃപ്തി അടയുകയും ആണോ ചെയ്യുന്നത്? ഇങ്ങനെയുള്ള പത്തുപേർ നമ്മോടുകൂടെ ആരാധിക്കുന്നതായാൽ നമ്മുടെ സഭ പടുകുഴിയിൽ നിപതിക്കുന്നതിനു അധിക സമയം വേണ്ടിവരിക ഇല്ല. അതും കേവലം കുറേ ആളുകൾ സാമൂഹ്യാവശ്യത്തിനായി കൂടി വരുന്ന ഒരു സംഘടനയായി താഴ്ന്ന നിലവാരത്തിലായിത്തീരും. അതിൽ രാജാവില്ല, ആരാധനയില്ല. ഹൃദയം യേശുക്രിസ്തുവിന്റെ പാദങ്ങളിൽ സമർപ്പിക്കപ്പെട്ടുമില്ല. ഇത്തരത്തിലുള്ള മിഥ്യയും ശൂന്യവുമായ സംഗതികളെ പ്രോത്സാഹിപ്പിക്കുന്ന സഭാനേതൃത്വവും സഭാശുശ്രൂഷകരും, ഗായകസംഘവും സംഗീത ഉപകരണങ്ങൾ ഉപയോഗിച്ചു കൊണ്ട് എത്ര ഇമ്പകരമായി ആരാധിച്ചാലും ദൈവം പ്രസാദിക്കുകയില്ല. മഹാന്മാർ യേശുവിന്റെ പാദങ്ങളിൽ നിക്ഷേപങ്ങൾ തുറന്നു. നിങ്ങളുടെ നിക്ഷേപങ്ങൾ അടച്ചുവച്ചിരിക്കുകയാണോ. മഹാന്മാരുടെ ആരാധന സ്വർണ്ണം, കുന്തുരുക്കം, മൂർ എന്നിവ കാഴ്ചവെച്ചുകൊണ്ടുള്ളതായിരുന്നു. അവരുടേതായ എല്ലാം യേശുവിന്റെ പാദങ്ങളിൽ അവർ അർപ്പിച്ചു. നിങ്ങൾ യേശുക്രിസ്തുവിന്റെ പാദങ്ങളിൽ വീണാൽ മാത്രമേ നിങ്ങളിലുള്ള നിക്ഷേപങ്ങൾ തുറക്കപ്പെടുകയുള്ളൂ.

സാധുസുന്ദർസിംഗ് യേശുക്രിസ്തുവിന്റെ പാദങ്ങളിൽ വീണപ്പോൾ അത് 100% ഒരു സാഷ്ടാംഗ നമസ്ക്കാരം ആയിരുന്നു. അദ്ദേഹം തന്റെ മുഴുവൻ വ്യക്തിത്വവും ശക്തിയും കഴിവുകളും എല്ലാം യേശുക്രിസ്തുവിന്റെ പാദങ്ങളിൽ അർപ്പിച്ചു. എത്ര മഹത്കാര്യങ്ങൾ പിന്നീട് ആ ജീവിതത്തിൽ നിന്ന് ഉടലെടുത്തു. നമുക്കും നമ്മുടെ എല്ലാ ശക്തിയും കഴിവുകളും സകലതും അവ ക്രിസ്തുവിനാൽ ഉപയോഗിക്കപ്പെടുന്നതിനായി അവന്റെ പാദങ്ങളിൽ അർപ്പിക്കാം. അപ്പോൾ നമ്മുടെ ക്രിസ്തുമസ് ആഘോഷം അർത്ഥപൂർണ്ണമാകും. എല്ലാവർക്കും നന്മ നേരുന്നു.

എന്ന് നിങ്ങളുടെ

**പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**2025 ലെ** അവസാന മാസത്തിലേയ്ക്ക് ദൈവം നമ്മെ എത്തിച്ചിരിക്കുകയാണ്. വർഷം മുഴുവൻ അനുഭവിച്ച ദൈവകൃപയ്ക്കായി ദൈവസന്നിധിയിൽ സ്തുതി കരേറ്റാം. ഡിസംബർ 25 ന് ക്രിസ്തുമസ് നാം ആചരിക്കുന്നുവല്ലോ. ഇതിലൂടെ, മനുഷ്യജീവിതത്തിന്റെ നടുവിൽ ദൈവം വന്ന് വസിച്ച്, നമ്മെ രക്ഷയിലേയ്ക്ക് വഴി നടത്തിയതിന്റെ സ്മരണയാണ് നാം വീണ്ടും ആഘോഷിക്കുന്നത്. ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ഉദിച്ചുവന്ന പ്രകാശം മനുഷ്യരെ ഭയത്തിൽ നിന്ന് പ്രത്യാശയിലേക്കും, സ്വാർത്ഥതയിൽ നിന്ന് സ്നേഹത്തിലേക്കും നിരാശയിൽ നിന്ന് രക്ഷയിലേക്കും നയിച്ചു. ക്രിസ്തുവിന്റെ ജനനം ഒരു ചരിത്രസംഭവം മാത്രമല്ല, ജീവിതത്തെ പുതുക്കുന്ന ദൈവസാന്നിദ്ധ്യത്തിന്റെ ദാനം കൂടിയാണ്. ഈ ആഘോഷം ഭൗതികതയുടെ വെളിച്ചം വർദ്ധിപ്പിക്കുന്നതല്ല; മറിച്ച് ദൈവത്തിന്റെ കരുണയുടെ വെളിച്ചം മനുഷ്യ ഹൃദയത്തിൽ നിറക്കുന്നതാണ്. ക്രിസ്തുവിന്റെ സമാധാനവും സന്തോഷവും എല്ലാ വിശ്വാസികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും സമൃദ്ധിയും അനുഗ്രഹങ്ങളും നിറക്കട്ടെയെന്ന് ആശംസിക്കുന്നു.

ചില ദിവസങ്ങൾക്കകം, ദൈവം അനുവദിച്ചാൽ, നാം പുതുവർഷത്തിലേക്ക് കടക്കുകയാണ്. ഈ പുതിയ കാലഘട്ടത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ, ജീവിതത്തിന്റെ വഴികളിൽ ദിശാബോധവും അനുഗ്രഹവും നൽകി നമ്മെ കൈപിടിച്ച് നടത്തിവന്ന ദൈവത്തെ നന്ദിയോടെ ഓർക്കാം. വരാനിരിക്കുന്ന പുതുവർഷം ആത്മീയ പുതുക്കലിന്റെയും വിശ്വാസവളർച്ചയുടെയും ദൈവകൃപയിൽ വളരുന്ന ശിഷ്യത്വജീവിതത്തിന്റെയും കാലമായിത്തീരട്ടെ. പ്രാർത്ഥനയിലും ദൈവവചനത്തിലും കരുണാപ്രവൃത്തികളിലും ആത്മീയമായി ഉറച്ച്, ഓരോ കുടുംബവും സമാധാനത്തിന്റെ ദൂതരായും പ്രത്യാശയുടെ സാക്ഷികളായും സമൂഹത്തിൽ പ്രകാശിച്ചു തെളിയട്ടെ. കർത്താവായ യേശുക്രിസ്തുവിന്റെ കൃപാപൂർണ്ണ സാന്നിധ്യം വർഷം മുഴുവൻ നമ്മിൽ നിരന്തരം നിറഞ്ഞൊഴുകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ജനുവരി 6 ന് നാം ദനഹാപെരുന്നാൾ ആചരിക്കുന്നു. യോർദ്ദാൻ നദിയിൽ യോഹന്നാനാൽ മാമ്മോദീസ സ്വീകരിച്ച യേശുവിന്റെ ആ ദിവ്യസംഭവം നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രസത്യങ്ങളിൽ ഒന്നാണ്. പാപമില്ലാത്ത ദൈവപുത്രൻ മാമ്മോദീസ സ്വീകരിച്ചത് പാപശുദ്ധിക്കായി അല്ല, മറിച്ച് മനുഷ്യവംശത്തിന്റെ വീണ്ടെടുപ്പിനായി മനുഷ്യരോടൊപ്പമുള്ള യാത്രയിൽ പൂർണ്ണ ഐക്യം സ്ഥാപിക്കുവാനാണ്. സ്വർഗ്ഗം തുറക്കപ്പെടുകയും പിതാവിന്റെ ശബ്ദം മുഴങ്ങുകയും പരിശുദ്ധാത്മാവ് പ്രാവിൻ രൂപത്തിൽ ഇറങ്ങിവരികയും ചെയ്ത ആ നിമിഷം ത്രിത്വദൈവത്തിന്റെ വെളിപാടായിരുന്നു. യേശുവിന്റെ മാമ്മോദീസ നമ്മെ പഠിപ്പിക്കുന്നത് ക്രിസ്തീയ മാമ്മോദീസ വെറും ആചാരമല്ല; പുതിയ ജനനം, പുതിയ തിരിച്ചറിവ്, പുതിയ ദൗത്യം എന്നിവയിലേയ്ക്കുള്ള പ്രവേശനമാണ്.

ചില ദിവസങ്ങൾക്കു മുമ്പ് നമ്മുടെ കുവൈറ്റ് സെന്റ് പീറ്റേഴ്സ് പള്ളിയുടെ ആദ്യഫലപ്പെരുന്നാളിലും ഇടവക ദിനത്തിലും (സമൃദ്ധി 2025) സംബന്ധിക്കുവാനായി നാം കുവൈറ്റിൽ ആയിരുന്നു. അവിടുത്തെ വിശ്വാസ സമൂഹത്തിന്റെ കൂട്ടായ പ്രവർത്തനങ്ങളുടെയും, ഉത്തമനേതൃത്വത്തിന്റെയും അനന്തരഫലമാണ് ഇത്രയും അനുഗ്രഹിക്കപ്പെട്ട രീതിയിൽ അത് നടത്തുവാൻ അവർക്ക് സാധിച്ചത്. അവിടെ എത്തിയപ്പോൾ അവിടെയുള്ള നമ്മുടെ ആളുകളുടെ സ്നേഹവും, സമുദായത്തോടുള്ള തീക്ഷണതയുമെല്ലാം അനുഭവിക്കുവാൻ സാധിച്ചു. അവിടുത്തെ വികാരിഅച്ചനെയും, ട്രസ്റ്റി, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ, വിവിധ കമ്മിറ്റികളിൽ സജീവമായിരുന്നവർ ഇതിൽ പങ്കെടുത്ത് ഇതിനെ അനുഗ്രഹമാക്കിയ എല്ലാവരെയും അനുമോദിക്കുന്നു.

ഖത്തർ ക്നാനായ സംഗമം 2025 ദോഹയിൽ ക്നാനായ കത്തോലിക്ക അതിരൂപത അംഗങ്ങളുമായി ചേർന്ന് സംയുക്തമായി നടത്തപ്പെട്ടു. ഇതെല്ലാം നമ്മുടെ കൂട്ടായ്മയെ കൂടുതൽ ശക്തിപ്പെടുത്തുകയും, ക്നാനായ തനിമ കാത്തു സൂക്ഷിക്കുവാൻ ഇടയാക്കുകയും ചെയ്യുമല്ലോ. ഇത് ക്രമീകരിച്ച ഇടവക വികാരി, ട്രസ്റ്റി, സെക്രട്ടറി, വിവിധ കമ്മറ്റികളിൽ സജീവമായിരുന്നവർ, ഇതിൽ പങ്കെടുത്ത് ഇതിനെ വിജയപ്രദമാക്കിയ എല്ലാവരെയും അനുമോദിക്കുന്നു.

നമ്മുടെ നിലമ്പൂർ പ്രദേശങ്ങളിലുള്ള വടപുറം, മുട്ടിക്കടവ് (പള്ളിക്കൂത്ത്), ചുള്ളിയോട് ക്നാനായ ഇടവകകളിലെ വിശ്വാസികൾ നവംബർ 30 ന് വടപുറം പള്ളിയിൽ ഒന്നിച്ചു കൂടി. ഞായറാഴ്ച ദിനത്തിൽ വി. കുർബ്ബാനയിൽ സംബ

*(ശേഷം പേജ് 16-ൽ)*

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

2026 ജനുവരി മാസം 18-ാം തീയതി ക്നാനായ സമുദായദിനം ചിങ്ങവനത്ത് പതിനായിരങ്ങൾ കൂടുന്ന മഹാസമ്മേളനമായി നടത്തുകയാണല്ലോ. ക്നാനായ സമുദായത്തിന്റെ മൂന്നാമത്തെ മെത്രാപ്പോലീത്തായായിരുന്ന അഭി. ക്ലീമ്മീസ് വലിയമെത്രാപ്പോലീത്താ കാലം ചെയ്തതിനുശേഷം നാലാമത്തെ സമുദായ മെത്രാപ്പോലീത്തയായി ക്നാനായ അസ്സോസിയേഷൻ തെരഞ്ഞെടുത്തതനുസരിച്ച് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയെ പരി.സഖാപ്രഥമൻ പാത്രിയർക്കീസ് ബാവായാൽ 2004 ജനുവരി 15-ാം തീയതി വാഴിക്ക ഉണ്ടായല്ലോ. അന്ന് ക്നാനായ സമുദായ ദിനമായി ആചരിക്കണം എന്ന് പരി. സഖാപ്രഥമൻ പാത്രിയർക്കീസ്ബാവ കല്പന പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി മലയാള മനോരമ കലണ്ടറിൽ എല്ലാ വർഷവും ജനുവരി 15 ക്നാനായ സമുദായ ദിനമായി മാർക്ക് ചെയ്തിട്ടുണ്ട് എന്നതിൽ നമുക്ക് അഭിമാനിക്കാം. എല്ലാവർഷവും ക്നാനായ കമ്മിറ്റികൂടി ഈ ദിവസം ആചരിക്കുന്നുണ്ട് എന്നുവരികിലും ഈ വർഷം വിപുലമായി പതിനായിരങ്ങളെ അണിനിരത്തിക്കൊണ്ട് ഈ ദിവസം ആചരിക്കുവാൻ ക്നാനായ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. ആയതിന്റെ വെളിച്ചത്തിൽ 23-11-2025 ഞായറാഴ്ച മോർ അപ്രേം സെമിനാരിയിൽ ഒരു മീറ്റിംഗ്കൂടി 301 പേർ അടങ്ങിയ വിപുലമായ സ്വാഗതസംഘം രൂപീകരിക്കുകയുണ്ടായി. ക്നാനായ സമുദായത്തിലെ എല്ലാ ദൈവാലയങ്ങളിൽ നിന്നും സമുദായ അംഗങ്ങൾ ഈ മീറ്റിംഗിൽ പങ്കെടുക്കണമെന്ന് സമുദായ വലിയ മെത്രാപ്പോലീത്ത കല്പനമൂലം ദൈവാലയങ്ങളെ അറിയിച്ചിട്ടുണ്ടല്ലോ.

ക്നാനായ സമുദായത്തിന്റെ അസ്ഥിത്വം നിലനിർത്തുന്നതിനു വേണ്ടിയും, ക്നാനായ സമുദായത്തിന്റെ എൻഡോഗമി നിലനിർത്തുന്നതിനുവേണ്ടിയും, സ്വവംശ വിവാഹനിഷ്ഠ നിലനിർത്തുന്നതിനുവേണ്ടിയും, നമ്മുടെ ചരിത്രം അബ്രഹാം മുതൽ തുടങ്ങുന്നതാണെന്നും, ദൈവത്തിന്റെ സ്വന്തം ജനമായി തെരഞ്ഞെടുക്കപ്പെട്ട ഇസ്രായേലിന്റെ കലർപ്പില്ലാത്ത പിൻതുടർച്ചക്കാരാണ് ക്നാനായ സമൂഹം എന്നും, അബ്രഹാമിന്റെ വംശാവലിയിലെ യാക്കോബിന്റെ മക്കളായ 12 ഗോത്ര പിതാക്കന്മാരിൽ ലേവി ഗോത്രത്തിന്റെ പിന്തുടർച്ചക്കാർ ആണ് എന്നും ഏലിയാസറിന്റെ മകൻ ഫിനഹാസിന്റെ തീക്ഷ്ണതയിൽ പ്രസന്നവാനായ ദൈവം നിത്യപൗരോഹിത്യം അവന്റെ സന്തതി പരമ്പരകൾക്ക് നൽകിയെന്ന് മോശയിലൂടെ ദൈവം അരുളിച്ചെയ്തു എന്നും, ആ ലേവി ഗോത്രത്തിലെ യേശുക്രിസ്തുവിന്റെ ശിഷ്യനായ തീക്ഷ്ണവാൻ എന്നു വിളിക്കുന്ന ശെമവൂൻ ക്നാനായോയുടെ പിൻതുടർച്ചക്കാരായ യഹൂദ നസ്രാണികൾ ആണ് ക്നാനായക്കാർ എന്നും, ബി.സി 332 ൽ മഹാനായ അലക്സാണ്ടർ യരുശലേം കീഴടക്കി എന്നും, ബി.സി.164 ൽ മക്കാബിയർ യറുശലേം തിരിച്ചുപിടിച്ചു എന്നും, ബി.സി. 47 ൽ മക്കാബിയരെ നീക്കി റോമൻ അധിനിവേശ പ്രവിശ്യയായി, ഹെറോദാവ് യഹൂദന്മാരുടെ രാജാവായതിനെ തുടർന്ന് ഗലീലയിലെ യഹൂദാ ക്നാനായക്കാരെ വേട്ടയാടി എന്നും, ബി.സി. 11 മുതൽ യഹൂദർ മ്ശിഹായുടെ വരവിനു വേണ്ടി പ്രാർത്ഥിച്ചു എന്നും മ്ശിഹായുടെ വരവിനുശേഷം യഹൂദ ക്നാനായക്കാരനായ ശിമയോനെ (തീക്ഷ്ണവാൻ) യേശു ശിഷ്യനാക്കി എന്നും, പിന്നീട് നസ്രായനായ യേശുവിനെ റോമാക്കാർ യേശു യഹൂദന്മാരുടെ രാജാവ് എന്ന് പറഞ്ഞ് ക്രൂശിച്ചു എന്നും, എ.ഡി. 66 ൽ യഹൂദ നസ്രാണികളുടെ ആദ്യത്തെ മഹാപുരോഹിതനായ യാക്കോബിനെ (യേശുവിന്റെ സഹോദരൻ) യഹൂദൻമാർ വധിച്ചു എന്നും, അതിന്റെ ദൈവകോപമായി യേശു പറഞ്ഞതുപോലെ കല്ലിന്മേൽ കല്ല് ശേഷിക്കാതെ എ.ഡി. 70 ൽ റോമൻപട്ടാളം യെരുശലേം ദൈവാലയം തീയിട്ട് നശിപ്പിച്ചു എന്നും, എ.ഡി. 132-135 ൽ യഹൂദന്മാർ യഹൂദ നസ്രാണികൾക്ക് മുടക്ക് കല്പിച്ചു എന്നും, യെരുശലേമിന്റെ കിഴക്കുള്ള എഡേസാ തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് യഹൂദ നസ്രാണികൾ പലായനം ചെയ്തു എന്നും, എഡേസായിൽ യഹൂദ നസ്രാണികൾ അവരുടെ സ്വന്തമായ ദൈവാലയങ്ങൾ സ്ഥാപിച്ചു എന്നും, എ.ഡി. 325 നു ശേഷം ക്രിസ്തുമതം സ്വീകരിച്ച റോമാക്കാരുടെയും പേർഷ്യയിൽ ഉണ്ടായിരുന്ന ജൂതന്മാരുടെയും നസ്രാണി വ്യക്തിത്വത്തെ ചൊല്ലിയുള്ള തർക്കം ഉണ്ടായിരുന്നു എന്നും, എഡേസായിൽ നിന്നും ക്നാനായ നസ്രാണികൾ പേർഷ്യയിലേക്കും അവിടെ നിന്ന് മലങ്കരയിലേക്കും പ്രേഷിത കുടിയേറ്റം നടത്തി എന്നും, മലങ്കരയിൽ വി. തോമാശ്ലീഹായാൽ നസ്രാണികൾ ആയവരെ പുനരുദ്ധരിക്കുന്നതിനുവേണ്ടി എ.ഡി.345 ൽ വാണിജ്യശ്രേഷ്ഠനായ ക്നായിത്തോമ്മായുടെ നേതൃത്വത്തിൽ ബാഗി, ബെൽക്കുത്ത്, ഹഡായ്, കുജാലിത്ത്, കോജാ, മുഗ് മുത്ത്, തേഗ് മത്ത് എന്നീ 7 ഇല്ലത്തിൽ നിന്നും 72 കുടുംബങ്ങളിൽ നിന്നായി 400 ൽ പരം യഹൂദ നസ്രാണികളും ഉറഹായിലെ യൗസേപ്പ് മെത്രാൻ, പുരോഹിതർ, ശെമ്മാശൻമാർ ഉൾപ്പെടെ അന്ത്യോഖ്യൻ പാത്രിയർക്കീസ് ഒസ്താത്തിയോസിന്റെ അനുഗ്രഹത്താൽ കിഴക്കിന്റെ കാതോലിക്കോസ് ആയ ശിമയോനിൽ നിന്നും കല്പനയും വേദപുസ്തകവും വാങ്ങി ആരാധനക്രമങ്ങളും വംശശുദ്ധി നിലനിർത്തുന്നതിന്റെ പ്രാധാന്യവും മറ്റും പറഞ്ഞു മനസ്സിലാക്കിക്കൊടുത്ത് അനുഗ്രഹിച്ച് യാത്രയാക്കി മലങ്കരയിലേയ്ക്ക് കുടിയേറിപ്പാർത്ത യഹൂദവംശജരായ സുറിയാനി നസ്രാണികളുടെ പിൻഗാമികളാണ് നമ്മൾ എന്നും, അടുത്ത തലമുറകൾക്ക് ഇത് മനസ്സിലാക്കി കൊടുക്കുന്നതിനുവേണ്ടിയും ഇത് ലോകാവസാനം വരെ നിലനിർത്തുന്നതിനുവേണ്ടിയുള്ള ഒരു ഓർമ്മപ്പെടുത്തലാണ് ക്നാനായ സമുദായ ദിനം ആഘോഷിക്കുന്നതിലൂടെയാണ് ക്നാനായ ചരിത്രം നിലനിർത്തുന്നത്. ആയതിനാൽ ക്നാനായ സമുദായ ദൈവാലയങ്ങളിൽ നിന്നും വാഹനസൗകര്യം അറേഞ്ച് ചെയ്ത് ചിങ്ങവനത്ത് എല്ലാ സമുദായ അംഗങ്ങളും എത്തണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

സമുദായത്തിലെ എല്ലാ വൈദിക ശ്രേഷ്ഠരും, കന്യാസ്ത്രീകൾ, ഭക്തസംഘടനാ ഭാരവാഹികൾ, വനിതാസമാജ ഭാരവാഹികൾ, പള്ളി ട്രസ്റ്റി, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം കൊടുക്കുന്നതായിരിക്കും. എല്ലാ ദൈവാ

ലയങ്ങളിലും ക്നാനായ ദിനത്തിൽ പങ്കെടുക്കുന്നതിന് സമുദായ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കമ്മിറ്റികൾ രൂപീകരിക്കണം. സമുദായ സ്നേഹികളായ ക്നാനായ അസ്സോസിയേഷൻ അംഗങ്ങളും, പള്ളിക്കമ്മിറ്റി അംഗങ്ങൾ എന്നിവരും ഈ സംരംഭത്തിൽ ഭാഗഭാക്കാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രിയപ്പെട്ടവരെ, ക്നാനായ സമുദായത്തിൽ ഇപ്പോൾ യാതൊരു പ്രതിസന്ധിയും ഇല്ല. എല്ലാ ദൈവാലയത്തിലും വി.കുർബ്ബാന കൃത്യമായി നടക്കുന്നുണ്ട്. വനിതാ സമാജത്തിന്റെ മീറ്റിംഗ് നടക്കുന്നുണ്ട്. ക്നാനായ കോൺഗ്രസിന്റെ മീറ്റിംഗ് നടക്കുന്നുണ്ട്. സുവിശേഷ സമാജ മീറ്റിംഗ് നടക്കുന്നുണ്ട്. എല്ലാ ഭക്തസംഘടനകളുടെയും മീറ്റിംഗുകൾ കൃത്യവായി നടക്കുന്നുണ്ട്. അതുപോലെതന്നെ ക്നാനായ സമുദായ മെത്രാപ്പോലീത്ത അദ്ദേഹത്തിന്റെ എല്ലാ ഔദ്യോഗിക ജോലികളും ക്രമമായി ചെയ്യുന്നു. വിദേശരാജ്യത്തെ ദൈവാലയങ്ങൾ സന്ദർശിക്കുന്നു. ക്നാനായ കമ്മിറ്റി അവരുടെ മീറ്റിംഗ് കൂടുന്നു. സമയാസമയങ്ങളിൽ അസ്സോസിയേഷൻ കൂടുന്നു. അങ്ങനെ കൃത്യമായി നല്ല രീതിയിലാണ് ക്നാനായ സമുദായം പോയിക്കൊണ്ടിരിക്കുന്നത്. എന്നാൽ സഹായമെത്രാൻമാർക്ക് കുറെ അധികാരം ലഭിക്കുന്നില്ല എന്നുള്ള രീതിയിൽ അവരും അവരോട് ചേർന്ന് നിൽക്കുന്ന കുറെ ആളുകളും എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നു. അതിന് അവർക്ക് അർഹമായ അധികാരം ഭരണഘടനപ്രകാരം കൊടുക്കുന്നതിനും, ക്നാനായ കമ്മിറ്റി അസ്സോസിയേഷനിൽ സമർപ്പിക്കുന്നതിനും എപ്പോഴും തയ്യാറാണ്. ഞങ്ങളുമായിട്ടൊരു ചർച്ചയ്ക്ക് സഹായ മെത്രാന്മാർ സഹകരിക്കുന്നില്ല എന്നതാണ് വാസ്തവം. അതിന് അവർ കുറച്ച് മുടന്തൻ ന്യായങ്ങൾ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കും. എന്നാൽ അവർ പറയുന്നു, സമുദായ മെത്രാപ്പോലീത്ത അൺകണ്ടീഷണൽ ആയിട്ട് അപ്പോളജി പറയണം എന്ന്. അതിന് അദ്ദേഹം എന്ത് കുറ്റം ചെയ്തിട്ടാണ് അൺകണ്ടീഷണൽ അപ്പോളജി പറയേണ്ടത് എന്ന് അറിയില്ല. വൈദികരെ മാറ്റിയെന്നോ ആരാണ്ട് അപ്രേം സെമിനാരിയിൽ വന്നു എന്നോ ക്നാനായ അസ്സോസിയേഷനിൽ എന്തോ കാര്യം തീരുമാനിക്കുമെന്നോ, ഭരണഘടനയ്ക്ക് വിരുദ്ധമായി ബാവായെക്കൊണ്ട് ഏതാണ്ട് കല്പന ഇറക്കി അത് അംഗീകരിക്കുന്നില്ല എന്നൊക്കെയാണ് അവർ പറയുന്നത്. ഈ കാര്യങ്ങൾ ഞങ്ങൾ അസ്സോസിയേഷനിൽ കൊണ്ടുവന്നതാണ്. അത് അസ്സോസിയേഷൻ തള്ളിക്കളഞ്ഞതുമാണ്. പിന്നെ കാരണം എന്താണെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഈ ബാലിശമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് സമുദായമെത്രാപ്പോലീത്തയുടെ രണ്ട് സ്ഥാനം എടുത്തു മാറ്റുകയും സസ്പെൻഡ് ചെയ്യുകയും ചെയ്തു. അതൊന്നും തെരഞ്ഞെടുക്കപ്പെട്ട ക്നാനായ അസ്സോസിയേഷനോ ക്നാനായ ജനങ്ങളോ അംഗീകരിക്കുകയില്ല. അങ്ങനെ അംഗീകരിച്ചിരുന്നുവെങ്കിൽ ലോകം മുഴുവൻ ഉള്ള ദൈവാലയങ്ങളിൽ സ്വീകരണങ്ങൾ ഏറ്റുവാങ്ങി അദ്ദേഹം നടക്കുകയില്ലായിരുന്നു. അതുകൊണ്ട് അങ്ങനെയുള്ള കാര്യങ്ങൾ ഒന്നും ക്നാനായ സമുദായത്തിൽ ഏശുകയില്ലായെന്ന് പറഞ്ഞുകൊള്ളട്ടെ. അതൊന്നും സമുദായത്തെ സംബന്ധിച്ച് ഒരു വിഷയവുമല്ല. സമുദായത്തെ സ്നേഹിച്ച് അതിന്റെ ഭരണഘടനയനുസരിച്ച് അതിന്റെ അസ്സോസിയേഷൻ തീരുമാനങ്ങൾ അനുസരിച്ച് സഹായമെത്രാൻമാർ മുമ്പോട്ടു പോയാൽ അവർക്ക് തീർച്ചയായിട്ടും സമുദായത്തിൽ ഒരു സ്ഥാനം ഉണ്ടായിരിക്കും. അതിനെ മറുതലിച്ചുകൊണ്ടാണ് പോകുന്നതെങ്കിൽ അതൊന്നും സമുദായം അംഗീകരിക്കുകയില്ല എന്ന് കഴിഞ്ഞ ദിവസം നടന്ന സ്ത്രീസമാജത്തിന്റെ വാർഷിക സമ്മേളനത്തിലെ ജനപങ്കാളിത്തം കണ്ടാൽ അത് മനസ്സിലാകും.

സോഷ്യൽ മീഡിയായിൽ സമുദായത്തെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ ചിലർ ചില ശ്രമങ്ങൾ നടത്തുന്നുണ്ട്. അത് കഴിഞ്ഞ ദിവസം ഷിബു പീടിയേക്കൽ എന്ന ആളിന്റെ ചാനൽ വീഡിയോയിൽ നമ്മൾ കണ്ടതാണ്. സമുദായത്തിലെ യഥാർത്ഥ കാര്യങ്ങൾ എന്താണെന്ന് ഷിബു പീടിയേക്കലുമായി ഞാനും സന്ദീപ് ഏബ്രഹാമും കൂടി നടത്തിയ ചർച്ചയിൽ കറക്ട് ആയിട്ട് വിശദീകരിച്ചതാണ്. എന്നാൽ അതിന് മറുപടി എന്ന രീതിയിൽ സഹായപക്ഷത്തെ രണ്ടുമൂന്നാളുകൾ വന്ന് സത്യത്തിന് നിരക്കാത്ത നുണകൾ ആണ് പറയുന്നത്. അതിനുദാഹരണമായി ഒന്നുരണ്ടു കാര്യങ്ങൾ നോക്കിയാൽ ക്നാനായ സമുദായ മെത്രാപ്പോലീത്തയെ തെരഞ്ഞെടുത്തതും സഹായമെത്രാനെ തെരഞ്ഞെടുത്തതും ഓരേ കവറിൽ ഇട്ട് അയച്ച നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് എന്ന് പറയുമ്പോൾ എല്ലാവർക്കും അറിയാം ശുദ്ധനുണയാണെന്ന്. സമുദായ മെത്രാപ്പോലീത്തായുടെ ഇലക്ഷൻ കഴിഞ്ഞ് 3 വർഷത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിന്റെ കാര്യമാണ് ഇങ്ങനെ കള്ളം പറയുന്നത്. അതുപോലെ ഭരണഘടന 84 1(E) പറയുന്നത് വൈദിക കൗൺസിലും, ക്നാനായ കമ്മിറ്റിയുമായി ആലോചിച്ച് ഇടവകകളിൽ വൈദികരെ നിയമിക്കുകയും നീക്കുകയും ചെയ്യുക. ഇങ്ങനെ ഒരു കാര്യം ഇല്ലെന്നാണ് അദ്ദേഹം പറയുന്നത്. എങ്ങനെയാണ് ഇങ്ങനെ പച്ചക്കള്ളം പറയുവാൻ സാധിക്കുന്നത്? ആ ചർച്ചയിൽ 2016 ന് ശേഷമാണ് സമുദായത്തിൽ വിഷയങ്ങൾ ഉണ്ടായത് എന്ന് ഇദ്ദേഹം കള്ളം പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ 2013 മുതൽ വിഷയങ്ങളുണ്ട്. 2013 ൽ ഒരു ഭരണഘടന അനധികൃതമായിട്ട് ഉണ്ടാക്കി. അത് കോടതി സ്റ്റേ ചെയ്തു. പിന്നെ അത് നടപ്പിൽ വരുത്തുവാൻ സമുദായമെത്രാപ്പോലീത്തായെ സ്വാധീനിച്ച് ഒരു കല്പനയിറക്കിച്ചു. ആ കല്പനയിൽ കൃത്യമായി പറയുന്നുണ്ട്. ഇത് അസ്സോസിയേഷനിൽ പാസ്സാക്കണമെന്നും, കോടതിയുടെ ഉത്തരവിന് വിധേയമായിട്ടേ നടത്താവൂ എന്നും. ആ കാര്യങ്ങൾ ഒന്നും ചെയ്യാതെ അദ്ദേഹം ഇപ്പോൾ പറയുന്നു 2013 ആണ് ഇപ്പോഴും നിലവിലെ ഭരണഘടന എന്നാണ്. എത്രയോ കോടതികൾ 2003 ഭരണഘടനയാണ് സമുദായത്തിന് നിലവിലെന്ന് പറയുന്നു. അതിനെയൊക്കെ മറച്ചുവെച്ചുകൊണ്ടാണ് ഇദ്ദേഹം പറയുന്നത്. സഹായ മെത്രാച്ചന്മാരെ ചർച്ചയ്ക്ക് വിളിച്ചപ്പോൾ സേവേറിയോസ് തിരുമേനി അവിടെ ഇല്ല എന്നാണ് ഇദ്ദേഹം പറയുന്നത്. ഇതെങ്ങനെയാണ് ഇങ്ങനെ നുണ പറയാൻ പറ്റുന്നത്? അതുപോലെ സക്കാപ്രഥമൻ പാത്രിയർക്കിസ് ബാവായുടെ മുമ്പിൽ മുട്ടുകുത്തി ഒപ്പിട്ടിട്ട് അദ്ദേഹം തന്നെ അത് പാസ്സാക്കാതെ തള്ളിക്കളഞ്ഞിട്ട് ഇപ്പോൾ പറയുന്നു സമുദായ പക്ഷ ആൾക്കാരാണ് പാസ്സാക്കാതെ ഇരുന്നത്. പിന്നെ എന്തിനാണ് അദ്ദേഹം സെക്രട്ടറിയായി അവിടെ ഇരുന്നത്? എല്ലാം പച്ച നുണ. എം.ഒ.യുവിൽ കൃത്യമായി പറയുന്നുണ്ട് ക്നാനായ അസ്സോസിയേഷനിൽ വെച്ച് പാസ്സാക്കണമെന്ന്. എന്നിട്ടാണ് ഈ നുണ പറയുന്നത്. പിന്നെ പറയുന്നത് പാത്രിയർക്കീസ് ബാവായുടെ പതിനഞ്ചിന നിർദ്ദേശം മുഴുവൻ ആത്മീയ കാര്യമാണെന്ന്. ഒറ്റ ആത്മീയ നിർദ്ദേശം കാണിക്കാൻ ഇദ്ദേഹത്തോട് ഞാൻ ചോദിക്കുകയാണ്. അതും നുണ മാത്രം. 2013 ൽ ഉണ്ടാക്കിയ ഇല്ലീഗൽ ഭരണഘടനയിൽ പറയുന്നു പാത്രിയർക്കീസിന് ആത്മീയ അധികാരം മാത്രമേ ഉള്ളു എന്ന്. എന്നിട്ട് പ്രിന്റ് ചെയ്ത ബുക്കിനകത്ത് എല്ലാ അധികാരവും ഉണ്ടെന്ന് പ്രിന്റു ചെയ്തു വെച്ചു. അത് ചോദിച്ച

പ്പോൾ അദ്ദേഹം പറയുകയാണ് ഭരണഘടനയുടെ അനുബന്ധത്തിൽ മാത്രമേ ഞങ്ങൾ അങ്ങനെ എഴുതിയിട്ടുള്ളു. എന്ന്. അനുബന്ധത്തിൽ എഴുതിയാൽ വാലിഡിറ്റി ഇല്ലാതെയാകുമോ? എല്ലാം നുണ മാത്രം. സമുദായ മെത്രാപ്പോലീത്തായെ സസ്പെൻഡ് ചെയ്ത കാര്യം ചാനലിൽ റീബു പറയുന്നത് പച്ച നുണയാണ്. പതിനേഴാം തീയതി സമുദായ മെത്രാപ്പോലീത്തായ്ക്ക് സസ്പെൻഷൻ എന്നു പറഞ്ഞ് ഒരു കല്പന ബാവാ ഇങ്ങോട്ടയച്ചു. പതിനേഴാം തീയതി തന്നെ സമുദായ മെത്രാപ്പോലീത്താ ക്ഷമ എഴുതി ഒരു ലെറ്റർ അങ്ങോട്ട് അയച്ചു. എന്നാൽ പതിനെട്ടാം തീയതി മറുപടി വരുന്നത് സഹായ മെത്രാനെ സമുദായ മെത്രാപ്പോലീത്തയായി നിയമിച്ചു എന്നാണ്. തന്നെയുമല്ല നിയമനം ലഭിച്ച ഉടൻതന്നെ സഹായ മെത്രാൻ രണ്ട് കല്പന അന്നുതന്നെ രാവിലെ ഇറക്കി. ചാർജ് എടുത്തതായിട്ടും, അസ്സോസിയേഷൻ മാറ്റി വെച്ചതായിട്ടും ഇതാണ് സത്യം. ഇതിനെ വളച്ചൊടിച്ച് ഉള്ള നുണ മുഴുവൻ ഇരുന്നു പറയുകയാണ്. സത്യമായ രേഖകൾ ഞങ്ങളുടെ പക്കൽ ഉണ്ട്. വൈദികരുടെ യോഗം വിളിച്ചുകൂട്ടി കോംപ്രെമൈസ് ചർച്ച ചെയ്യുന്നില്ല എന്നാണ് ആരോപണം. ഇത് എത്ര കോംപ്രമൈസ് മീറ്റിംഗ് ആയി. കാതോലിക്കായുടെ അരികിൽ നാലു പ്രാവശ്യം പോയി ഒന്നും നടന്നില്ലാ. അതിനുമുമ്പ് ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലും കൂടെ കൂടി അസ്സോസിയേഷന്റെ തീരുമാനപ്രകാരം വിളിച്ചുകൂട്ടി. സഹായകന്മാർ വന്നില്ല. ആദ്യം കോട്ടയം തീമോത്തിയോസ് തിരുമേനിയുടെ അരികിൽ മെത്രാന്മാരുമാത്രം നാലഞ്ചുവട്ടം ചർച്ച നടത്തി. ഒന്നും നടന്നില്ല. അതിനുമുമ്പ് ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലും കൂടെ സംയുക്തമായി വിളിച്ചു. അവർ വന്നു. ബാവായുടെ കല്പനയിൽ ഒരു വള്ളി മാറ്റാൻ സമ്മതിക്കില്ല എന്ന് പറഞ്ഞു തിരിച്ചുപോയി. പിന്നെ ഒരു ആരോപണം പറഞ്ഞത് മെത്രാപ്പോലീത്തന്മാരെ ചർച്ചയ്ക്ക് വിളിക്കുമ്പോൾ ലൈവ് ഓൺചെയ്തു വച്ചുകൊണ്ടാണ് വിളിക്കുന്നത് എന്ന്. ഒരിക്കൽപോലും ചർച്ചയിൽ ലൈവ് വച്ചിട്ടില്ല. ഇവരുടെ നുണപ്രചരണം അസ്സോസിയേഷൻ അംഗങ്ങൾ അറിയുന്നതിനും ആരാണ് തെറ്റുകാർ എന്ന് സമുദായ ജനം അറിയുന്നതിനുവേണ്ടിയും ചർച്ചനടക്കുന്നുണ്ടെന്ന് അറിയുന്നതിനു വേണ്ടിയുമാണ് ചർച്ച നടക്കുന്ന ഹാളിന് പുറത്ത് ലൈവ് വെയ്ക്കുന്നത്. ഹാളിൽ ലൈവ് പ്രവേശിക്കുകയില്ല. കോംപ്രമൈസ് ചർച്ചയിൽ ലൈവ് കോംപ്രമൈസ് ആരെങ്കിലും വയ്ക്കുമോ? എന്തു നുണയാണ് ഇവർ പറയുന്നത്. പിന്നെ കുറെ ലീഗൽ കാര്യങ്ങളാണ് പറയുന്നത്. അത് കോടതിയിൽ പറഞ്ഞാൽ പോരെ, ഇവിടെ ഒരു ചാനലിൽ ലീഗൽ കാര്യങ്ങൾ പറഞ്ഞാൽ അതിന് എന്തെങ്കിലും വാലിഡിറ്റി ഉണ്ടോ? ജനങ്ങളെ കൺഫ്യൂസ് ചെയ്യുക എന്നുള്ള ഉദ്ദേശം മാത്രമേ ഇവർക്കുള്ളു. ചുരുക്കിപ്പറഞ്ഞാൽ പബ്ലിക്കിന്റെ മുമ്പിൽ ക്നാനായ സമുദായത്തിനെ ഇകഴ്ത്തി കാണിക്കുകയാണ് ഇവരുടെ പ്രധാന ജോലി. അതിന് മറുപടി ലഭിച്ചത് മുഴുവൻ നുണയാണെന്നാണ് ഇവിടെ പറയുവാൻ ആഗ്രഹിക്കുന്നത്. ഒരു കാര്യം മാത്രം പറയുന്നു, സമുദായത്തിൽ ഇപ്പോൾ യാതൊരു വിഷയവുമില്ല. വിഷയമുള്ളവർ അവർക്ക് എന്താണ് ആവശ്യമെന്ന് എഴുതി ഇങ്ങോട്ട് തരട്ടെ. ഞങ്ങൾ അത് അസ്സോസിയേഷനു കൊടുത്ത് അതിനു മറുപടി കൊടുക്കാം. പിന്നെ കോംപ്രമൈസിന് ഭരണഘടന പ്രകാരം ചർച്ച ചെയ്യുന്നതിന് എപ്പോഴും ഞങ്ങൾ തയ്യാറാണ്. എപ്പോഴും സഹായ പക്ഷത്തെ മെത്രാന്മാർ പറയുന്നത് സമുദായമെത്രാപ്പോലീത്ത അൺകണ്ടീഷണൽ അപ്പോളജി പറഞ്ഞതിനുശേഷം മാത്രമേ ചർച്ച ഉള്ളു എന്നാണ്. എന്നാൽ ക്നാനായ കമ്മിറ്റി പറയുന്നു, സമുദായ മെത്രാപ്പോലീത്തായുടെ മേൽ എടുത്തിട്ടുള്ള നടപടികൾ അൺകണ്ടീഷണലായി മാറ്റിയതിനുശേഷം മാത്രമേ ഞങ്ങളും ചർച്ചയ്ക്കുള്ളു. എപ്പോഴും ചർച്ചയ്ക്ക് ക്നാനായ കമ്മിറ്റിയുടെ വാതിൽ തുറന്നിട്ടിരിക്കുകയാണ്. ക്നാനായ സമുദായ മെത്രാപ്പോലീത്തയുടെയോ ക്നാനായ സമുദായ അസ്സോസിയേഷന്റെയോ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയുടെയോ അംഗീകാരം ഇല്ലാതെയും ക്നാനായ സമുദായ ഭരണഘടനക്കു വിരുദ്ധമായും സഹായപക്ഷം നടത്തിയ വിഘടിതയോഗത്തിന് ആശംസ അർപ്പിക്കുവാൻ പാത്രിയർക്കീസ് ബാവ പ്രതിനിധിയെ അയച്ചതിനോട് ക്നാനായ സമുദായം ഒരിക്കലും യോജിക്കുന്നില്ല. സമുദായത്തെ വിഘടിപ്പിക്കുവാൻ മാത്രമേ ആ യോഗം ഉപകരിച്ചുള്ളു എന്ന് പറയാതിരിക്കുവാൻ നിവർത്തിയില്ല.

നിലമ്പൂർ, വടപുറം സെന്റ് ജോൺസ് ദൈവാലയത്തിന് പാഴ്സനേജ് പണിയുന്നതിനുവേണ്ടി സമുദായംവക സ്ഥലത്ത് സമുദായ മെത്രാപ്പോലീത്താ അടിസ്ഥാന ശിലാസ്ഥാപന കർമ്മം നടത്തി. ഇടവക വികാരി സന്തോഷച്ചൻ. സമുദായ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, സമുദായ സെക്രട്ടറി, ട്രസ്റ്റി, വടപുറം പള്ളി ഭാരവാഹികൾ, മറ്റ് സഹോദര ക്രൈസ്തവ സഭകളിലെ വൈദിക ശ്രേഷ്ഠർ, സമുദായ, ഇടവക അംഗങ്ങൾ എന്നിവർ വടപുറം ക്ലീമീസ് എയിഡഡ് സ്കൂൾ സന്ദർശിച്ചു. ക്നാനായ സമുദായം വകയായിട്ടുള്ള കുലശേഖരത്തുള്ള എഡേസാ തോട്ടത്തിലെ റി പ്ലാന്റേഷൻ ജോലികളുടെ പുരോഗതി മനസ്സിലാക്കുന്നതിനു വേണ്ടി സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, എം.കെ ജേക്കബ് മുണ്ടോട്ടയ്ക്കൽ, ക്നാനായ കമ്മിറ്റി അംഗങ്ങളായ സാബു കണ്ണാട്ടിപുഴ, ലിനു വരാത്ര എന്നിവർ എഡേസാ തോട്ടം സന്ദർശിച്ചു. തിരുവനന്തപുരം പാറ്റൂർ സെന്റ് ഇഗ്നാത്തിയോസ് ക്നാനായ പള്ളിയുടെ നാഴികക്കല്ലുകൾ രേഖപ്പെടുത്തിയ ഫലകത്തിന്റെ അനാഛാദനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു. മുൻ ഡി.ജി.പി. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, വികാരി ഫാ. ചിക്കു കാരിമറ്റം, ഫാ. സാജൻ അലക്സ് ചക്കാലയിൽ, ഫാ. ക്രിസ്റ്റോ സി. കുര്യൻ ചക്കിട്ടപറമ്പിൽ, മനീഷ് കണ്ണന്താനം, എം.കെ. ഏബ്രഹാം മോനാതോട്ടത്തിൽ, മനോജ് കുര്യൻ പാലക്കുടിയിൽ, കെ.റ്റി. ഏബ്രഹാം കൊല്ലംപറമ്പിൽ എന്നിവർ പ്രസംഗിച്ചു. 2025 ഡിസംബർ 26–ാം തീയതി രണ്ടാമത് ക്നായി തൊമ്മൻ സെവൻസ് ഫുട്ബോൾ മാച്ച് നടക്കുകയാണ്. എല്ലാ ദൈവാലയങ്ങളിൽ നിന്നും അതിനുള്ള ടീമുകൾ പേരു രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ക്നാനായ സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും ദൈവാനുഗ്രഹത്തോടുകൂടിയ ക്രിസ്തുമസിന്റെയും, പുതുവർഷത്തിന്റെയും എല്ലാ ആശംസകളും നേരുന്നു. ഐശ്വര്യപൂർണ്ണമായ ഒരു പുതുവർഷം ആശംസിക്കുന്നു. കഴിഞ്ഞ ഒരു വർഷം നമ്മെ കാത്തുപരിപാലിച്ച ദൈവത്തോട് നന്ദി പറഞ്ഞുകൊണ്ടും, പുതുവർഷത്തിൽ ദൈവാനുഗ്രഹം സമുദായത്തിൽ ഉണ്ടാകുവാൻ പ്രാർത്ഥിച്ചുകൊണ്ടും നിർത്തുന്നു.

സമുദായ സെക്രട്ടറി

റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ.

# ക്രിസ്തുവിന്റെ ജനനവും വിശ്വാസജീവിതത്തിലെ ആത്മീയ പ്രതികരണങ്ങളും

ഫാ. മോനായി കെ.ഫിലിപ്പ്, കർക്കടകംപള്ളിൽ

ക്രിസ്തുവിന്റെ ജനനം ലോകചരിത്രത്തിലെ ഏറ്റവും വൈശിഷ്ട്യമുള്ള സംഭവങ്ങളിലൊന്നാണ്. വി. മത്തായി 1:18 –25. 2:1–12 ലും വി. ലൂക്കോസ് 1:26–38; 2:1–20 ലും രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ജനനവിവരണങ്ങൾ, മനുഷ്യരോടുള്ള ദൈവത്തിന്റെ, സ്നേഹത്തിന്റെ, കരുണയുടെ. വിശ്വാസത്തിന്റെ ആഴം എന്നിവ വെളിപ്പെടുത്തുന്നു. വിശ്വാസികൾക്ക് ഈ സംഭവത്തിന്റെ പ്രാധാന്യം ചരിത്രപരമോ സിദ്ധാന്തപരമോ മാത്രമല്ല; അതു ആത്മീയവും വ്യക്തിപരവും പരിവർത്തനാത്മകവുമാണ്. സുവിശേഷങ്ങളിലെ യേശുക്രിസ്തുവിന്റെ ജനനവിവരണങ്ങളുടെ വെളിച്ചത്തിൽ വിശ്വാസിക്ക് ഉണ്ടാകേണ്ട ആത്മീയ പ്രതികരണങ്ങളെയാണ് ഈ ലേഖനത്തിൽ അന്വേഷിക്കുന്നത്.

## 1. സുവിശേഷങ്ങളിലെ യേശുവിന്റെ ജനനവിവരണങ്ങൾ: ഒരു അവലോകനം

യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള വിവരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന രണ്ടു സുവിശേഷങ്ങളിലും, സുവിശേഷകർ യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള വ്യത്യസ്ത സമീപനങ്ങളിൽ, എന്നാൽ പരസ്പരപൂരകമായ രീതിയിൽ, അവരുടെ ദൈവശാസ്ത്രവും ചരിത്രാന്വേഷണവുമെല്ലാം പ്രതിഫലിപ്പിക്കുന്ന രീതിയിൽ വിവരിച്ചിരിക്കുന്നു.

വി. മത്തായി യേശുവിന്റെ രാജത്വവും പ്രവചനപൂർത്തീകരണവും സർവ്വജനതകൾക്കുമിടയിലെ മഹത്വവുമാണ് ഉന്നയിക്കുന്നത്. യേശുവിനെ, യഹൂദന്മാർ പ്രതീക്ഷിച്ചിരുന്ന, മ്ശിഹായും ദാവീദ് സന്തതിയിൽ നിന്നുള്ള രാജാവുമായാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്.

യേശുവിന്റെ ജനനത്തെ ലൂക്കോസ് ചിത്രീകരിക്കുന്നത്, ദൈവം മനുഷ്യരോട് എത്ര അടുപ്പമുള്ളവനാണെന്ന് ഊന്നിപ്പറയുന്ന രീതിയിലാണ്. യേശുവിനെ സർവ്വജനങ്ങൾക്കുമുള്ള രക്ഷകനും, സമാധാനവും സന്തോഷവും ദൈവകൃപയും നൽകുന്നവനും എന്ന നിലയിൽ ഇവിടെ അവതരിപ്പിക്കുന്നു.

## 2. വിശ്വാസിയുടെ ജീവിതത്തെ പുതുക്കുന്ന ദൈവശാസ്ത്ര– ആത്മീയ സത്യങ്ങൾ

### 1. മനുഷ്യരിലേക്കു ഇറങ്ങി വന്ന ദൈവം

വി. ലൂക്കോസ് 2:10–11 ൽ ദൂതൻ ആട്ടിടയരോട് പ്രഖ്യാപിച്ച വാക്കുകൾ ''ഇന്ന് ദാവീദിന്റെ നഗരത്തിൽ നിങ്ങൾക്കൊരു രക്ഷകൻ ജനിച്ചിരിക്കുന്നു; അവൻ ക്രിസ്തു എന്ന കർത്താവാണ്. ഇത് ക്രിസ്തീയ വിശ്വാസത്തിന്റെ മഹത്തായ ശ്രേഷ്ഠതയെ തന്നെ വെളിപ്പെടുത്തുന്നു. ദൈവം ദൂരെ നിന്നു മനുഷ്യജീവിതം നിരീക്ഷിക്കുന്ന ഒരു അകലെയുള്ള സാക്ഷിയല്ല; മനുഷ്യരിലേക്ക് ഇറങ്ങി വന്ന് കൂടെ നടക്കുന്നതും കരുതലോടെ സഹായിക്കുന്നതുമായ ഒരു ദൈവമാണ്. ജീവിതത്തിന്റെ ഏതു വഴിത്തിരിവിലും ദൈവം ഒറ്റയ്ക്ക് വിടാതെ നമ്മോടൊപ്പം നടക്കുന്നു എന്നതാണ് ജനനവിവരണങ്ങൾ നൽകുന്ന ആത്മീയ പ്രത്യാശ. അതിനാൽ നമ്മോടൊപ്പം ആയിരിക്കുന്ന ദൈവസാന്നിധ്യത്തെ സ്വീകരിച്ചാൽ, ജീവിതയാത്ര നമ്മെ തളർത്തുന്നില്ല; എന്ന ബോധ്യം വിശ്വാസ ജീവിതത്തിൽ നമ്മെ കൂടുതൽ ശക്തരാക്കണം.



### 2. വിനയത്തിൽ തെളിഞ്ഞ ദൈവമഹത്വം

യേശു ജനിച്ചത് രാജഭവനങ്ങളുടെ ആഡംബരത്തിലല്ല; ഒരു ഗോശാലയിലാണ് (ലൂക്കോ.2:7). ലോകം മഹത്വം പ്രതീക്ഷിക്കുന്ന രാജസിംഹാസനങ്ങളിലും അധികാരവേദികളിലും അല്ല, സാധാരണക്കാരുടെ ഇടയിൽ, ദൈവം മഹത്വം വെളിപ്പെടുത്തി. വിദൂരദേശങ്ങളിൽനിന്നുള്ള വിദ്വാന്മാർ വന്ന് ശിശുവിനെ ആരാധിച്ച സംഭവവും (മത്താ.21:1–12) അതേ സത്യം ഉറപ്പാക്കുന്നു. ദൈവത്തിന്റെ മഹത്വം ലോകം തിരയുന്ന സ്ഥാനങ്ങളിൽ അല്ല, ദൈവം തിരഞ്ഞെടുത്ത വിനയ സ്ഥാനങ്ങളിൽ ആണ് പ്രകാശിക്കുന്നത്. ലോകത്തിന്റെ കണ്ണിൽ പരിഹാസ്യമായിരിക്കാൻപോലും സാധ്യതയുള്ള സാഹചര്യ മധ്യേ ദൈവത്തിന്റെ മഹത്വം തെളിയാം. ഈ സുവിശേഷ സത്യങ്ങൾ വിശ്വാസിയെ ഒരു നിത്യ ഉറപ്പിലേക്ക് നയിക്കുന്നു, ജീവിതം എന്ത് വഴിത്തിരിവിലൂടെ പോയാലും, ദൈവം നമ്മുടെ ജീവിതത്തിൽ മഹത്വം വെളിപ്പെടുത്തുന്നവനാണ്.

## 3. ജനനവിവരണങ്ങളിൽ അടങ്ങിയിരിക്കുന്ന രക്ഷാസന്ദേശം

വി. മത്തായി 1:21–ൽ ദൈവം യോസഫിനോട് പ്രഖ്യാപിക്കുന്നു: ''അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും.'' യേശുവിന്റെ ജനനം ഒരു ചരിത്ര സംഭവമോ ഒരു ആഘോഷമോ മാത്രമല്ല; മനുഷ്യരാശിയുടെ രക്ഷാപദ്ധതി പ്രവർത്തനത്തിലാക്കുന്ന ദൈവത്തിന്റെ

**യേശുവിന്റെ ജനനം ആഘോഷിക്കപ്പെടേണ്ട ഒരു പൈതൃകം മാത്രമല്ല, ഉള്ളിൽ അനുഭവിക്കപ്പെടേണ്ട ഒരു ആത്മീയ യാഥാർത്ഥ്യവുമാണ്. ക്രിസ്തു ഹൃദയത്തിൽ പിറക്കുമ്പോൾ മാത്രമേ നിരാശയിൽ പ്രത്യാശയുടെയും ഇരുട്ടിൽ വെളിച്ചത്തിലേക്കുള്ള വഴിയുടെയും അനുഭവം യഥാർത്ഥമാവുകയുള്ളു.**

മഹത്വദിവസമാണ്. മനുഷ്യപാപത്തിന്റെ ഇരുളിനെ തകർത്തു കൊണ്ട് ദൈവവെളിച്ചം ലോകത്തിലേക്ക് കടന്നുവന്ന നിമിഷമാണ് ക്രിസ്തുവിന്റെ ജനനം. ദൈവത്തിന്റെ രക്ഷാപ്രവർത്തനങ്ങൾ ഒരിക്കൽ നടന്നതും അവസാനിച്ചതുമല്ല; ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിനെ തിരിച്ചറിയാനും അതിലേക്ക് എത്തിച്ചേരാനും വിശ്വാസികൾക്ക് ഉത്തരവാദിത്വമുണ്ട്.

### 4. വിശ്വാസത്തിനും അഭയത്തിനും പുതിയ ദിശ

വി. ലൂക്കോസ് 1:46–55 ലെ മറിയത്തിന്റെ 'മഹത്വഗാനം' ഒരു ദൈവശാസ്ത്ര വജ്രംപോലെയാണ്. അതിൽ വെളിപ്പെടുന്ന സത്യങ്ങൾ ദൈവത്തിന്റെ രക്ഷാത്മക സ്വഭാവത്തെയും മനുഷ്യചരിത്രത്തിൽ ദൈവം ഇടപെടുന്ന രീതിയെയും ആഴത്തിൽ വ്യക്തമാക്കുന്നു. അതുപോലെ, മനുഷ്യനിർമ്മിത സമ്പ്രദായങ്ങളും അഹങ്കാരവും സ്വയമഹത്വവുമെല്ലാം ദൈവനീതിയുടെ മുന്നിൽ തകർന്നുവീഴുന്നു. ഈ സന്ദേശം വെറും ആത്മീയ ആശ്വാസമല്ല; യേശുവിന്റെ ജനനവിവരണത്തിലെ അതിജീവനത്തിന്റെ സുവിശേഷം കൂടിയാണ്. ജീവിതത്തിൽ അനുഭവിക്കുന്ന സംഘർഷവും കഠിനതകളും നിരാശകളും അവസാന വാക്കല്ലെന്ന് ഇത് പ്രഖ്യാപിക്കുന്നു. ദൈവം ഇടപെടുമ്പോൾ അവയെല്ലാം മാറ്റപ്പെടുന്നു.

### 5. ജീവൻ തെളിയിക്കുന്ന പ്രത്യാശയുടെ പുനരുത്ഥാനം

വി. മത്തായി 2:9–10 ൽ നക്ഷത്രം ജ്ഞാനിമാരെ യേശുവിന്റെ സാന്നിധ്യത്തിലേക്ക് നയിച്ചു. നക്ഷത്രം ഒരു ആകാശമണ്ഡല ചിഹ്നമല്ല; അത് ദൈവത്തിന്റെ മാർഗ്ഗദർശനത്തിന്റെ ശാശ്വത പ്രതീകമാണ്. ലോകത്തിന് പ്രത്യാശയും പ്രഭയും നൽകിയ ദൈവത്തിന്റെ ഇടപെടലാണ് യേശുവിന്റെ ജനനം. ഇത് ചരിത്രത്തിൽ ഒരിക്കൽ നടന്ന ഒരു സംഭവമെന്ന നിലയ്ക്ക് മാത്രം നോക്കുമ്പോൾ അതിന്റെ ശക്തി നഷ്ടപ്പെടും; ക്രിസ്തു നമ്മുടെ ഉള്ളിൽ ജനിക്കുന്ന നിമിഷത്തിലാണ് നിരാശയിൽ പ്രത്യാശ ഉയരുന്നത്, വീണുപോയ ജീവിതങ്ങൾക്ക് പുതിയ തുടക്കം ലഭിക്കുന്നത്, ഇരുട്ടിനിടയിൽ പ്രകാശത്തിന്റെ വഴി തെളിയുന്നത്.

### 3. ക്രിസ്തുവിന്റെ ജനനം: വിശ്വാസിക്കുള്ള സന്ദേശവും പ്രസക്തിയും

ക്രിസ്തുവിന്റെ ജനനം: വിശ്വാസിയുടെ ജീവിതത്തിലേക്ക് ദൈവസന്നിധിയുടെ വെളിച്ചവും കരുണയും പ്രത്യാശയും രക്ഷയും കൊണ്ടുവരുന്ന ദൈവിക ഇടപെടലാണ്. ഈ ജനനത്തിന്റെ സന്ദേശം നമ്മെ ഓർമ്മിപ്പിക്കുന്നത്, വിശ്വാസയാത്രയിൽ ദൈവം നമ്മോടൊപ്പം നടക്കുന്നു എന്ന മഹത്തായ സത്യമാണ്. യേശുവിന്റെ ജനനം ഒരു പുരാതന ചരിത്രസംഭവമെന്ന നിലയിൽ മാത്രം മനസ്സിലാക്കിയാൽ അതിന്റെ ആത്മീയത നഷ്ടപ്പെടും; യഥാർത്ഥത്തിൽ അത് ഒരു പുതിയ ജീവിതത്തിന്റെ ആരംഭവും പുതുക്കപ്പെട്ട വിശ്വാസത്തിന്റെ ഉദയവുമാണ്. മനുഷ്യന്റെ തകർച്ചകളുടെയും പരാജയങ്ങളുടെയും നടുവിൽ ദൈവം ഇടപെട്ട് മനുഷ്യഹൃദയത്തെ പുതുതായി ഉയിർത്തെഴുന്നേൽപ്പിക്കുമെന്ന് ജനനവിവരണം പ്രഖ്യാപിക്കുന്നു.

യേശുവിന്റെ ജനനവിവരണങ്ങൾ ക്രിസ്തീയ വിശ്വാസത്തിന് നൽകുന്ന മുഖ്യപ്രസക്തി, വിശ്വാസിയെ ജീവിത മൂല്യങ്ങളിലേക്കും ആത്മീയ പുരോഗതിയിലേക്കും നയിക്കുന്നതിലാണ്. അനിശ്ചിതത്വങ്ങളുടെ ഇടയിലും ദൈവത്തിന്റെ പദ്ധതിയിൽ പൂർണ്ണമായി വിശ്വസിച്ച് ഉറച്ചുനിൽക്കാനുള്ള ശേഷി വളർത്തുകയാണ് ജനനവിവരണങ്ങളുടെ ആദ്യപാഠം. ദൈവസ്നേഹം നമ്മുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും തീരുമാനങ്ങൾക്കും അടിത്തറയാകണം എന്ന തിരിച്ചറിവാണ് രണ്ടാമത്തേത്. സാധാരണബുദ്ധിക്കും ലോകപരമായ കണക്കുകൂട്ടലുകൾക്കും അസാദ്ധ്യമായി തോന്നുന്ന സാഹചര്യങ്ങളിലും ക്രിസ്തുവിലുള്ള പ്രത്യാശയെ പിടിച്ചുപറ്റി മുന്നോട്ട് പോകാൻ പ്രചോദനം നൽകുന്നതും ഈ ജനന സന്ദേശമാണ്. കൂടാതെ, ജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രിസ്തുവിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ്, അവനെ ജീവിതത്തിന്റെ കേന്ദ്രത്തിൽ സ്ഥാപിക്കുക എന്ന ആഹ്വാനവും ജനനവിവരണം ഉയർത്തിപ്പിടിക്കുന്നു.

യേശുവിന്റെ ജനനം ആഘോഷിക്കപ്പെടേണ്ട ഒരു പൈതൃകം മാത്രമല്ല, ഉള്ളിൽ അനുഭവിക്കപ്പെടേണ്ട ഒരു ആത്മീയ യാഥാർത്ഥ്യവുമാണ്. ക്രിസ്തു ഹൃദയത്തിൽ പിറക്കുമ്പോൾ മാത്രമേ നിരാശയിൽ പ്രത്യാശയുടെയും ഇരുട്ടിൽ വെളിച്ചത്തിലേക്കുള്ള വഴിയുടെയും അനുഭവം യഥാർത്ഥമാവുകയുള്ളു. അതിനാൽ, ക്രിസ്തുമസ് ദിനങ്ങൾ ഒരു തവണയുടെ ആഘോഷമാക്കി മാറ്റാതെ, ദിനവും ക്രിസ്തുവിന്റെ ജനനം നമ്മുടെ ജീവിതത്തിനുള്ളിൽ പുതുതായി സംഭവിക്കുന്ന അനുഭവമായി മാറുന്നതിന് ശ്രമിക്കണം. അപ്പോൾ നമ്മുടെ വിശ്വാസജീവിതം പുതുക്കപ്പെടുകയും മറ്റുള്ളവർക്കും ദൈവത്തിന്റെ വെളിച്ചം സമ്മാനിക്കുന്ന ഒരു സാക്ഷിജീവിതമാകുകയും ചെയ്യും.

### 4. ഉപസംഹാരം

ക്രിസ്തുവിന്റെ ജനനം ഒരേസമയം ചരിത്രപരവും പ്രവചനപരവുമാണ്. അത് തലമുറകളുടേയും സംസ്കാരങ്ങളുടെയും അതിരുകൾ കടന്ന്, യേശുവിന്റെ ജനനം മനുഷ്യരാശിക്കുള്ള ദൈവത്തിന്റെ ശാശ്വതാനുഗ്രഹം ആയി നിലനിൽക്കുന്നു. ക്രിസ്തുവിന്റെ ജനനം ഒരു ആഘോഷത്തിന്റെ ഓർമ്മപ്പെടുത്തൽ മാത്രമല്ല; ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും പ്രവർത്തിക്കപ്പെടേണ്ട ആത്മീയ സത്യമാണ്. ക്രിസ്തുവിന്റെ ജനനത്തെ ഓർത്തെടുക്കുമ്പോൾ കണ്ണുകളിൽ പ്രത്യാശയും, ഹൃദയത്തിൽ സ്നേഹവും, ജീവിതത്തിൽ ആത്മീയസ്ഥിരതയും പിറക്കണം. ക്രിസ്തുവിന്റെ ജനനം വെറും ചരിത്രത്തിൽ സംഭവിച്ചൊരു സംഭവമല്ല. നമ്മുടെ ജീവിതം പ്രകാശിപ്പിക്കുന്ന ദൈവത്തിന്റെ നിത്യപ്രകാശമായി ഇന്നും ജീവിക്കുന്നു.


Mindu
The Migration Agent
AUSTRALIA
MINDU
THE MIGRATION AGENT
OUR SERVICES
ALL KIND OF VISA APPLICATIONS
GENERAL SKILL MIGRATIONS/ SKILL ASSESSMENT
UNIVERSITY ADMISSIONS/ STUDENT VISA
OSCE TRAINING
AHPRA REGISTRATION
CONTACT US
AUSTRALIA: +61 87333 3322 1300 080 322
UAE: +97142657849
KERALA: +919995398752 +919995391452
www.themaraagent.com
REGISTERED MIGRATION CONSULTANT MARN 2318137

Advt -O

## വടപുറം സെന്റ് ജോൺസ് ദേവാലയ പാഴ്സനേജ് ഫൗണ്ടേഷൻ സ്റ്റോൺ



വടപുറം സെന്റ് ജോൺസ് ദൈവാലയത്തിനു വേണ്ടി പാഴ്സനേജ് നിർമ്മിക്കുന്നതിനുള്ള ഫൗണ്ടേഷൻ സ്റ്റോൺ ക്നാനായ സമുദായ വലിയ മെത്രാപ്പോലിത്താ കുറിയാക്കോസ് മോർ സേവേറിയോസ് സ്ഥാപിക്കുന്നു. സമുദായ നേതൃത്വം, വികാരി, പള്ളി ഭാരവാഹികൾ, ഇതര ക്രൈസ്തവ സഭാ വൈദികർ എന്നിവർ സമീപം

## ക്നാനായ ദിന മഹാസമ്മേളനം പതാക ഏറ്റുവാങ്ങുന്നു



2026 ജനുവരി പതിനെട്ടാം തീയതി നടക്കുന്ന ക്നാനായ ദിന മഹാ സമ്മേളനത്തിലേക്ക് മലബാറിൽ വടപുറം സെന്റ് ജോൺസ് ദൈവാലത്തിൽ നടന്ന ചടങ്ങിൽ വടപുറം, മുട്ടിക്കടവ്, ചുള്ളിയോട് എന്നീ ദൈവാലയങ്ങളിലെ അസ്സോസിയേഷൻ അംഗങ്ങളും പള്ളി ഭാരവാഹികളും സമുദായ വലിയ മെത്രാപോലിത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ ഭാരവാഹികൾ എന്നിവരിൽ നിന്നും പതാക ഏറ്റുവാങ്ങുന്നു




Advt -O

## ക്നാനായ കൺവൻഷൻ ഫണ്ട് ഉദ്ഘാടനം



ക്നാനായ കൺവൻഷൻ ഫണ്ട് ഉദ്ഘാടനം സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സുവിശേഷ സമാജം ജനറൽ സെക്രട്ടറി ജിജി എബ്രഹാം കറുകേലിൽ-ന് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു. ക്നാനായ കൺവൻഷൻ ജനറൽ കൺവീനർ ജോസഫ് അമ്പലപ്പാട്ട്, കെ.യു. ഉതുപ്പാൻ മൂഴിപ്പാറ, സുവിശേഷ സമാജം ചിങ്ങവനം മേഖല വൈസ് പ്രസിഡണ്ട് ഫാ.ചിക്കു ബേബി കാരിമറ്റത്തിൽ, സുവിശേഷ സമാജം ജോയിന്റ് സെക്രട്ടറി തങ്കച്ചൻ ഇടയാടിച്ചിറ, ട്രസ്റ്റി സജി മുണ്ടക്കൽ, ചിങ്ങവനം മേഖല സെക്രട്ടറി ബാബു ഇല്ലത്തുപറമ്പിൽ എന്നിവർ സമീപം.

## എഡേസ്സാ തോട്ടത്തിലെ റീപ്ലാന്റേഷൻ ജോലികൾ



ക്നാനായ സമുദായം വകയായിട്ടുള്ള കുലശേഖരത്തുള്ള എഡേസ്സാ തോട്ടത്തിലെ  റീപ്ലാന്റേഷൻ ജോലികളുടെ പുരോഗതി മനസിലാക്കുന്നതിന് വേണ്ടി സമുദായ സെക്രട്ടറി റ്റി. ഒ. എബ്രഹാം തോട്ടത്തിൽ. എം. കെ. ജേക്കബ് മുണ്ടോട്ടയ്ക്കൽ, ക്നാനായ കമ്മറ്റി അംഗങ്ങളായ സാബു കണ്ണാട്ടിപ്പുഴ, ലിനു വരാത്ര എന്നിവർ

## വാകത്താനം സെന്റ് സൈമൺസ് ക്നാനായ പള്ളി പാലിയേറ്റീവ് കെയർ ഉദ്ഘാടനം




## ക്നാനായ സമുദായ ദിനം 2026 – സ്വാഗതസംഘം രൂപീകരണ യോഗം







തിരുവനന്തപുരം പാറ്റൂർ സെന്റ് ഇഗ്നാത്തിയോസ് ക്നാനായ പള്ളിയുടെ ഒരു വർഷം നീണ്ടുനിന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം 16/11/2025 ഞായറാഴ്ച ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉത്ഘാടനം ചെയ്യുന്നു. കേരളത്തിന്റെ മുൻ ഡി ജി പി അലക്സാണ്ടർ ജേക്കബ് IPS, വികാരി ഫാ. ചിക്കു ബേബി കാരിമറ്റത്തിൽ, ഫാ. സാജൻ അലക്സ് ചക്കാലയിൽ, ഫാ. ക്രിസ്റ്റോ കുര്യൻ ചക്കിട്ടപറമ്പിൽ, സമുദായ സെക്രട്ടറി ടി. ഒ. എബ്രഹാം തോട്ടത്തിൽ, സമുദായ ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ, ഇടവക ട്രസ്റ്റി എം. കെ. ഏബ്രഹാം മേനാതോട്ടത്തിൽ, ഇടവക സെക്രട്ടറി മനോജ് കുര്യൻ പാലക്കുടി, ക്നാനായ മാനേജിംഗ് കമ്മറ്റി അംഗങ്ങളായ ലിനു വരാത്ര, സാബു കണ്ണാട്ടിപ്പുഴ, ശുശ്രൂഷകൻ ബിനു ചെറിയാൻ കോട്ടൂർ എന്നിവർ സമീപം.

Advt -O

## *Congratulations*



Advt -G

## Dr. Noble Biju

കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിന്നും MD കരസ്ഥമാക്കിയ Dr. Noble Biju. തുരുത്തിക്കാട് സെന്റ് ജോൺസ് ക്നാനായ സിറിയൻ പള്ളി ഇടവകയിൽ ഇളപ്പുങ്കൽ ബിജുവിന്റെയും ലീലാമ്മയുടെയും (കുവൈറ്റ്) മകനാണ്.

## *Sunday School Graduation Programme @ St. Mary's Knanaya Church, Delhi*



**ഡൽഹി സെന്റ് മേരീസ് ക്നാനായ പള്ളിയിൽ നടന്ന പൂർവ്വ അദ്ധ്യാപക സംഗമം & സൺഡേസ്കൂൾ ഗ്രാജുവേഷൻ പ്രോഗ്രാം.**



സുനിൽ ഡി. കുരുവിള

# ജീവിക്കാൻ പഠിക്കാം, സമൃദ്ധമായി!

**"Living in the moment means fully engaging with the present, free from distractions of the past or worries about the future. It allows you to experience life as it unfolds, bringing clarity, peace, and joy."**

"ഈ നിമിഷത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും അത് ആസ്വദിക്കാനും കഴിയുന്നത് നിങ്ങളുടെ മാനസിക നിലവാരത്തിന്റെ ഗുണമേന്മയാണ് സൂചിപ്പിക്കുന്നത്." Insight Mission

മാനസിക പിരിമുറുക്കവും ആകുലതയും ചെറിയതോതിലൊക്കെ സ്വാഭാവികമാണ്. It is normal. ഒരു പരിധിവരെ അത് നമ്മളെ കൂടുതൽ തയ്യാറെടുക്കാനും ആസൂത്രണം ചെയ്യാനും ഒക്കെ പ്രേരിപ്പിക്കും. ചിലപ്പോൾ അത് വലിയ ലക്ഷ്യങ്ങൾ നേടാൻ സഹായവും ആയേക്കാം. എന്നാൽ അത് അതിരുകടക്കാതെ നോക്കണം.

ഇന്നലയെക്കുറിച്ചുള്ള ചിന്തകളും നാളെയെക്കുറിച്ചുള്ള ആകുലതകളും പലപ്പോഴും കവർന്നെടുക്കുന്നത് വർത്തമാന കാലത്തിന്റെ (ഇന്നിന്റെ) സ്വസ്ഥതയും കൊച്ചു സന്തോഷങ്ങളുമാണ്.

മാറ്റിവെക്കുന്ന ശീലം ഇവിടെ വലിയ ഒരു വില്ലൻ ആണ്. ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും മുന്നേ ചെയ്തു തീർത്തു ശീലിക്കണം. 'Do it yesterday policy' ഇതാണ് ആധുനിക ജീവിതത്തിൽ പുലർത്താവുന്ന ശീലം. ഇന്ന് ചെയ്യേണ്ടത് ഇന്നലെ തന്നെ കഴിയുമെങ്കിൽ ചെയ്തു തീർക്കുക. ഇത് അനാവശ്യ tension ഉം anxiety യും ഒഴിവാക്കാൻ സഹായിക്കും.

വ്യക്തിത്വ വികസനം ചെറുപ്പം മുതലേ ഒരു ജീവിത പ്രക്രിയയാകണം.

ഉയർന്ന ആത്മവിശ്വാസം, ആശയവിനിമയ പാടവം, ആൾക്കാരുമായി ഇടപെടാനുള്ള കഴിവ്, തീരുമാനശേഷി, പ്രശ്നപരിഹാരശേഷി ഒക്കെ നിരന്തരമായി ഉയർത്തി കൊണ്ടുവരണം.

അവനവനെ ഇഷ്ടപ്പെടാനും ബഹുമാനിക്കാനും ശീലിക്കണം (self love). ആത്മാഭിമാനം ഉയരുമ്പോൾ ജീവിതത്തിന്റെ താളവും മെച്ചപ്പെടും!

നമ്മുടെ ജീവിതത്തെ ഇഷ്ടപ്പെടാനും അതിൽ അഭിമാനം കണ്ടെത്താനും കഴിയണം. ദൈവം ഓരോരുത്തർക്കും ജീവിതത്തിൽ ഓരോ റോൾ തരും. അത് ഭംഗിയായി അവതരിപ്പിക്കാനുള്ള താഴ്മയും വിനയവും നന്ദിയും അഭിമാനവും കണ്ടെത്താൻ കഴിയുന്നത് വലിയ ജ്ഞാനമാണ്... ആത്മീയതയാണ്! ചെയ്യുന്ന തൊഴിൽ ഇഷ്ടത്തോടെ ചെയ്യണം. മദർ തെരേസ ഒരിക്കൽ ഓർമ്മിപ്പിച്ചതുപോലെ, "എല്ലാവർക്കും വലിയ കാര്യങ്ങൾ ചെയ്യാൻ അവസരം കിട്ടണം എന്നില്ല. എന്നാൽ എല്ലാവർക്കും ചെറിയ കാര്യങ്ങളെ വലിയ ഇഷ്ടത്തോടെയും സ്നേഹത്തോടെയും ചെയ്യാൻ കഴിയും." അവിടെയാണ് ജീവിതത്തിന്റെ മഹത്വം! ഇത് തന്നെയാണ് നമ്മുടെ കുടുംബ ബന്ധങ്ങളിലും വ്യക്തിബന്ധങ്ങളിലും ഒക്കെ പാലിക്കേണ്ട മര്യാദ. വിലയുള്ളവരായും അർത്ഥമുള്ളവരായും കാണാനും സ്നേഹിക്കാനും ശീലിക്കണം. ആരെയും നിസ്സാരമായോ വിലയില്ലാത്തവരായോ കാണരുത്. നല്ല സൗഹൃദങ്ങളും സാമൂഹിക ബന്ധങ്ങളും ഉള്ളവർക്ക് ആകുലതകൾ കുറവായിരിക്കും; സുരക്ഷിതത്വം പൊതുവെ കൂടുതൽ ആയിരിക്കുകയും ചെയ്യും.

മറ്റുള്ളവരെ സഹായിക്കാനും ആവശ്യമുള്ളപ്പോൾ സഹായം മറ്റുള്ളവരിൽ നിന്ന് സ്വീകരിക്കാനും മടികാണിക്കേണ്ടതില്ല! സ്വതന്ത്രരാവുന്നതുപോലെ പ്രധാനമാണ് പരസ്പര ആശ്രയത്വം നിലനിർത്തേണ്ടതും.

നമ്മളെക്കാളും പ്രയാസം അനുഭവിക്കുന്നവരെയും ഭാരപ്പെടുന്നവരെയും ഒക്കെ കാണുകയും അറിയുകയും സഹായിക്കുകയും ചെയ്യുമ്പോൾ വലിയ തിരിച്ചറിവാണ് ലഭിക്കുക... നമ്മുടെ tension ഉം ആകുലതകളും എത്ര ബാലിശമാണെന്ന വലിയ തിരിച്ചറിവ്! Always ready to reach Out.

പെട്ടെന്നുള്ള സംഭവവികാസങ്ങൾ, നഷ്ടങ്ങൾ, രോഗങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ, വീഴ്ചകൾ, തെറ്റുകൾ ഒക്കെ നമ്മെ വലിയ ആത്മസംഘർഷത്തിലേക്കും ആകുലതയിലേക്കും ഒക്കെ നയിച്ചേക്കാം. എന്നാൽ അത് ജീവിതത്തിൽ നീണ്ടുനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. പ്രാർത്ഥനയും പ്രത്യാശയും പ്രവർത്തനവും പൊരുത്തപ്പെടലും (accepting reality) ഒക്കെ തുടർന്നുകൊണ്ടേയിരിക്കുക... നമ്മൾ അതിജീവിക്കും!

വ്യായാമം, meditation, യോഗ, പ്രാർത്ഥന, hobbies ഒക്കെ ജീവിതത്തിൽ നിത്യേന നിലനിർത്താവുന്ന മനോഹരമായ ശീലങ്ങളാണ്. വായനയും അങ്ങനെതന്നെ. കൊച്ചു കൊച്ചു സന്തോഷങ്ങൾ, ഇഷ്ടങ്ങൾ ഒക്കെ ജീവിതത്തിൽ പരിപാലിക്കാൻ മറക്കേണ്ട.

എന്റെ അമ്മച്ചി പഞ്ഞതുപോലെ, "ഇന്ന് വൈകിട്ട് നമുക്കൊരു ഷവർമ കഴിച്ചാലോ? ഒരു വൈബ് ആയിക്കോട്ടെ!!!

ഒരു പ്രായമായ അപ്പച്ചന്റെ വായിൽ ഒരു കോലുമുട്ടായി കണ്ടു ഞാൻ ചോദിച്ചു, "ഈ പ്രായത്തിലും...?

"പിന്നല്ലാതെ, ഒന്ന് ചെറുപ്പമാകാൻ തീരുമാനിച്ചു."

പ്രായത്തിനോ സാഹചര്യത്തിനോ അടിമപ്പെടേണ്ടതില്ല.. ഒരു നിശ്ശബ്ദപോരാട്ടം നിലനിർത്താം.! എനിക്ക് എന്താണ് വേണ്ടത്... നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും വികാരങ്ങളും ഒക്കെ മറ്റുള്ളവരോട് ആശയവിനിമയം ചെയ്യാൻ ധൈര്യം ആർജ്ജിക്കണം. Life is beautiful! ആയി പുനർക്ര

മീകരിക്കാം. ഒന്നിനോടും ആസക്തി (addiction) വേണ്ട. അതൊരു കീഴടങ്ങൽ ആണ്.

പുകവലി, മദ്യപാനം, അമിതമായ സ്മാർട്ട്ഫോൺ ഉപയോഗം ഒക്കെ വൈകാരിക - മാനസിക ആരോഗ്യം കുറച്ചേക്കാം...ജീവിതത്തിൽ ഒരു ക്രമവും അച്ചടക്കവും മിതത്വവും ലാളിത്യവും ഒക്കെയുള്ളവർ പൊതുവെ tension കുറവുള്ളവരും, കൂടുതൽ ജീവിതത്തെ ആസ്വദിക്കുന്നവരും ആയിരിക്കും.

നമ്മുടെ മുൻപിലുള്ള നിമിഷത്തെ - ദിവസത്തെ ആസ്വദിക്കാൻ കഴിയാത്ത അവസ്ഥകൾ നാം തന്നെ കണ്ടെത്തി പരിഹരിക്കണം.

ഗീതയിൽ പറയുംപോലെ, "ഇന്നലെ എന്നത് ചരിത്രവും നാളെ എന്നത് സ്വപ്നവും ആണ്... ഇന്നാണ് ആസ്വദിക്കേണ്ടത്- ജീവിക്കേണ്ടത്... ഇന്നാണ് സത്യം!"

'No' പറയേണ്ടിടത്തു പറയാൻ ശീലിക്കാം. വിമർശനങ്ങളെ positive ആയി എടുക്കാം. എപ്പോഴും സുഖിപ്പിക്കുന്നവരുടെയും സ്തുതിപാടകരുടെയും ഇടയിൽ മാത്രം ജീവിക്കാതിരിക്കാം. വിമർശനങ്ങൾ വളർച്ചക്കും രൂപാന്തരത്തിനും അനിവാര്യമാണ്. സാഹചര്യങ്ങളുമായും വെല്ലുവിളികളുമായും പ്രതിസന്ധികളുമായും മനുഷ്യരുമായും ഒക്കെ പൊരുത്തപ്പെടാൻ, സഹകരിക്കാൻ, ആവശ്യമെങ്കിൽ വഴങ്ങാൻ ഒക്കെ ശീലിക്കാം. ഇതെല്ലാം ഈ നിമിഷത്തെ ആനന്ദകരമാക്കാൻ സഹായിക്കും. തോൽക്കുമോ, വീഴുമോ എന്നോർത്ത് അമിതമായി ഭയപ്പെടേണ്ടതില്ല.

No pain no gain. ഒരു കയറ്റമുണ്ടെങ്കിൽ ഒരു ഇറക്കവും സംഭവിക്കാം. തോൽക്കാൻ ഭയക്കുന്നവന് എങ്ങനെയാണ് അത്യന്തികമായി ജയിക്കാൻ കഴിയുക? എല്ലാം balanced ആയി കാണാൻ കഴിയണം. അമിതമായ ദുരഭിമാനവും ego യും ഒക്കെ stress വർദ്ധിപ്പിക്കും, സംശയം വേണ്ട. "ഭയം അടിമത്തമാണ്.. വിശ്വാസവും ധൈര്യവുമാണ് യഥാർത്ഥ ധന്യത!"

'എല്ലാടത്തും ഞാൻ വേണം'.. 'എല്ലാം എന്റെ തലയിൽ കൂടിയാണ് പോകുന്നത്... അത്തരക്കാർ വലിയ മാനസിക സമ്മർദ്ദം അനുഭവിക്കും.

Perfectionism ഒരു കെണിയാണ്... ഒരു രോഗമാണ്! Practical ആകാൻ ശ്രമിക്കാം. അമിതമായ പ്രതീക്ഷയും ആഗ്രഹങ്ങളും സമ്മർദ്ദം വർദ്ധിപ്പിക്കും. ആർത്തി നാശമാണ്! അതുപോലെ തന്നെയാണ് അലസതയും!

നമ്മുടെ ആകുലതകളുടെ സമ്മർദ്ദങ്ങളുടെ ഉത്ഭവസ്ഥാനം- സമയം ഒക്കെ തിരിച്ചറിയുക... മികവോടെ കൈകാര്യം ചെയ്യുക. തിരിച്ചറിയുന്നത് തന്നെ വലിയ മികവാണ്. നല്ല സമീകൃതവും പോഷകഗുണവും ചിട്ടയും ആയ ഭക്ഷണശീലം വളർത്തിയെടുക്കുക. നല്ല വിശ്രമം... ഉറക്കം ഏറ്റവും പ്രധാനം.

മാനസിക പ്രശ്നങ്ങൾ അവഗണിക്കരുത്. അമിതമായ മാനസിക പിരിമുറുക്കം കൂടുതൽ കാലം നിലനിൽക്കുന്നത് മറ്റു ശാരീരിക മാനസിക രോഗങ്ങൾക്ക് കാരണമായേക്കാം. ഒരു councelling വിദഗ്ധന്റെയോ psychologist ന്റെയോ സഹായം തേടാൻ മടിക്കേണ്ടതില്ല. ആവശ്യമെങ്കിൽ ഒരു ഡോക്ടറിനെ കാണാൻ മടിക്കേണ്ട. ഇന്ന് എല്ലാവരും വലിയ 'standard of living' ഒക്കെ നേടിയിട്ടുണ്ട് എന്നാൽ എത്ര പേർ 'quality of living' ആസ്വദിക്കുന്നുണ്ട്? Let's think and reflect.

സുനിൽ ഡി. കുരുവിള.
കരിയർ കൗൺസിലറും മാനവശേഷി വികസന പരിശീലകനുമാണ്. ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ. 27 വർഷങ്ങൾ കൊണ്ട് 4200-ൽ അധികം പരിശീലന പ്രോഗ്രാമുകൾ നയിച്ചു.
Cell: 9656144712/ 9847400712
YouTube: Sunil Kuruvilla
E mail sunil _ kuruvilla@rediffmail.com)

### *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

ന്ധിക്കുകയും തുടർന്ന് വടപുറം ക്നാനായ പള്ളിയുടെ പാഴ്സനേജിന്റെ ശിലാസ്ഥാപനം സമുദായ മെത്രാപ്പോലീത്തയുടേയും, വൈദിക ശ്രേഷ്ഠരുടെയും നേതൃത്വത്തിൽ നടത്തപ്പെട്ടു. നിലമ്പൂർ ദേശത്തെ പള്ളി ഭാരവാഹികളെ അനുമോദിക്കുന്നു. നിലമ്പൂരിലെ ദൈവ ജനത്തിന്റെ വിശ്വാസ തീക്ഷ്ണതയും സ്നേഹവും ആവോളം അനുഭവിക്കാനും നമുക്കു കഴിഞ്ഞു.

നമ്മുടെ വനിതാസമാജത്തിന്റെ ആഗോള വാർഷികം 'വനിതാരവം 2025' ഏറ്റവും അനുഗ്രഹകരമായി ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ നടത്തുവാനിടയായി. വിവിധ ഇടവകകളിൽ നിന്ന് നൂറുകണക്കിന് വനിതകൾ അതിൽ പങ്കെടുത്തു. ഏറ്റവും അനുഗ്രഹകരമായ ഒരു കൂടിവരവായിരുന്നു അത്. അതിന് നേതൃത്വം നൽകിയ പ്രിയ അച്ചന്മാർ, സിസ്റ്റേഴ്സ്, വനിതാസമാജം ഭാരവാഹികൾ, വിവിധ സ്ഥലങ്ങളിൽ നിന്ന് കടന്നുവന്ന് ഇത് അനുഗ്രഹമാക്കിയ എല്ലാവരോടുമുള്ള നന്ദി അറിയിക്കട്ടെ.

ഈ വർഷത്തെ ക്നാനായ മെറിറ്റ് അവാർഡ് - 2025 നാം നടത്തുകയുണ്ടായി. സമുദായത്തിൽ വിവിധ കോഴ്സുകളിൽ ഉന്നത വിജയം ലഭിച്ചവർ, വിവിധ പുരസ്ക്കാരങ്ങൾ ലഭിച്ചവർ എല്ലാവരെയും വീണ്ടും അനുമോദിക്കട്ടെ. ജീവിതത്തിൽ കൂടുതൽ ഉയരങ്ങളിലേക്ക് എത്താൻ നമ്മുടെ കുട്ടികളെ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ പ്രോഗ്രാം ഏറ്റവും അനുഗ്രഹകരമായി നടത്തുവാൻ നേതൃത്വം നൽകിയവരെ നന്ദിയോടെ സ്മരിക്കട്ടെ.

എല്ലാവർക്കും സമാധാനത്തിന്റെയും, സന്തോഷത്തിന്റെയും ഒരു ക്രിസ്തുമസും, ദൈവാനുഗ്രഹം നിറഞ്ഞ ഒരു പുതുവർഷവും ആശംസിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

കർത്തൃ ശുശ്രൂഷയിൽ

**മോർ സേവേറിയോസ് കുറിയാക്കോസ്**

ക്നാനായ സമുദായ മെത്രാപ്പോലീത്ത

# കുർബ്ബാന വീഥിയിൽ

ഫാ. ജേക്കബ് കല്ലുകുളം

## ആരാധനയിലെ പ്രതീകങ്ങൾ

### തിരശ്ശീല

സ്വർഗ്ഗത്തിന്റെ കവാടം, സ്വർഗ്ഗത്തെ ഭൂമിയിൽ നിന്ന് വേർതിരിച്ച് നിർത്തുന്ന ആകാശമണ്ഡലത്തിന്റെ പ്രതീകമാണ്. ഉല്പ. 1:8. ദൈവത്തിന്റെ അധിവാസ സ്ഥലമായ വി. സ്ഥലത്തെ ദൃഷ്ടിയിൽ നിന്ന് മറച്ച് സൂക്ഷിക്കുന്നു. (എബ്രായ 6:18–20). ആരാധനാ സമൂഹം മദ്ബഹായ്ക്ക് വെളിയിലും, കർത്താവിന്റെ പ്രതിനിധികളും മാലാഖമാരും മദ്ബഹായ്ക്ക് ഉള്ളിലും ദൈവത്തെ സ്തുതിക്കുന്നു. പുരോഹിതനും ആരാധക സമൂഹവും ഒരുമിച്ച് ആരാധിക്കുമ്പോൾ മറ നീക്കപ്പെടുന്നു. ഇവിടെ സ്വർഗ്ഗവും ഭൂമിയും യോജിച്ച് ആരാധന നടത്തുന്നു. കർത്താവിന്റെ ക്രൂശിലെ തകർന്ന ശരീരത്തിന്റെ പ്രതിരൂപമാണ് തിരശ്ശീല (എബ്രായ 10:20). ക്രിസ്തുവിന്റെ ശരീരമാകുന്ന തിരശ്ശീലയിലൂടെ ക്രിസ്തുവിന്റെ സന്നിധിയിൽ നാം പ്രവേശിക്കുന്നു. ക്രിസ്തുവിന്റെ കാൽവറി യാഗത്താൽ മനുഷ്യനും ദൈവത്തിനും ഇടയിൽ ഉണ്ടായിരുന്ന വേലി മാറ്റി പുതുജീവന്റെ വഴി തുറന്നിരിക്കുന്നു. നിത്യനായ ദൈവത്തിന്റെ അദൃശ്യമായ അവസ്ഥയെ സൂചിപ്പിക്കുന്നു. വി.കുർബ്ബാനയിലെ ഭക്ത്യാദരവുകൾ ജനിപ്പിക്കുന്നതിന് മനഃശാസ്ത്രപരമായി തിരശ്ശീല ഏറെ ഉപകരിക്കുന്നു.

### ത്രോണോസും അതിലുള്ള ഉപകരണങ്ങളും

ത്രോണോസ് (Greek word) അർത്ഥം സിംഹാസനം. സ്വർഗ്ഗീയ സിംഹാസനവും ആരാധനയുടെ കേന്ദ്രവുമാണ് ത്രോണോസ്. യെശ. 6:1, വെളി. 4:5, 7:9–11. ത്രോണോസിന് പല വ്യാഖ്യാനങ്ങൾ ഉണ്ട്. യാഗപീഠം, സ്വർഗ്ഗീയ സിംഹാസനം, കബറിടം, സ്വർഗ്ഗീയ വൃക്ഷമായ ഇമ്മാനുവേൽ, ഗോഗുൽത്താ, ബേത്‌ലഹേമിലെ പുൽക്കൂട് etc.. ഇത് സ്വർഗ്ഗീയ വിരുന്ന് മേശയാണ്. ഇവിടെ തിരുശരീര രക്തങ്ങൾ വിഭജിക്കപ്പെടുന്നു. ഒരു ത്രോണോസിൽ ഒരു ദിവസം ഒരു കുർബ്ബാന മാത്രമേ ചൊല്ലാവു എന്ന് സഭ പഠിപ്പിക്കുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം വൈദികന് രണ്ടു കുർബ്ബാന ചൊല്ലുവാൻ അനുവാദം ഉണ്ട്.

### കുരിശ്

ത്രോണോസിൽ ഒരു കുരിശ് ഉണ്ടായിരിക്കണം. മരണത്തെ പരാജയപ്പെടുത്തി മഹത്വത്തോടെ ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ നിറസാന്നിദ്ധ്യമാണ്. സ്ലീബോ എന്ന വാക്കിന്റെ അർത്ഥം ക്രൂശിക്കപ്പെട്ടത് എന്നാണ്. കുരിശു വരയ്ക്കുന്നത് വിഗ്രഹാരാധനയല്ല. കുരിശിലേക്ക് നോക്കുമ്പോൾ നാം ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയാണ് കാണുന്നത്. പത്രോസ് ശ്ലീഹായുടെ കുരിശുമരണത്തിൽ കർത്താവിന്റെ പാദം ചുംബിച്ചുകൊണ്ട് മരിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചതുകൊണ്ട് തലകീഴായി ക്രൂശിക്കുന്നു. ഹെലനി രാജ്ഞി കർത്താവിന്റെ കുരിശ് കണ്ടെടുത്തു മരിച്ച മൃതദേഹത്തിന് ജീവൻ നൽകി. കർത്താവിന്റെ കുരിശുമരണം നിന്ദ്യമായ കുരിശിന് പ്രാധാന്യം നൽകി.

സ്നേഹം

സഹനം



അനുസരണം

താഴ്മ

### മെഴുകുതിരി കാലുകളും വിളക്കുകളും

പ്രകാശം ദൈവീക സാന്നിദ്ധ്യത്തിൻ പ്രതീകമാണ്. അപ്പോ.പ്രവൃ.9:3,22:6, 2 കൊരി.11:14 യേശു പറയുന്നു ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും. യോഹ. 8:12. ഈ വെളിച്ചത്തിന്റെ പ്രതീകമാണ് കത്തിച്ച മെഴുകുതിരികൾ. പരിത്യാഗത്തിന്റെ പ്രതീകമായ മെഴുകു കത്തി ഉരുകുന്നതുപോലെ നമ്മുടെ ഹൃദയം ദൈവത്തിനായി കത്തി ഉരുകണം. മെഴുകുതിരികൾ കത്തിക്കുമ്പോൾ വെളിവ് നിറഞ്ഞൊരീശോ......... എന്ന ഗീതം ചൊല്ലണം. 12 തിരികൾ 12 ശിഷ്യന്മാരെ ഓർമ്മിപ്പിക്കുന്നു.

### ഏവൻഗേലിയോൻ

വി. ഏവൻഗേലിയോൻ പുസ്തകം വയ്ക്കുന്ന മേശ ക്രിസ്തുവിന്റെ പ്രതീകമാണ്. പിതാവിന്റെ വലതുഭാഗത്ത് പുത്രൻ ഇരിക്കുന്നതുപോലെ ത്രോണോസിന്റെ വലതുഭാഗത്താണ് ഏവൻഗേലിയോൻ മേശ ക്രമീകരിക്കുന്നത്. എന്നാൽ സൗകര്യത്തെ പ്രതി ചില പള്ളികളിൽ ഇടതുഭാഗത്തും വയ്ക്കാറുണ്ട്. മദ്ബഹായിലെയ്ക്ക് പ്രവേശിക്കുന്നത് തെക്കുവശത്തു കൂടെയാണ്. ത്രോണോസിൽ ധൂപം വീശിയ ശേഷം ഏവൻഗേലിയോൻ മേശയ്ക്ക് ധൂപം വീശുന്നു. ഏവൻഗേലിയോൻ പുസ്തകം വയ്ക്കുന്നത് ഏവൻഗേലിയോൻ മേശയിലാണ്. വി. കുർബ്ബാനയിൽ ഏവൻഗേലിയോൻ മേശ മദ്ബഹായുടെ മദ്ധ്യത്തിൽ പടിഞ്ഞാറ് ഭാഗത്ത് ഇട്ട് വി. ഏവൻഗേലിയോൻ വായിക്കുന്നു.

### തബ്ലൈത്താ

18 ഇഞ്ച് നീളവും 12 ഇഞ്ച് വീതിയും ആറ് ഇഞ്ച് ഘനവുമുള്ള തടിയിലോ മാർബിളിലോ ഉണ്ടാക്കിയിട്ടുള്ളതാണ്. കൊണ്ട് നടക്കാവുന്ന ത്രോണോസിന്റെ ചെറിയ രൂപവുമാണ് തബ്ലൈത്താ ഇതുപയോഗിച്ച് വി. കുർബ്ബാന അർപ്പിക്കാം. ഒരു കുർബ്ബാനയ്ക്ക് ഒരു തബ്ലൈത്താ പലക മാത്രം ഉപയോഗിക്കുന്നു. ഇതിലാണ് പൂജാപാത്രങ്ങൾ വയ്ക്കുന്നത്. പള്ളി കൂദാശ ചെയ്യുന്ന സമയത്ത് തബ്ലൈത്താ പലകയും കൂദാശ ചെയ്യുന്നു. സഭയുടെ അടിസ്ഥാനമായ യേശുവിനെ സൂചിപ്പിക്കുന്നു (1 കൊരി. 3:1, എഫേ.2:20).

# സമാധാനം പ്രക്ഷുബ്ധങ്ങളിൽ

ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ
(ക്ലീമിസ് പ്രസ്സ് മാനേജർ)

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" വി. ലൂക്കോസ് 2:14.

"ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ആ ദിവസം, നേരം വൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്തു യഹൂദന്മാരെ പേടിച്ച് വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നു കൊണ്ടു: നിങ്ങൾക്ക് സമാധാനം" (വി.യോഹ. 20:19) എന്നു പറഞ്ഞു.

"എട്ടു ദിവസം കഴിഞ്ഞിട്ടു ശിഷ്യന്മാർ പിന്നെയും അകത്തു കൂടിയിരിക്കുമ്പോൾ തോമസും ഉണ്ടായിരുന്നു. വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ടു നിങ്ങൾക്കു സമാധാനം" (വി. യോഹ. 20:26) എന്നു പറഞ്ഞു.

ലോകരക്ഷകനായി പിതാവാം ദൈവത്തിന്റെ ഏകജാതനായി പിറന്ന നമ്മുടെ വീണ്ടെടുപ്പുകാരനായ യേശുക്രിസ്തുവിന്റെ ജനനത്തിലും പുനരുത്ഥാനത്തിലും ലോകത്തിനു നല്കുന്ന സന്ദേശം 'സമാധാനം' ആണ്. പ്രക്ഷുബ്ധമായ, അസമാധാനം നിറഞ്ഞ ലോകത്തിൽ സമാധാനമായി യേശു തമ്പുരാൻ കടന്നു വന്നു. തന്റെ പുനരുത്ഥാനത്തിലൂടെ അവൻ അതു നമുക്കു നല്കുകയും ചെയ്തു. തന്റെ ജനന ദിവസം ആട്ടിടയരോട് സ്വർഗ്ഗീയ ദൂതർ ഒന്നു ചേർന്ന് ദൈവത്തെ പുകഴ്ത്തി പറഞ്ഞു. " അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം". തന്റെ ഉയിർപ്പ് ദിവസവും തുടർന്നുള്ള ദിവസങ്ങളിലും യഹൂദന്മാരെ പേടിച്ച് ഭയത്തോടിരുന്ന ജനത്തിന് സമാധാന സന്ദേശം നല്കി, അവരെ ഭയത്തിൽ നിന്നും അഥവാ പിശാചിന്റെ ആധിപത്യത്തിൽ നിന്നും മോചിപ്പിച്ച് ദൈവീക പദവിയിലേക്ക്, ദൈവിക തേജസ്സിലേക്ക് തിരിച്ചു കൊണ്ടുവന്നു.

മനുഷ്യഹൃദയങ്ങളിലെ ഏറ്റവും ആഴമുള്ളതും പ്രാധാന്യവുമായ ആഗ്രഹങ്ങളിൽ ഒന്നാണ് സമാധാനമായുള്ള ജീവിതം. സംസ്ക്കാരങ്ങളുടെയോ, മതങ്ങളുടെയോ, ചരിത്രപരമായ വേർതിരിവിന്റയോ വിവേചനങ്ങൾക്കപ്പുറം സകല മനുഷ്യരും സമാധാനം തേടുന്നു. മനസ്സിലും, കുടുംബത്തിനുള്ളിലും, സാമൂഹിക ജീവിതത്തിലും സമാധാനം ഉണ്ടാവണം എന്നത് ലോകമാകമാനമുള്ള മനുഷ്യന്റെ അഭിവാഞ്ഛയാണ്. എന്നാൽ ദൗർഭാഗ്യമെന്നു പറയട്ടെ ലോകത്താകമാനം അസമാധാനത്തിന്റെ ലക്ഷണങ്ങൾ അനുദിനം വർദ്ധിച്ചു വരുന്നു. ഈ അനിശ്ചിതത്വത്തിനു പ്രധാന കാരണമായിത്തീരുന്നത്; കാലുഷ്യങ്ങളിൽ സമാധാനം കണ്ടെത്തുവാനുള്ള പ്രാപ്തിയില്ലായ്മ, യുദ്ധങ്ങൾ, ഭീകരവാദം, പരിസ്ഥിതി പ്രശ്നങ്ങൾ, നിർബന്ധിത കുടിയേറ്റം, സാമ്പത്തിക ചൂഷണം, സാമൂഹിക കലാപങ്ങൾ എന്നിവയാണ്. സമാധാനത്തിനായി അനേകം പരിശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും അവയൊന്നും കാര്യമായ ചലനങ്ങൾ സൃഷ്ടിക്കുന്നില്ല. അതിനാൽ രാജ്യങ്ങൾ തമ്മിലും, രാജ്യത്തിനുള്ളിലും കലഹങ്ങൾ വർദ്ധിക്കുന്നു. കുടുംബ ബന്ധങ്ങളിൽ തർക്കങ്ങൾ പെരുകുന്നു. ദാമ്പത്യ ജീവിതത്തിൽ ഉലച്ചിലുകൾ വർദ്ധിക്കുന്നു. ഈ പ്രവണത വ്യക്തികളിൽ ആശങ്കയും, നിരാശയും ക്രമാതീതമായി വർദ്ധിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ് ദൈവീക സമാധാനത്തിന്റെ പ്രസക്തി നാം അന്വേഷിക്കേണ്ടത്. ദൈവത്തിന്റെ സമ്മാനമായി സമാധാനം ലോകത്തിന് നല്കപ്പെട്ടിരിക്കുന്നു എന്ന് ലോകത്തെ അറിയിക്കുവാനും, അതിനാവശ്യമായ പ്രായോഗിക പ്രവൃത്തിയിൽ ജീവിക്കുവാനും അവ പാലിക്കുവാനും സഭയെ/നമ്മെ ദൈവം വിളിച്ചിരിക്കുന്നു. അതിന് പ്രചോദനം നല്കുന്ന വേദപഠനങ്ങൾ വായിക്കുവാനും പഠിക്കുവാനും, അതിൽ ജീവിച്ച് മറ്റുള്ളവർക്ക് ഒരു മാതൃകയായിത്തീരുവാനും നമുക്ക് സാധിക്കണം.

വേദപുസ്തക വെളിച്ചത്തിൽ സമാധാനം വെറും കലഹമില്ലായ്മയല്ല; അത് ദൈവസാന്നിധ്യത്തിൽ നിന്നൊഴുകുന്ന ജീവിതത്തിന്റെ സമ്പൂർണ്ണതയാണ്. 'ശാലേം' എന്ന എബ്രായ പദവും 'ഐറിൻ' എന്ന യവനായ പദവും സമാധാനം എന്ന ആശയത്തെ മനസ്സിലാക്കാൻ വേദപുസ്തകം ഉപയോഗിച്ചിരിക്കുന്നു. ഇതിന്റെ അർത്ഥം; ഐക്യം, ക്ഷേമം, നീതി, സമ്പൂർണ്ണത തുടങ്ങിയവയാണ്. ഉല്പത്തി മുതൽ വെളിപാട് വരെയുള്ള പുസ്തകങ്ങൾ പരിശോധിച്ചാൽ സമാധാനം ദൈവത്തിന്റെ വാഗ്ദാനമായും, അത് സ്ഥാപിക്കുന്നത് മനുഷ്യരുടെ വിളിയായും അവതരിക്കപ്പെടുന്നു. ക്രിസ്തുവിൽ സമാധാനം വെറും ഒരു ആശയമല്ല, മറിച്ച് പരിശുദ്ധാത്മാവിലൂടെ സഭയ്ക്ക് നല്കിയ യഥാർത്ഥ്യവും, ഉത്തരവാദിത്തവുമാണ്.

പുതിയനിയമത്തിൽ സമാധാനം ക്രിസ്തുവിൽ നിറവേറുന്നു എന്ന് അസന്നിദ്ധമായി പ്രഖ്യാപിക്കുന്നു. യേശുതമ്പുരാന്റെ ജനനത്തിൽ ദൂതന്മാർ അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം എന്ന് ആശംസിച്ചപ്പോൾ യേശുതമ്പുരാൻ ശിഷ്യന്മാരോട് തന്റെ വാഗ്ദാനമായി ഇപ്രകാരം പറഞ്ഞു. "സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതു പോലെ അല്ല ഞാൻ നിങ്ങൾക്ക് തരുന്നത്." (യോഹ. 14:27). ക്ഷണഭംഗുരമായ ലോകസമാധാന മധ്യത്തിൽ, താൻ തരുന്ന സമാധാനം ഏതു ക്ലേശത്തിന്റെ മധ്യത്തിലും പ്രകാശിക്കുന്നു എന്ന ഉറപ്പ് ഇവിടെ നല്കുന്നു.

വി. പൗലോസ്ശ്ലീഹ പ്രഖ്യാപിക്കുന്നു. "അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തേയും ഒന്നാക്കി, വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞു തന്നിൽ ഒരു പുതു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു." (എഫെ.2:14-15). അപ്പോസ്തോലിക ദൗത്യം സമാധാന സുവിശേഷമാണെന്നും (എഫെ.6:15), "ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തേയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി" എന്നും വി.പൗലോസ്ശ്ലീഹ സാക്ഷീകരിക്കുന്നു. ആ നിരപ്പാണ് യഥാർത്ഥ സമാധാനം. വെളിപാടിലൂടെ യോഹന്നാൻശ്ലീഹ പറയുന്നു. "ദൈവം അവരുടെ കണ്ണിൽ നിന്നും കണ്ണുനീർ എല്ലാം തുടച്ചു കളയും. വെളി. 21:3-4).

ദൈവം മനുഷ്യരോടൊപ്പം വസിക്കുന്നു. അതിനാൽ മരണമില്ല, വേദനയില്ല. അതുകൊണ്ട് സമാധാനം എന്നത് ദൈവരക്ഷയുടെ അന്തിമവാക്കാണ്, സമാധാനം പുന:സ്ഥാപിക്കപ്പെട്ട പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും ദർശനത്തോടെ നിത്യജീവനായി ഒരുങ്ങി നമുക്ക് ജീവിക്കാം.

ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ എല്ലാവർക്കുമായി നേരുന്നു.

# പരേതർ മൗനതയിലോ, വാങ്ങിപ്പോയവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയും വിശുദ്ധരോടുള്ള മദ്ധ്യസ്ഥതയും വേദപിപരീതമോ?

ഉണ്ണി എബ്രഹാം, കൊറ്റുചാലിൽ

മരിച്ചവരും മൗനതയിലിറങ്ങിയവരും ദൈവത്തെ സ്തുതിക്കുന്നില്ല" എന്ന സങ്കീ (115:17) ഉദ്ധരിച്ചുകൊണ്ട് ചിലർ വാദിക്കാറുണ്ട്. മരിച്ചു കഴിഞ്ഞാൽ ഒന്നും ഇല്ലായെന്ന്. എന്നാൽ ഇത് ആത്മീയമരണം വരിച്ചവരെ കുറിക്കുന്നു. ഒരു രോഗിക്കു വേണ്ടി ആർത്തട്ടഹസിച്ചു പ്രാർത്ഥിക്കുന്നവർ രോഗി മരിച്ചു കഴിഞ്ഞാൽ സടൻ ബ്രേക്കിട്ടതുപോലെ പ്രാർത്ഥന നിർത്തുന്നു. 'ഈ ലോകത്തേക്കാൾ അധികംവിലയുള്ള ആത്മാവിന് (മത്താ. 16:26) ഈ കൂട്ടർ പുല്ലുവില കല്പിക്കുന്നില്ല. എന്നാൽ "നാമോ ഇന്ന് മുതൽ എന്നേക്കും കർത്താവിനെ സ്തുതിക്കും" (സങ്കീ 115:18). എന്നേക്കും എന്നത് അനശ്വരതയെ, അവസാനമില്ലായ്മയെക്കുറിക്കുന്നു. കർത്താവു മറുരൂപമലയിൽ പത്രോസ്, യാക്കോബ് യോഹന്നാൻ എന്നിവരെ കൂട്ടിക്കൊണ്ട് പോകുന്നു, അവർക്കു മുമ്പാകെ രൂപാന്തരപ്പെടുന്നു. മോശയും ഏലിയാവും കർത്താവിനോട് സംസാരിക്കുന്നു, ശ്ലീഹന്മാരും അവരെ തിരിച്ചറിയുന്നു, സംസാര വിഷയവും മനസ്സിലാക്കുന്നു (മർക്കോ 9:28). മോശ മരിച്ചതായി ആവർത്തനം(34:1-6) വാക്യങ്ങളിലും ഏലിയാവും ഈ ലോകത്തിൽ നിന്നു മാറ്റപ്പെട്ടതായി (2 രാജ 2:11)ലും കാണാം. മോശയുടെ ശരീരത്തിന് കനാൻദേശം കാണാൻ ഭാഗ്യമുണ്ടായില്ലയെങ്കിലും ആത്മാവ് കനാൻ ദേശത്ത് സജീവമായിരിക്കുന്നു. അബ്രഹാമിന്റെ 42-ാം തലമുറക്കാരനായിരുന്ന കർത്താവ് (ഏകദേശം 1700 വർഷം) താൻ ഭൂമിയിൽ ചെയ്യുന്ന അത്ഭുതങ്ങൾ കണ്ട് അബ്രഹാം സന്തോഷിക്കുന്നതായി തന്നെ വെളിപ്പെടുത്തിരിക്കുന്നു (യോഹ 8:56)"ഞാൻ അബ്രഹാമിന്റെ ദൈവവും, യിസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമത്രേ, ദൈവമോ മരിച്ചവരുടെയല്ല ജീവനുള്ളവരുടെ ദൈവമത്രേ, എല്ലാവരും അവന് ജീവിച്ചിരിക്കുന്നുവല്ലോ," (ലൂക്കോ 20:37.38). മൂവരും മരിച്ചതായി ഉല്പ. (25:10, 35:29, 49:33,) എന്നിവിടങ്ങളിൽ കാണാം. ദാവീദ് പറയുന്നു. "ഞാൻ മരിക്കുകയില്ല, ജീവിച്ചിരുന്നു. ദൈവത്തിന്റെ പ്രവൃത്തികളെ വർണ്ണിക്കും. "(സങ്കീ. 118:17). കർത്താവ് തന്റെ മണവാട്ടിയായ സഭയെ അപ്പോസ്തോലന്മാർ, പ്രവാചകന്മാർ എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. (എഫെ 2:20-22), (മത്താ 16:18). അപ്പോസ്തോലന്മാർക്ക് ജീവനില്ലെങ്കിൽ സഭയും നിർജീവം എന്നുവരും. "എന്നിൽ വിശ്വസിക്കുന്നവൻ ഒരു നാളും മരിക്കുകയില്ല" (യോഹ 11:26). കർത്താവ് തന്റെ വലത്ത് ഭാഗത്തുള്ള കള്ളനോട് ''നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ഇരിക്കും" (ലൂക്കോ 23:43). കർത്താവു തന്റെ ക്രൂശ് മരണത്തിനും ഉയിർപ്പിനുമിടയിൽ പാതാള പ്രവേശനം നടത്തി ആദാം മുതൽ മരിച്ചവരോട് സുവിശേഷം അറിയിച്ചതായും,വിശ്വസിച്ചവർ രക്ഷപ്രാപിച്ചതായും പത്രോസ് ്ശ്ലീഹാ വ്യക്തമാക്കിയിരിക്കുന്നു.(1.പത്രോ4:5-6). അവർക്ക് കർത്താവിന്റെ ശബ്ദം കേൾക്കാനും പ്രതികരിക്കാനും കഴിഞ്ഞു. തടവിലുള്ള ആത്മാക്കളോടും സുവിശേഷം അറിയിച്ചു. (1പത്രോ 3:20). ഹേരോദാവിന്റെ കാലത്ത് യഹൂദായിൽ നടന്ന ശിശുഹത്യയിൽ മനംനൊന്ത് യിസ്രായേലിന്റെ മുത്തശ്ശിയായ 'റാഹേൽ' വിലപിക്കുന്നതായി യിരമ്യാവ് പ്രവചന ദൃഷ്ടിയിൽ വ്യക്തമാക്കിയിരിക്കുന്നു. (യിരമ്യ 31:15) (മത്താ 2:17). പൗലോസ് ശ്ലീഹായുടെ പ്രത്യാശ "ശരീരത്തിലിരുന്നാലും ശരീരം വിട്ടാലും ഞങ്ങൾക്ക് കർത്താവിനെ പ്രസാദിപ്പിക്കാൻ അഭിമാനിക്കുന്നു. (2.കോരി 5:9-10). കർത്താവ് യായീറോസിന്റെ മകളെ ഉയിർപ്പിച്ചപ്പോൾ അവൾക്ക് കർത്താവിന്റെ ശബ്ദം കേൾക്കാനും പ്രതികരിക്കാനും കഴിഞ്ഞു. (ലൂക്കോ8:50-56) (മത്താ 9:25-26). "എൻദേഹം രോഗത്താൽ ക്ഷയിച്ചെന്നാകിലും ദേഹ രഹിതനായ് പ്രിയനെ കാണും ഞാൻ" (ഇയ്യോ 19:26.27) (ഇയ്യോബിന്റെ പ്രത്യാശ കർത്താവ് പറഞ്ഞ ലാസറിന്റെയും ധനവാന്റെയും ഉപമയിൽ, അധമ പതാളത്തിൽ (Lower Hell സങ്കീ 86:13) ഉള്ള ധനവാന് അബ്രഹാമിന്റെ മടി (Upper Hell ഉല്പ 37:35)യിലിരിക്കുന്ന ലാസറിനെ കാണുവാൻ കഴിയുന്നു. ധനവാൻ ഭൂമിയിലുള്ള തന്റെ സഹോദരങ്ങളെപ്പറ്റി വ്യാകുലപ്പെടുന്നു. (ലൂക്കോ.19-26). പഴയനിയമ കാലത്തു നിത്യതയെക്കുറിച്ച് പരിമിതമായ അറിവുകളുണ്ടായിരുന്നുള്ളൂ. (എബ്രാ1:1-2). മരിച്ചവർ പാതാളം പൂകുന്ന എന്ന് വിശ്വസിച്ചിരുന്നു. (ഉല്പ 42:38).

കൂടാരമാകുന്ന എൻഭവനം വിട്ടകന്നാലെനിക്കേറെ ഭാഗ്യം (2.കോരി 5:1-4, 2 പത്രോ 1:1 13-14) ഒരു വിശ്വാസിയുടെ മരണം അന്ത്യമല്ല ആരംഭമാണ്. അതിനാൽ "കർത്താവിൽ മരിക്കുന്ന വൃതന്മാർ ഭാഗ്യന്മാർ" എന്ന് പറയുന്നത് (വെളി 14:13). അവരെ സംബന്ധിച്ചിടത്തോളം ശരീരത്തിൽ നിന്നുള്ള വേർപാട് Retirement Life ആകുന്നതിനാൽ നാം നല്ല അവസാനത്തിന്/ നല്ല ക്രിസ്തീയ അന്ത്യത്തിന് ഞങ്ങളെ യോഗ്യരാക്കേണമേയെന്ന പ്രാർത്ഥന ഉരുവിടുന്നു. മനുഷ്യൻ ശാരീരിക മരണം അനുഭവിക്കുമ്പോൾ ശരീരം മണ്ണിലേക്ക് തിരികെച്ചേരുന്നു. ആത്മാവ് അതിന്റെ സ്രഷ്ടാവിലേക്ക് മടങ്ങിപ്പോകുന്നു. (സഭാ 12:7). വിശ്വാസത്താൽ ഹാബേൽ മരിച്ച ശേഷവും സംസാരിച്ചുകൊണ്ടിരിക്കുന്നു. (എബ്ര 11:4) ദാവീദ് പറയുന്നു ദൈവം തന്റെ ജനത്തിന്റെ സ്ഥിതിമാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കുകയും ഇസ്രയേൽ ആനന്ദിക്കുകയും ചെയ്യുന്നു. "(സങ്കീ 14:7). മരണം ഉറക്കമത്രേ" (മത്താ 9:24) യോഹ 11:11). "ജീവനുള്ളവരോടും മരിച്ചവരോടും കരുണ കാണിക്കുന്ന ദൈവം" (രൂത്ത് 2:20). യോഹന്നാൻ ശ്ലീഹാ തന്റെ സ്വർഗ്ഗീയ ദർശനത്തിൽ വിശുദ്ധന്മാരുടെ ആത്മാക്കൾ രാപ്പകലില്ലാതെ കർത്താവിനെ സ്തുതിക്കുന്നതായി കാണുന്നു. (വെളി7:15) സ്വർഗ്ഗത്തിലെ ത്രോണോസിന്റെ കീഴിൽ സജീവരായ സഹോദരന്മാരുടെ ആത്മാക്കളെ കാണുന്നു. (വെളി.6:9-11). സാക്ഷികളുടെ ഒരു സമൂഹം നമുക്ക് ചുറ്റും എപ്പോഴും ഉണ്ടെന്ന് പൗലോസ് ശ്ലീഹായും പറയുന്നു. (Cloud of witness) (എബ്രാ 12:1-2) നാം വിശുദ്ധ കുർബാനയിൽ സംബന്ധിക്കുമ്പോൾ സ്വർഗ്ഗീയ സീയോൻ ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യരുശലേം, എണ്ണമില്ലാത്ത വിശുദ്ധന്മാർ, കശ്ശീശന്മാർ, ജീവന്റെ പുസ്തകത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യ

ജാതന്മാരുടെ സഭ, പിതാവാം ദൈവം, വിശുദ്ധന്മാരുടെ ആത്മാക്കൾ, പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശു ക്രിസ്തു, ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തം, നമുക്കൊപ്പം പരി:റൂഹായും അദൃശ്യമായി പങ്കുചേരുന്നു. (എബ്രാ12:22–24). യാതൊരു ശക്തിക്കും മരണത്തിനുപോലും നമ്മെ നമ്മുടെ കർത്താവിന്റെ സ്നേഹത്തിൽ നിന്ന് വേർതിരിക്കാൻ കഴിയില്ലായെന്ന് പൗലോസ് ശ്ലീഹാ പറയുന്നു. (റോമ 8:38–39) പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനയും വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത പൗലോസ് ശ്ലീഹാ എബ്രായർക്ക് എഴുതുമ്പോൾ നിങ്ങളോടു ദൈവവചനം പ്രസംഗിച്ച് വഴി നടത്തിയവരെ ഓർക്കണം. അവരുടെ വിശ്വാസം അനുകരിക്കണം, ജീവിതാവസാനം ഓർക്കണം. അവർക്ക് വേണ്ടി പ്രാർത്ഥിക്കണമെന്ന് പറയുന്നു (എബ്രാ 13:7) സകല സൃഷ്ടികളുടെയും ഉടയവനായ കർത്താവിന് സ്ഥലകാല സമയപരിമിതിയില്ലാതെ എവിടെയിരുന്നും മനസ്സുകൊണ്ട് വിചാരിച്ചാൽ ലാസറിനെ ഉയിർപ്പിക്കാമായിരുന്നു. എന്നാൽ ശിഷ്യന്മാരുമൊത്ത് ദീർഘദൂരയാത്ര ചെയ്ത് ലാസറിന്റെ കബറിടത്തിലെത്തി പിതാവാം ദൈവത്തോട് പ്രാർത്ഥിക്കുന്നു, ലാസറിനെ ഉയർപ്പിക്കുന്നു. (യോഹ 11:17–44) അതിനാൽ കല്ലറയ്ക്കൽ പോയി പ്രാർത്ഥിക്കുക, ധൂപം വയ്ക്കുക, വിശ്വാസ പ്രഖ്യാപനം നടത്തുകയെന്നത് വേദാനുസൃതമത്രേ. അത് കർത്താവ് പഠിപ്പിച്ചതുമായ യഹൂദപാരമ്പര്യവുമാകുന്നു (യോഹ.11:31) (യോ ഹ.20:1). "മൃതരെ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാവ്.

മുകിലഴകിന്മേൽ ആഘോഷിതനായീടുന്നു" പൗലോസ്ശ്ലീഹ 'ഒനെസിഫൊറാസി'നുവേണ്ടി പ്രാർത്ഥിക്കുന്നു. ഈ ലേഖനം എഴുതുമ്പോൾ അവൻ മരിച്ചിരുന്നു. (2തിമോ.1:16–18). ആദിമ സഭയിൽ മരിച്ചവർക്ക് വേണ്ടി സ്നാനം ഏൽക്കുന്ന പതിവുണ്ടായിരുന്നു. (1കോരി.15:29). പൗലോസ് ശ്ലീഹാമരിച്ച യുത്തിക്കോസ് എന്ന ബാലനെ പ്രാർത്ഥിച്ച് ഉയിർപ്പിച്ചു. (അപ്പോ.20:9–12). പത്രോസ് ശ്ലീഹാ യോപ്പയിൽ മരിച്ച തബീഥായെ പ്രാർത്ഥിച്ചുയിർപ്പിച്ചു. (അപ്പോ.9:36–41). ഏലീശാ, മരിച്ച ശൂനേംകരിയുടെ മകനെ പ്രാർത്ഥിച്ച് ഉയിർപ്പിക്കുന്നു.(2രാജാ.4:33–36) അവർക്കൊക്കെ ശ്ലീഹന്മാരുടെ ശബ്ദം കേൾക്കാനും പ്രതികരിക്കാനും കഴിഞ്ഞു. ലേവ്യാപുരോഹിതന്മാർ യിസ്രായേലിലെ ഗോത്ര പിതാക്കന്മാരുടെ പേരുകൾ പറഞ്ഞ് പ്രാർത്ഥിക്കുന്നു. (പുറ.28:21–29) മോശ തനിക്ക് നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്ന രൂബേനുവേണ്ടി പ്രാർത്ഥിക്കുന്നു. ഫലം ലഭിക്കുന്നു.(ആവ.33:6). യഹൂദന്മാർ സകലമരിച്ച്പോയവരെ ഓർത്ത് പ്രാർത്ഥിക്കുന്ന പെരുന്നാളിൽ (മക്കാബിയർ 12:42 വിശുദ്ധ ഗ്രന്ഥം) കർത്താവ് സംബന്ധിക്കുന്നു. എന്നാൽ കർത്താവ് അതിനെ എതിർക്കുന്നില്ല (യോഹ.7:37–40). അഹറോൻ മരിച്ചപ്പോൾ യിസ്രായേൽ ജനം 30 ദിവസവും (സംഖ്യ.20–29), മോശ മരിച്ചപ്പോൾ 30 ദിവസവും പ്രാർത്ഥന നടത്തി (ആവ.34:1–8). സ്തേഫാനോസ് മരിച്ചപ്പോൾ ആദിമ ക്രിസ്ത്യാനികൾ 30 ദിവസവും പ്രാർത്ഥന നടത്തി (അപ്പൊ.8:2). പരേതർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ദൈവസന്നിധിയിൽ നല്ലതും പ്രസാദകരവുമാകുന്നു. (1തിമോ2:3). വിശ്വാസം, സ്നേഹം, പ്രത്യാശ, നന്ദി ഇവയൊക്കെയുള്ളവർക്കേ അതിന് കഴിയൂ. "നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നുവെങ്കിൽ നാം സകല മനുഷ്യരിലും അരിഷ്ഠന്മാരത്രേ (1.കൊരി15:19) വെളിപാടുകളുടെ ആധിക്യവും മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെടുകയും ചെയ്ത പൗലോസ് ശ്ലീഹാ (2കൊരി 12:2–7), തനിക്ക് വേണ്ടിയും സകല വിശുദ്ധന്മാർക്ക്വേണ്ടിയും പ്രാർത്ഥിക്കണമെന്ന് വിശ്വാസികളായ സമൂഹത്തോടഭ്യർത്ഥിക്കുന്നു. (എഫെ 6:18) (1തീമോ 2:2). സുറിയാനി സഭയിലെ 'ആനീദെ' ഞായർ സകല പരേതരെയും ഓർത്ത് പ്രാർത്ഥിക്കുന്ന ദിനവും 'കൊഹനെ' ഞായർ സകല വാങ്ങിപ്പോയ പട്ടക്കാരെയും ഓർത്ത് പ്രാർത്ഥിക്കുന്ന ദിവസമാണ്.

"ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും" – ആചാര്യന്മാർ നീതി ധരിക്കുമ്പോൾ വിശുദ്ധന്മാർ മഹിമയെ ധരിക്കുന്നു, അവർ മൂലം സഭയും (സങ്കീ.132:9–10). ആത്മാവ് ഉറങ്ങുന്നുവെങ്കിൽ ദൈവവും ഉറങ്ങുന്നു(സങ്കീ.121 :4) "തന്റെ ഭക്തന്മാരുടെ മരണം ദൈവത്തിന് വിലയേറിയതാകുന്നു.(സങ്കീ.116:15) "നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത് (സദൃ.10:7). താൻ ജീവിച്ചിരിക്കുമ്പോൾ തന്നെ ശരീരംകൊണ്ട് നിങ്ങൾക്ക് ദൂരസ്ഥനെങ്കിലും ആത്മാവ് കൊണ്ട് നിങ്ങൾക്ക് സമീപസ്ഥനെന്ന് പൗലോസ്ശ്ലീഹാ പറയുന്നു. (കൊലൊ. 2:5). യഥാർത്ഥ സഭ കർത്താവിനെ കാണുന്നത് വിശുദ്ധന്മാർക്കൊപ്പമാണ് (വെളി.14:4), (മത്താ.25:30) അതിനാൽ സ്ഥലകാല പരിമിതിയില്ലാതെ ശരീരംവിട്ടു കർത്താവിനൊപ്പമായിരിക്കുമ്പോൾ തന്നോടപേക്ഷിക്കുന്നവർക്ക് എത്രയധികം മദ്ധ്യസ്ഥത കഴിക്കാൻ വിശുദ്ധന്മാർക്ക് കഴിയും. ശരീരത്തിൽ നിന്നുള്ള വേർപാട് അവസാനമല്ല. ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകൾ ശരീരം വിട്ടാലും ചെയ്യാൻ കഴിയുമെന്നതിനാൽ സുറിയാനി പൈതൃകമുള്ള സഭകളുടെ വിശ്വാസത്താൽ സഭാപിതാക്കന്മാർ കാലം ചെയ്യുമ്പോൾ കസേരയിൽ ഇരുത്തി കബറടക്കുന്നു. വിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ കഷ്ടതയുടെ നാളുകൾ ചുരുങ്ങും.(മത്താ.24:22–23) അവർ ന്യായവിധി നടത്തും (മത്താ.19:28). അവർ കർത്താവിന്റെ നാമത്തിൽ അപേക്ഷിച്ചാൽ ഫലം ലഭിക്കും. (യോഹ.15:16). ജാതികളെ സ്വയം വിധിക്കും (വെളി.2:26–27)ആത്മാവ് നമുക്ക് വേണ്ടി പക്ഷവാതം ചെയ്യുന്നു.(റോമ.8:26) വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത (യിരമ്യ.15:1). മോശ, അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്നിവരുടെ നാമത്തിൽ മദ്ധ്യസ്ഥത യാചിക്കുന്നു. (ആവ.9:27). ദൈവം തന്റെ ദാസനായ ദാവീദ് നിമിത്തം യെരുശലേമിനെ പരിപാലിച്ചു രക്ഷിക്കുന്നു.(യെശ.37:35–36). ദൈവം അബ്രഹാമിനെ ഓർത്ത് ലോത്തിന്റെ ഭൂപ്രദേശങ്ങൾ ഉൻമൂല നാശത്തിൽ നിന്ന് രക്ഷിച്ചു. ഉല്പ.19:28) അന്ധനായിരുന്ന അഹീയ ദീർഘദർശി യെരോബായാമിന്റെ ഭാര്യയെ തിരിച്ചറിഞ്ഞു. (1.രാജ 14:4–6) ആരാം രാജാവിന്റെ അരമനയിലെ ഇസ്രായേലിനെതിരായുള്ള ആലോചനകൾ ഏലീശാ അപ്പോഴപ്പോൾ അറിയുന്നു (2.രാജ 6:8–12) പ്രവാചകനായിരുന്ന ഗേഹസിയുടെ ദ്രവ്യാഗ്രഹം ദൂരെ വച്ച് തന്നെ ഏലീശാ മനസ്സിലാക്കുന്നു.
(2.രാജ 5:25–27) അനന്യാസ് സഫീറാ ദമ്പതികളുടെ കാപട്യം പത്രോസ് മനസ്സിലാക്കുന്നു. (5:3–5) സ്വർണ്ണ ത്രോണോസിന്റെ മുമ്പിലുള്ള സ്വർണ്ണപീഠത്തിലെ സ്വർണ്ണ ധൂപക്കുറ്റിയിലെ കുന്തുരിക്കത്തിന്റെ പുകക്കൊപ്പം വിശുദ്ധന്മാരുടെ പ്രാർത്ഥന ദൈവസന്നിധിയിലേക്ക് പ്രവേശിക്കുന്നതായി യോഹന്നാൻ ശ്ലീഹാ ദർശനത്തിൽ കാണുന്നു. (വെളി.8:3–5)

"നിർത്തീടരുതേ മാതാവേ
ഞങ്ങൾക്കായുള്ളർത്ഥനയെ
ഞങ്ങളിലാർദ്രതതോന്നീടാൻ
ഏകാത്മജനോടർത്ഥിക്കാ"

ബേത്ലഹേം എന്ന പദത്തിന് അപ്പത്തിന്റെ ഭവനം എന്നർത്ഥം അവിടെ നിന്നും ശപിക്കപ്പെട്ട മോവാബിലേക്ക് (ആവ 23:3)പോയ ഏലീമേലേക്ക് നവോമി, രണ്ട് പുത്രന്മാർ എന്നിവരുടെ പരിണാമം എത്ര ശോചനീയമായിരുന്നുവെന്ന് (രൂത്ത് 1:1–6) സത്യവിശ്വാസത്യാഗികൾ മനസ്സിലാകുന്നത് നന്നായിരിക്കും.

# എവൻഗേലിയോൻ ദീപം



റോയി മാത്യൂസ് കോർ എപ്പിസ്ക്കോപ്പാ, മുളമൂട്ടിൽ

### യൽദോയ്ക്കു മുമ്പുള്ള ഞായർ (21 – 12 – 2025)

### വി. മത്തായി 1:1 – 17

ക്രിസ്തുവിന്റെ മനുഷ്യവതാര രഹസ്യം സുവിശേഷം നമുക്ക് വെളിപ്പെടുത്തുമ്പോൾ അവന്റെ ദൈവത്വവും മനുഷ്യത്വവും സുവ്യക്തമായി പഠിപ്പിക്കുന്നുണ്ട്. തന്റെ അമാനുഷിക ജനനത്തെക്കുറിച്ച് വി. മത്തായി എഴുതുമ്പോൾ യൗസേഫിന്റെ ബന്ധത്തിൽ അബ്രഹാമിൽ ആരംഭിച്ച് ക്രിസ്തുവിനെ ഇസ്രായേലിന്റെ പ്രതീക്ഷയായ മ്ശിഹായാണെന്നു വ്യക്തമാക്കുമ്പോൾ വി.ലൂക്കോസാകട്ടെ താൻ നേരിട്ട് മറിയാമിൽ നിന്നും ജനിച്ചിരിക്കുന്നു എന്നു തോന്നുമാറ് മറിയയുടെ ബന്ധത്തിൽ ആദാംവരെയുള്ള വംശാവലി വിവരിച്ചുകൊണ്ട് ക്രിസ്തുവിനെ പുതിയ ആദാമായി ചിത്രീകരിക്കുന്നു. യുഗങ്ങളുടെ പ്രതീക്ഷയായ ക്രിസ്തുവിൽ ഒരു പുതിയ യുഗം ആരംഭിച്ചു. ആ യുഗത്തിന്റെ സന്താനങ്ങളാണ് നാം എല്ലാവരും. യോഹന്നാൻ യാതൊരു മനുഷ്യബന്ധവും ചൂണ്ടികാണിക്കാതെ ദൈവിക ബന്ധത്തിൽ യേശു ദൈവപുത്രൻ എന്ന് തെളിയിച്ചിരിക്കുന്നു. ആദിയിൽ വചനം ഉണ്ടായിരുന്നു. ആ വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സായി കണ്ടു എന്ന് സാക്ഷിക്കുന്നു.

വി. മത്തായി നൽകുന്ന വംശാവലിയിൽ പ്രതിപാദിച്ചിരുന്ന അഞ്ചു സ്ത്രീകളിൽ കർത്താവിന്റെ അമ്മ മറിയം സർവ്വഥ ആദരീണയയാണ്. മറ്റ് സ്ത്രീകൾ പാപക്കറകളാൽ വിശുദ്ധി നഷ്ടപ്പെട്ടവരും വിജാതിയരും ആകുന്നു.

**1. താമാർ** അവളുടെ ഭർത്താവായവർ മരിച്ചു പോയപ്പോൾ സഹോദരന്മാരെക്കൊണ്ട് വിവാഹം കഴിപ്പിക്കുന്നതിന് ഓനാൻ വിസമ്മതിച്ചു. തന്റെ അമ്മായിയപ്പനായ യഹൂദയെ കബളിപ്പിച്ച് അവനിൽ നിന്നും പേരസ്സിനെ പ്രസവിച്ചു.

**2. രാഹാബ്** എന്ന വേശ്യ അത്യുന്നതനായ ദൈവത്തിന്റെ ഭൃത്യന്മാർക്ക് അഭയം നൽകിയതിനാൽ രാഹാബിനേയും കുടുംബത്തേയും യോശുവ രക്ഷിച്ചു. രക്ഷപ്പെട്ടതിനു ശേഷം ഒരു എബ്രായനെ വിവാഹം ചെയ്തു ബോവാസിനെ ജനിപ്പിച്ചു.

**3. പുറജാതിക്കാരി രൂത്ത്** വിധവയായിതീർന്നശേഷം തന്റെ അമ്മായി അമ്മയെ ശുശ്രൂഷിച്ച് ബേത്‌ലഹേമിൽ ചെന്നു ബോവാസിന്റെ ഭാര്യാപദം അലങ്കരിച്ചു.

**4. ബേത്ത്ശേബാ** ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ തന്റെ വ്യഭിചാരത്താൽ ദാവീദിൽ നിന്നും ഗർഭം ധരിക്കുകയും അതു നിമിത്തം ഭർത്താവ് കൊല്ലപ്പെടുകയും ചെയ്ത സ്ത്രീയാണ്.

നമ്മുടെ കർത്താവ് പാപികളെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്യുന്നവനും, സ്ത്രീ പുരുഷ ഭേദമെന്യേ സർവ്വജനതകളുടെയും രക്ഷിതാവായ മ്ശിഹായാണെന്നും യേശുക്രിസ്തുവിന്റെ വംശാവലി വ്യക്തമാക്കുന്നു. ഏതു ഭയങ്കര പാപിക്കും ക്ഷമ നൽകി പുത്രീപുത്രന്മാരാക്കുന്നു. നമ്മെ കർത്താവിന്റെ തൃപ്പാദത്തിൽ നമുക്ക് സമർപ്പിക്കാം.

### യൽദോ (ക്രിസ്തുമസ്) (25 – 12 – 2025)

മ്ശിഹാ ഭൂജാതനായി. പരക്കെ സന്തോഷമായിരിക്കുന്നു. പ്രപഞ്ചത്തിനാകമാനം എന്തോ ഒരു വ്യതിയാനം സംഭവിച്ചിരിക്കുന്നു. സംഭവം എന്താണെന്ന് ആരും പറയാതെ എങ്ങനെ അറിയും. ഈ വാർത്ത ആദ്യമായി ലോകത്തോടു പ്രഖ്യാപിക്കുന്നത് ദൂതന്മാരാണ്. കേൾക്കുന്നവർ ആട്ടിടയരും. ലോകത്തിന്റെ രക്ഷകനായ മ്ശിഹായേക്കുറിച്ച് ആദ്യം കേൾക്കുവാൻ ആട്ടിടയന്മാർക്ക് ഭാഗ്യം ലഭിച്ചു. ഹെരോദാരാജാക്കന്മാർ ഉറങ്ങി കിടക്കുമ്പോൾ, വിദ്യാസമ്പന്നരും, രാഷ്ട്രത്തലവന്മാരും ഉറങ്ങി കിടക്കുമ്പോൾ, മതപണ്ഡിതന്മാരും, ശാസ്ത്രിമാരും പരീശന്മാരും ഉറങ്ങിക്കിടക്കുമ്പോൾ, ആ രാത്രിയുടെ ഏകാന്തതയിൽ സ്വർഗ്ഗീയ ദൂതന്മാരുടെ ശബ്ദം കേൾക്കുവാൻ ആട്ടിടയന്മാർക്ക് ഭാഗ്യം ലഭിച്ചു. രാപ്പകലെന്നില്ലാതെ ജീവിതാദ്ധ്വാനത്തിലേർപ്പെട്ടിരിക്കുന്ന, ജീവിതമേ ഒരു പഴഞ്ചൻ എന്നും സ്വയം വിധിയെഴുതി ത്തള്ളി ജീവിത നൈരാശ്യത്തിൽ കുടുങ്ങിയ ഇടയന്മാർ തങ്ങളുടെ ജീവിതത്തിലെ അസ്വസ്ഥതകളുടെ നടുവിൽ കേട്ടതോ സ്വസ്ഥതയുടെ ശബ്ദം ആയിരുന്നു. അവരുടെ ദുഃഖങ്ങളുടെ നടുവിൽ ആശ്വാസത്തിന്റെ ശബ്ദം അവർ കേട്ടു. ഇതാണ് ദൈവശബ്ദത്തിനുള്ള പ്രത്യേകത.

ഈ ആട്ടിടയന്മാർക്ക് ഒരു വെളിപ്പാടും ഒരു ദർശനവും ലഭിച്ചു. ഈ നൂറ്റാണ്ടിൽ നമുക്കും ഇവ രണ്ടും ലഭിച്ചിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഇതായിരുന്നു. ആ കാലത്ത് യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നത് ദൈവത്തിന്റെ രക്ഷ യഹൂദന്മാർക്ക് മാത്രം എന്നാണ്. എന്നാൽ അതിനേക്കാൾ ശ്രേഷ്ഠമായ ഒരു വെളിപാട് ആട്ടിടയന്മാർക്ക് ലഭിച്ചു. അമിതമായ മതഭക്തിയും സംഘടനാ സ്പിരിറ്റും വർദ്ധിച്ചതോടെ ഈ കാലഘട്ടത്തിൽ അനേകർക്ക് ഈ വെളിപാട് നഷ്ടപ്പെട്ടു പോയിരിക്കുന്നു. ഞങ്ങൾ മാത്രമേ സ്വർഗ്ഗത്തിൽ പോവുകയുള്ളൂ. എന്റെ ഉപദേശം മാത്രമാണ് ശരി, ഇതാണ് വെളിപാട് നഷ്ടപ്പെട്ടവരുടെ ചിന്ത. നിങ്ങളുടെ അയൽപക്കത്തെ ഹൈന്ദവനും, മുസൽമാനും, ബുദ്ധമതക്കാരനും കൂടെയുള്ളതാണ് ഈ മഹാസന്തോഷം. യേശു അവരേയും സ്നേഹിക്കുന്നു. അവരോടും നാം സുവിശേഷം പറയേണ്ടിയിരിക്കുന്നു. ആട്ടിടയർക്ക് ആരാധനയെ സംബന്ധിച്ച് ദർശനം ഉണ്ടായി. ഇതിനു മുമ്പ് ആരാധന നഷ്ടപ്പെട്ടിരുന്നുവല്ലോ. എന്നാൽ ദൂതന്മാർ ദൈവത്തെ ആരാധിക്കുന്നതിലൂടെ ആരാധന എന്ത്, എങ്ങനെ എന്ന് ദൈവം അവരെ പഠിപ്പിച്ചു. ഇന്നും ദൈവജനത്തിന് ആരാധനയെക്കുറിച്ച് പ്രത്യേകിച്ച് ദർശനം ലഭിക്കേണ്ടിയിരിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം, ഇതാണ് ആരാധന. യേശുക്രിസ്തുവിന്റെ വിൽപത്രം എന്നാണ് സമാധാനത്തെക്കുറിച്ച് പണ്ഡി

തർ പറയുന്നത്. ഇവർക്ക് ലഭിച്ച ദർശനം എത്ര ശ്രേഷ്ഠം.

ആട്ടിടയൻ തങ്ങളുടെ ലക്ഷ്യം തെറ്റാതെ സന്തോഷത്തോടെ ചെന്ന് ആരാധിച്ചു മടങ്ങിപ്പോയി. നമുക്കും യേശുവിനെ കണ്ട് ആരാധിച്ച് സമാധാനത്തോടെ ജീവിക്കുവാൻ കൃപ ലഭിക്കട്ടെ. ക്രിസ്തുമസിന്റെ മംഗളങ്ങൾ നേരുന്നു.

## യൽദോയ്ക്കു ശേഷം 1 –ാം ഞായർ

## (28 – 12 – 2025)

## ജ്ഞാനത്തിലും ദൈവകൃപയിലുമുള്ള വളർച്ച

## വി. ലൂക്കോസ് 2:39 – 52

സോക്രട്ടീസ് തത്വജ്ഞാനത്തെ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേയ്ക്ക് കൊണ്ടുവന്നു എന്നു പറയപ്പെടുന്നു. പദാർത്ഥ പരിണാമത്തെയും പ്രപഞ്ചോല്പത്തിയെയും കുറിച്ച് ആലോചിച്ച് തലപുകയുന്നതിനു പകരം രാജ്യത്തിന്റെ ഉത്തമ പൗരന്മാരെ അതിലേയ്ക്ക് പ്രതിദിന ജീവിതത്തിൽ ഉത്തമരായിരിപ്പാനാണ് അന്യജാതിജനങ്ങളെ പഠിപ്പിച്ചത്. പ്രായോഗിക തലത്തിൽ ജീവിതം വിജയകരമാക്കുന്നതിന് ജ്ഞാനം ആവശ്യമാണ്. യഹോവ ഭക്തിയാണ് ജ്ഞാനത്തിന്റെ ഉന്നതിക്കുള്ള വഴിയും. ഭക്തികൊണ്ട് മനഃശാന്തി ഉണ്ടാവുകയും അന്യരോട് അസൂയ ഉണ്ടാകാതിരിക്കുകയും വേണം. ശാന്തമനസ്സ് ദേഹത്തിനു ജീവൻ. അസൂയയോ അസ്ഥികൾക്ക് ദ്രവത്വം എന്നാണ് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നത് (സദൃ.14:30).

ഉപദ്രവിച്ചവരെ എത്ര നാളുകൾ കഴിഞ്ഞാലും ഓർമ്മയിൽ വച്ചു പ്രതികാരം ചെയ്യുന്ന മൂർഖൻപാമ്പിൻ പകയും ആനപ്പകയും പ്രസിദ്ധങ്ങളാണ്.

അറബികളോട് അമേരിക്ക കാട്ടിയിട്ടുള്ള ക്രൂരതയുടെ പക മനസ്സിൽ വളർത്തി സ്വന്തജീവൻ പോലും പണയം വച്ച് അമേരിക്കയുടെ അഭിമാനസ്തംഭങ്ങൾ തകർക്കുകയും ഭീകരപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. പക വളരെക്കാലം വച്ചുകൊണ്ടിരിക്കുന്നതാണ് പൗരുഷമെന്നു കരുതിയ കാലങ്ങളുണ്ട്. എന്നാൽ മനുഷ്യനെ മൃഗത്തിൽ നിന്നും വ്യത്യാസപ്പെടുത്തുന്നത് പ്രതികാരം നടത്താനുള്ള സാമർത്ഥ്യമല്ല നേരെ മറിച്ച് ഉപദ്രവം ഏൽക്കാനും ക്ഷമിക്കാനുമുള്ള കഴിവാണെന്നാണ് മഹാന്മാരുടെ സാക്ഷ്യം. ബുദ്ധന്റെയും ക്രിസ്തുവിന്റെയും അഹിംസാദർശനത്തിൽ മാത്രമല്ല, സാമ്രാജ്യം പിടിച്ചടക്കുന്നതിനു ലക്ഷോപലക്ഷം ജനങ്ങളെ ചുട്ടെരിയിച്ച നെപ്പോളിയന്റെ മഹാമനസ്കതയും അതായിരുന്നു.

(എന്റെ ആയുസ്സിൽ ഒരിക്കലെങ്കിലും എന്നെ ഉപദ്രവിച്ചവരോട് വ്യക്തി വൈരാഗ്യം വെച്ചുകൊണ്ടു ഞാൻ പെരുമാറിയിട്ടില്ല എന്നാണ് അദ്ദേഹം പറഞ്ഞത്) അദ്ദേഹത്തെക്കാൾ അധമന്മാരായ ആളുകളായി നാം തീരരുത്.

കോപംകൊണ്ട് ക്ഷോഭിച്ചിളകിമറിയാതെ ശാന്തമായിരിക്കുന്ന മനസ്സ് ശരീരത്തിനു ജീവനും ഓജസ്സും ആരോഗ്യവും സൗന്ദര്യവും നൽകുമെന്നും അസൂയാകലുഷിതമായ മനസ്സാകട്ടെ അസ്ഥികളെ ദ്രവിപ്പിക്കുകയും ആരോഗ്യത്തെ നശിപ്പിക്കുകയും ചെയ്യും. കോപത്താലുണ്ടാകുന്ന രക്തപ്രവാഹം കൊണ്ടു കണ്ണു ചുവക്കുക മാത്രമല്ല കണ്ണു കാണാൻ പാടില്ലാതാകുന്നവരും ഉണ്ട്. അതിന് കോപാന്ധത എന്നു പറയുന്നു. സുഗമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു യന്ത്രത്തിൽ കല്ലും മണ്ണും വാരിയിടുന്നതുകൊണ്ട് അതിനു കേടുവരുന്നതുപോലെ ദുർവികാരങ്ങളാൽ ശരീരത്തിനു മുഴുവനായി തകരാറു വരുത്തുന്നു.

എന്നാൽ ദൈവഭക്തിയും ദൈവീക സ്നേഹവും നിറഞ്ഞ ഹൃദയമാകട്ടെ ശാന്തിയുടെയും സൗഖ്യത്തിന്റെയും ഉറവിടമാകുന്നു. ഹൃദയശാന്തി ശരീരത്തെ ജീവനും ചൈതന്യവും കൊണ്ട് നിറയ്ക്കുന്നു. ദൈവഭക്തി ഹൃദയശാന്തിയും ദേഹകാന്തിയും നൽകുന്ന പോഷകാഹാരമാണ്. അതുകൊണ്ടാണ് നിങ്ങൾ അറിയാത്ത ആഹാരം എനിക്കുണ്ട് എന്ന് യേശു പറഞ്ഞത്.

മനുഷ്യന്റെ സകല പ്രശ്നങ്ങൾക്കും പരിഹാരവും ശരീരാത്മ ദേഹികളുടെ സൗഖ്യവും നൽകുന്ന ദിവ്യ ഔഷധമാണ് ക്രിസ്തുയേശുവിൽ വെളിപ്പെട്ട നിസ്വാർത്ഥ സ്നേഹം. ആ സ്നേഹം ഉള്ളവരായി ആരോഗ്യമുള്ളവരായി നമുക്ക് ജീവിക്കാം. എല്ലാവർക്കും പുതുവത്സര മംഗളങ്ങൾ നീണാൾ നേരുന്നു.

## യൽദോയ്ക്കു ശേഷം 2 –ാം ഞായർ

## (04 – 01 – 2026)

## ഫാ. ഷിജു തോമസ് കല്ലേലിൽ

## വി. മത്തായി 2:19 – 23

ഹേരോദോസ് രാജാവിന്റെ കാലശേഷമാണ് ശത്രുഭയത്തിന്റെ കാലം തിരുകുടുംബത്തെ സംബന്ധിച്ച് ഇല്ലാതാകുന്നത്. അതുവരെ രാജാവ് യേശുവിനെ കണ്ടെത്തി, കുഞ്ഞിനെ ഇല്ലാതാക്കും എന്നുള്ള ഭയം യൗസേഫിനും മറിയത്തിനും ഉണ്ടായിരുന്നു. മിസ്രേമിലേയ്ക്ക് ശിശുവിനെ കൊണ്ടുപോകുമ്പോൾ ശിശുവിന് ഏതാണ്ട് ഒരു വയസ്സ് പ്രായം ഉണ്ടായിരുന്നതായി കണക്കാക്കുന്നു. അതിനുശേഷം രണ്ട് വർഷം കഴിഞ്ഞാണ് ഹേരോദേസ് മരിച്ചതെന്ന് അനുമാനിക്കുന്നു. ഇവിടെ ദൈവത്തിന്റെ നടത്തിപ്പ് വീണ്ടും ഉണ്ടായി യൗസേഫിനോട് പൈതലിനെയും മാതാവിനെയും കൂട്ടിക്കൊണ്ട് ഇസ്രായേലിലേക്ക് വരുവാൻ സ്വപ്നത്തിൽ ആവശ്യപ്പെടുകയാണ്.

ഹേരോദാവ് രാജാവിന്റെ മരണശേഷം അയാളുടെ രാജ്യം തന്റെ മക്കളായിരുന്ന അർക്കലയോസ്, ഫിലിപ്പ്, അന്തിപ്പാസ് എന്നിവർ ഭാഗിച്ചെടുത്തു. ഇവരിൽ അർക്കലയോസാണ് യഹൂദ്യാ ഭരിച്ചിരുന്നത്. സ്വന്തം പിതാവിന്റെ ക്രൂരത തന്നെ പിന്തുടരുവാനായിരുന്നു അർക്കലയോസ് എന്നതുകൊണ്ട് തിരുകുടുംബത്തിന് ഈ രാജാവു ഭരിച്ചിരുന്ന പ്രദേശത്തേക്ക് കടന്നുവന്നു താമസമുറപ്പിക്കുന്നതിനു ഭയമുണ്ടായി. അർക്കലയോസ് ഒരു പെസഹാപെരുന്നാളിൽ ഒരു ചെറിയ കാരണം നിമിത്തം യെരുശലേമിൽ ഏതാണ്ട് മൂവായിരത്തോളം യഹൂദന്മാരെ വധിച്ചിരുന്നു. ഇദ്ദേഹത്തിന്റെ സ്വഭാവവും ക്രൂരതയും നിമിത്തം റോമാ ചക്രവർത്തി ഇയാളെ സ്പെയിനിലേക്കു നാടു കടത്തുകയും അവിടെ വച്ചു മരിക്കുകയുമാണുണ്ടായത് എന്നാണ് ചരിത്രം.

ഇവിടെ താൻ കടന്നുചെല്ലുന്നതായ യെഹൂദ്യയെക്കുറിച്ചും അവിടുത്തെ രാജാവിനെക്കുറിച്ചും മനസ്സിലാക്കിയ യൗസേഫ് തിരുകുടുംബവുമായി ഗലീല പ്രദേശത്തു ചെന്ന് അവിടെ നസ്രേത്ത് എന്ന ഗ്രാമത്തിൽ പാർക്കുന്നു.

മിസ്രമീൽ നിന്നു തിരിച്ചുവന്ന തിരുകുടുംബത്തിന്റെ ഈ വാസത്തെക്കുറിച്ച് സുവിശേഷ കർത്താവിന്റെ അഭിപ്രായം 'അവൻ നസറായൻ എന്നു വിളിക്കപ്പെടും' എന്ന് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തു നിവൃത്തിയാകുവാൻ തക്കവണ്ണം ഇതു സംഭവിച്ചു എന്നാണ് (വാക്യം 23). ഇപ്രകാരം ഒരു പ്രവചനം വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല എങ്കിലും അത് വാമൊഴിയായി സമൂഹമദ്ധ്യത്തിൽ നിലനിന്നിട്ടുള്ളതാകാം (ഉദാ. യൂദാ 1:15).

ഇവിടെ യൗസേഫിനും, തിരുകുടുംബത്തിനുമുണ്ടായ അരുളപ്പാടുകൾ താൻ സ്നേഹിക്കുന്നവരെ ദൈവം വഴി നടത്തുന്നു എന്നും, തന്റെ വിശ്വസ്തരെ ഉപദ്രവിക്കുവാൻ ശ്രമിക്കുന്നവരുടെ കൈയ്യിൽ നിന്നു അവരെ വിടുവിക്കുവാൻ ദൈവം പ്രവർത്തിക്കുന്നു എന്നും നമുക്ക് മനസ്സിലാക്കാം.

### ദനഹാ ( 2026 ജനുവരി 6) വി. ലൂക്കോ. 3:15–22

നമ്മുടെ കർത്താവ് യോഹന്നാനിൽ നിന്നും സ്നാനം ഏൽക്കുന്ന ദിവസമാണ് ദനഹാ പെരുന്നാൾ. ഈ ദിവസത്തിന്റെ ദൂത് മാനസാന്തരപ്പെടുക എന്നുള്ളതാണ്. ക്രിസ്തുവിനോടു ചേരുന്ന ഏതൊരു വ്യക്തിക്കും പാപമോചനം ആദ്യം വി. മാമോദീസായിൽ നിന്നും പിന്നീട് സത്യ അനുതാപത്തോടുകൂടിയ കുമ്പസാരത്തിലും ലഭിക്കുന്നു.

നമ്മുടെ ഇടയിലുള്ള പലരും കരുതുന്നത് താഴ്ന്നവർഗ്ഗത്തിൽപ്പെട്ടവർക്കോ, അക്രൈസ്തവർക്കോ മാത്രം ആവശ്യമുള്ളതാണ് മാനസാന്തരം എന്നാണ്. എന്നാൽ നമ്മുടെ സഭയിലെ പ്രധാനപ്പെട്ടവർക്ക് ഇത് ഒട്ടുമേ ആവശ്യമില്ല എന്നാണ്. മാനസാന്തരം എന്ന ആശയത്തോട് അതൃപ്തി മനുഷ്യർക്ക് വളർന്നുവരുന്നതിന്റെ കാരണങ്ങൾ പഠിക്കുമ്പോൾ ഒന്നാമതായി മാനസാന്തരത്തിൽ ഒരു വിശ്വാസവും ഇല്ലാ എന്നുള്ളത്. രണ്ടാമതായി വഴിപിഴച്ച സുവിശേഷവേല രീതികൾ കാരണം സഭാപരിവർത്തനങ്ങൾ ഉണ്ടാകുന്നതുകൊണ്ടാണ്. അതുകൊണ്ട് മനുഷ്യർക്ക് മാനസാന്തരത്തോട് താല്പര്യമുണ്ടാകണമെങ്കിൽ നമ്മുടെ ധാരണ യഥാർത്ഥ വേദപുസ്തകാടിസ്ഥാനത്തിൽ ആയിരിക്കണമെങ്കിൽ രണ്ടു സത്യങ്ങൾ ചേർത്ത് പിടിക്കണം. (2.കൊരി. 5:18–21–റോമ.5:11)

ഒന്നാമത് ദൈവം ക്രിസ്തുവിൽ ലോകത്തെ തന്നോടു നിരപ്പിക്കുകയായിരുന്നു. രണ്ടാമത് നിരപ്പു പ്രാപിക്കണമെങ്കിൽ നാം തന്നെ ക്രിസ്തുവിൽ ആയിരിക്കണം. വിശ്വാസയാത്രയുടെ ആരംഭത്തിൽ പ്രത്യേകിച്ചും മാനസാന്തരവും വിശ്വാസവും ആവശ്യമാണെന്നു സംശയലേശമെന്യേ പറയാം. നമ്മുടെ ഭയങ്കരമായ പാപാവസ്ഥയെക്കുറിച്ചും തെറ്റുകളെക്കുറിച്ചും നിസ്സഹായവസ്ഥയെക്കുറിച്ചും ഉള്ള അനുതാപം. തുടർന്ന് നമ്മുടെ ഉള്ളിൽ തന്നെയെന്ന് നമ്മുടെ കർത്താവ് പറഞ്ഞ ദൈവരാജ്യം നാം വിശ്വാസത്താൽ സ്വീകരിക്കണം. പരിശുദ്ധാത്മാവിൽ സന്തോഷവും സമാധാനവും നീതിയുമായ ദൈവരാജ്യം നാം പ്രാപിക്കണം. നമ്മുടെ ക്രിസ്തീയ വളർച്ചയുടെ ഓരോ വികാസദശയിലും ആവശ്യമായ നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം ഓടാൻ സഹായിക്കുന്ന മാനസാന്തരം ആവശ്യമാണ്. വിശ്വാസം മൂലം മാനസാന്തരവും ഭക്തിപരമായ ജീവിതം ഇവ ഒരിക്കലും തമ്മിൽ വേർപിരിയുന്നതല്ല. എല്ലാവരും മാനസാന്തരപ്പെടണം എന്ന് ദൈവം കല്പിക്കുന്നു. പാപത്തിൽ നിന്ന് വിശുദ്ധിയിലേക്കുള്ള മനസ്സിന്റെ ആന്തരികമായ ഒരു രൂപാന്തരമാണ് മാനസാന്തരം. ഉദാ. മഗ്ദലന മറിയത്തിന്റെ മാനസാന്തരം.

ആത്മാവിന്റെയും ജഡത്തിന്റെയും എല്ലാ അശുദ്ധിയിൽ നിന്നും നിന്നെ ശുദ്ധമാക്കുവാൻ യേശുവിനു കഴിയും. നിന്നെ സ്നേഹിച്ചു നിനക്കുവേണ്ടി തന്നത്താൻ നൽകി തന്റെ പാപങ്ങളെയെല്ലാം സ്വന്ത ശരീരത്തിൽ വഹിച്ചുകൊണ്ട് കുരിശിൽ കയറിയ നിന്റെ എല്ലാ കുറ്റങ്ങളിൽ നിന്നും തിരുരക്തത്താൽ നിന്നെ തുടർച്ചയായി രക്ഷിച്ചുകൊണ്ടിരിക്കുന്ന യേശുക്രിസ്തുവിൽ നമുക്ക് വിശ്വസിക്കാം.

### ദനഹായ്ക്കുശേഷം 1–ാം ഞായർ (11–01–2026) വി. മത്തായി 4:12–22

ലോകസംഭവങ്ങളിലേക്ക് കണ്ണോടിച്ചാൽ അനിശ്ചിതത്വവും അന്ധാളിപ്പുമാണുളവാകുന്നത്. പ്രകൃതിക്ഷോഭങ്ങളും ഭീകരപ്രവർത്തനങ്ങളും കഴിഞ്ഞ വർഷത്തിൽ ലോകജനതയെ നടുക്കുകയുണ്ടായി. എന്നാൽ അതിന്റെ നടുവിൽ കർത്താവ് നമ്മെ കാത്തു സൂക്ഷിച്ചു നടത്തിയ വഴികൾ ഓർമ്മിക്കുമ്പോൾ ഇത്രത്തോളം യഹോവ സഹായിച്ചു എന്ന് നന്ദിയോടും സ്തോത്രത്തോടും നാം ഓരോരുത്തരും പറയേണ്ടതാണ്.

ഏതു സമയത്തും എന്തും സംഭവിക്കാവുന്ന പൊട്ടിത്തെറിയുടെയും പിരിമുറുക്കത്തിന്റെയും അന്തരീക്ഷമാണ് എല്ലാ രംഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ നമുക്ക് ആരിൽ ആശ്രയിക്കാൻ കഴിയും. യെശയ്യാ പ്രവാചകനിലൂടെ യിസ്രായേലിനു ദൈവം വാഗ്ദത്വം നൽകുകയാണ്. യെശയ്യ 49:10 കരുണയുള്ളവൻ നിങ്ങളെ വഴി നടത്തും.

കണ്ണിൽ ചോരയില്ലാതെ സംസാരിക്കുകയും വേദനിപ്പിക്കുകയും ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്യുന്ന മനുഷ്യരുള്ള ഈ ലോകത്ത് ലക്ഷക്കണക്കിനു മനുഷ്യമക്കൾ കരുണയ്ക്കായി ദാഹിക്കുകയാണ്. തൊഴിൽമേഖല, വിദ്യാഭ്യാസ മേഖല, രാഷ്ട്രീയ മേഖല - എവിടെയാണ് കരുണയുടെ അനുഭവം ലഭിക്കുന്നത്. എല്ലായിടത്തും ക്രൂരതയുടെ മുഖമാണ്. എന്നാൽ കരുണയും മനസ്സലിവുമുള്ള ഒരു കർത്താവ് നമുക്ക് ഉണ്ടെന്നുള്ളത് ആശ്വാസപ്രദമാണ്. ജീവിതയാത്രയിൽ കടഭാരത്താലും മറ്റുപ്രശ്നങ്ങളാലും വീർപ്പുമുട്ടുന്നവരുണ്ട്. അങ്ങനെയുള്ളവരെയും വഴി കാണിച്ചുകൊടുക്കുകയും അതിൽ നടത്തുകയും ചെയ്യുന്ന കാരുണ്യവാനാണ് നമ്മുടെ കർത്താവ്. യിസ്രായേൽ ചെങ്കടൽ കണ്ട് വഴി മുട്ടി നിൽക്കുമ്പോൾ അതിന്റെ നടുവിൽ വഴിയുണ്ടാക്കിയ കർത്താവ് ഇന്നും ജീവിക്കുന്നു. ആഹാരം, വസ്ത്രം, പാർപ്പിടം ഇവ നൽകി നന്മകളാൽ പോഷിപ്പിക്കുന്നവനാണ് നമ്മുടെ കരുണയുള്ള കർത്താവ് ഭയപ്പെടുകയും ഭാരപ്പെടുകയും വേണ്ട. അവൻ നടത്തും. ●

## പാലിയേറ്റീവ് കെയർ യൂണിറ്റ് ഉത്ഘാടനം

വാകത്താനം സെന്റ് സൈമൺസ് ക്നാനായ പള്ളിയുടെ സാന്ത്വനം (ചാരിറ്റബിൾ ട്രസ്റ്റ്) പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഉത്ഘാടനം ഇടവകയുടെ വലിയപെരുന്നാൾ ദിവസമായ നവംബർ 10–ാം തീയതി വി. കുർബ്ബാനയ്ക്ക് ശേഷം ക്നാനായ സമുദായത്തിന്റെ വലിയമെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു.

സാന്ത്വനം ചെയർമാൻ വികാരി ഫാ. മോനായി കെ.ഫിലിപ്പ് കർക്കടകംപള്ളിൽ, വൈസ് ചെയർമാൻ തോമസ് മാത്യു ആലഞ്ചേരിൽ, ക്നാനായ കമ്മിറ്റിയംഗം സജി താന്നിക്കൽ, സെക്രട്ടറി ജെസ്റ്റിൻ മാത്യു കുന്നുംപുറത്ത്, ട്രഷറാർ ജിനു മരങ്ങാട്ട്, കെ.കെ. സ്കറിയാകുട്ടി കാക്കാംപറമ്പിൽ, ഷോബി മരങ്ങാട്ട്, സിബി ഏബ്രഹാം പന്ത്രണ്ടാം കുഴിയിൽ, മജു പുത്തൻപറമ്പിൽ, സഞ്ജയ് വിലങ്ങൻപാറ, ലിബു ഏബ്രഹാം, റെജി വലിയവീട്ടിൽ എന്നിവർ സന്നിഹിതരായിരുന്നു.

# അല്പം ആഹ്ലാദവും വലിയ നാശവും

സി.ഐ. ചാക്കോ (ജേക്കബ്),
വലിയപാറയിലായ കൊച്ചുപറമ്പിൽ

**കുടുംബ കലഹങ്ങളുടെയും കുടുംബ ക്ഷമതകളുടെയും ചരിത്രം പരിശോധിച്ചാൽ മദ്യമെന്ന വില്ലനാണ് അവയുടെ പിന്നിലെന്ന് കാണാം. വാഹനാപകടങ്ങളുടെയും പിന്നിലും ആക്രമ സംഘടനകളുടെ പിന്നിലും മദ്യരാജാവിന്റെ സ്വാധീനം കാണാം.**

മൃഗങ്ങളിൽ നിന്നും വിഭിന്നനല്ലാത്ത മനുഷ്യന് ദൈവം വിശേഷബുദ്ധി നൽകി, മൃഗങ്ങളിൽ നിന്നും അവനെ ഒരു പടികൂടി ഉന്നതനാക്കി, പക്ഷേ ബുദ്ധിക്ക് നഞ്ചായ മദ്യം കഴിച്ച് മനുഷ്യൻ സ്വയം മൃഗമായി അധഃപതിക്കുന്നു.

മദ്യം മാരകമായ വിഷമാണെന്നു പറഞ്ഞവർ കൊള്ളാത്തവരോ വിവരം കെട്ടവരോ ആണെന്ന് മദ്യപാനികൾ കരുതുന്നു. മദ്യസേവകൊണ്ട് കൂട്ടമരണം സംഭവിക്കുമ്പോൾ മാത്രം അതിനു പക്ഷാന്തരമുണ്ടാകും. അതു നൈമിഷികം മാത്രം. ഉത്തരക്ഷണത്തിൽ ആളുകൾ അവയെല്ലാം മറക്കുന്നു. മദ്യസേവ ഈശ്വര സപര്യയെക്കാൾ വലുതായി അവർ കാണുന്നു.

മദ്യം ഉണ്ടാക്കരുത്, കുടിക്കരുത്, കൊടുക്കരുത് എന്ന് സർവ്വാത്മനാ ഉപദേശിച്ച ശ്രീനാരായണ ഗുരുവിന്റെ ഓർമ്മ ആചരിച്ച വേദിയിലാണല്ലോ വൈപ്പിൽ കരയിൽ വ്യാജമദ്യമെന്ന ദുർദേവത ഒട്ടേറെ പേരുടെ ജീവൻ അപഹരിച്ചു നൃത്തമാടിയത്.

കുടുംബ കലഹങ്ങളുടെയും കുടുംബ ക്ഷമതകളുടെയും ചരിത്രം പരിശോധിച്ചാൽ മദ്യമെന്ന വില്ലനാണ് അവയുടെ പിന്നിലെന്ന് കാണാം. വാഹനാപകടങ്ങളുടെയും പിന്നിലും ആക്രമസംഘടനകളുടെ പിന്നിലും മദ്യരാജാവിന്റെ സ്വാധീനം കാണാം. പ്രഗത്ഭനായ ഒരു യുവ ഐ.എ.എസ്. ഉദ്യോഗസ്ഥൻ വരുത്തിയ കാറപകടത്തിലേയും വില്ലൻ മദ്യം തന്നെ. അത് കോടതിയിൽ തർക്ക വിഷയമായി അവശേഷിക്കുന്നു.

ഒരിക്കൽ ഒരു പുണ്യസ്ഥലത്തേക്ക് തീർത്ഥാടക സംഘം കാൽ നടയായി നീങ്ങുകയാണ്. അതിനിടയിൽ ഗാനം ആലപിക്കാനും മറ്റുമുള്ളവരെ വഹിക്കുന്ന വാഹനം മന്ദം മന്ദം നീങ്ങുന്നു. ഒരു വിദേശ മദ്യശാലയുടെ മുൻപിൽ ഈ വാൻ നിന്നു. അതിൽ നിന്നു ഒരാൾ ഇറങ്ങി ഒരു കുപ്പിയും വാങ്ങി



തിരികെ കയറുന്ന കാഴ്ചയാണ് കാണുന്നത്. ആധ്യാത്മിക പരിപാടിയായ പുണ്യയാത്രയ്ക്ക് പോകുമ്പോൾപോലും മധ്യത്തിന്റെ ആശിസ്സ് ആവശ്യമായി കാണുന്നു. പള്ളിപെരുന്നാളുകൾക്ക് സമീപത്തുള്ള മദ്യഷാപ്പുകൾ ഉദാരമായ സംഭാവനകൾ നൽകുന്നു. എന്തുകൊണ്ട്? പള്ളിഭക്തിയാണോ? ഭക്തജനങ്ങളുടെ സന്ദർശനം പ്രതീക്ഷിച്ചുകൊണ്ടോ?

മദ്യപാനം മനുഷ്യനെ എങ്ങനെ നശിപ്പിക്കുന്നു.എന്നു കാണിക്കുന്ന ഒരു നാടോടിക്കഥ അറേബ്യയിലുണ്ട്. ഒരു രാജാവ് തന്റെ പ്രജകളിൽ ഒരാളോട് പറഞ്ഞു താങ്കളോട് മൂന്നു കാര്യങ്ങൾ ഞാൻ ആജ്ഞാപിക്കുന്നു. ഇവയിൽ ഒന്ന് ഇഷ്ടാനുസരണം തെരഞ്ഞെടുക്കണം.

എന്തായിരിക്കും രാജകല്പന എന്ന് ആശങ്കയോടും ജിജ്ഞാസയോടും അയാൾ കാത്തിരിക്കുമ്പോൾ കല്പനയുമായി. ഒന്നുകിൽ ആ മനുഷ്യൻ ഭാര്യയെ കൊല്ലണം അല്ലെങ്കിൽ ഏകപുത്രനെ വിഷംകൊടുത്തു കൊല്ലണം, അതുമല്ലെങ്കിൽ ഒരു മദ്യപാനി ആകണം. ഇതായിരുന്നു രാജാവിന്റെ നിർദ്ദേശം.

തന്നോട് ആവശ്യപ്പെട്ട മൂന്നു കാര്യങ്ങളിൽ ഏറ്റവും നിസാരമെന്നു തോന്നിയ മൂന്നാമത്തെ കാര്യം മദ്യപാനിയാകാനുള്ള നിർദ്ദേശം ആ മനുഷ്യൻ തെരഞ്ഞെടുത്തു. സാധാരണ ആരും അങ്ങനെയായിരിക്കും ചെയ്യുന്നത്.

അയാൾ കുടിച്ചുതുടങ്ങി കുറേ നാൾകൊണ്ട് മുഴുകുടിയനായി. സുബോധം നഷ്ടപ്പെട്ട അയാൾ ദൈനംദിനം ആയൽക്കാർക്കും ബന്ധുക്കൾക്കുമെതിരെ അനേകം ക്രൂരകൃത്യങ്ങൾ ചെയ്തു. സ്വന്തം ഭാര്യയെ വെട്ടിക്കൊന്നു, മകന് വിഷം കൊടുത്തു കൊന്നു. ഒടുവിൽ നിരാശനായി അയാൾ ആത്മഹത്യ ചെയ്തു.

പാലസ്തീനായിലെ മറ്റൊരു നാടോടിക്കഥ ഇങ്ങനെ. ഭൂമിയിൽ ആദ്യം മുന്തിരി വിത്ത് ദൈവം കുഴിച്ചിട്ടപ്പോൾ പിശാച് ഓടിച്ചെന്ന് അതിന് സംരക്ഷണം നൽകി. അതിന്റെ ചുവട്ടിൽ മയിലിന്റെ കഴുത്തറുത്ത് രക്തം ഒഴിച്ച് മുന്തിരി ഈരിലമൂവിലയായി വളർന്നു. അപ്പോൾ പിശാച് ഒരു കുരങ്ങനെ കൊന്ന് അതിന്റെ ചൂടു രക്തം മുന്തിരിയുടെ ചുവട്ടിൽ ഒഴിച്ചു. കുറേ ദിവസങ്ങൾക്കുശേഷം പിശാച് ഒരു കരടിയെ വധിച്ച് അതിന്റെ ചോരയും ചെടിയുടെ ചുവട്ടിൽ ഒഴിച്ചു. മുന്തിരിച്ചെടി വേഗം വളർന്നു. പൂവും കായും അതിൽ വിരിഞ്ഞു. പിശാച് ഒരു പന്നിയെ കൊന്ന് അതിന്റെ രക്തവും മുന്തിരിയുടെ ചുവട്ടിൽ വീഴ്ത്തി. നാലു തരത്തിലുള്ള രക്തസേചനംകൊണ്ട് മുന്തിരി നീരിന്റെ സ്വഭാവവും അവക്കനുസൃതമായി. മദ്യം ഒരു ഗ്ലാസ്സ് അകത്തു ചെന്നാൽ കുടിയന് ആഹ്ലാദമായി അവൻ മയിലിനെപ്പോലെ ആടാൻ തുടങ്ങി രണ്ടാമത്തെ ഗ്ലാസ്സ് അകത്തു ചെന്നാൽ മത്ത് തലയ്ക്കുപിടിക്കും. പിന്നെ കുരങ്ങന്റെ ചേഷ്ടകൾ കാണിച്ചു തുടങ്ങും .

വീണ്ടും കുടി തുടങ്ങിയാൽ കരടിയുടെ സ്വഭാവം അയാൾ കാണിച്ചു തുടങ്ങും. അതുകൊണ്ട് കുടിക്ക് വിരാമ മിടുന്നില്ലെങ്കിൽ പോർക്കിന്റെ സ്വഭാവവും പുറത്തുവരും. മുമ്പിൽ കാണുന്ന ആരേയും ആക്രമിക്കും. മൂല്യവത്തായ എന്തും ചവിട്ടിമെതിക്കും മാത്രമല്ല ചെളിയിൽ കിടന്ന് ഉരുളാനും പന്നി മടിക്കയില്ലല്ലോ. അതു തന്നെ ആയിരിക്കും മൂക്കറ്റം കുടിച്ചവനും ചെയ്യുക.

മദ്യം വിഷമാണ്. അത് ശരീരത്തേയും ആത്മാവിനേയും ഒരുപോലെ ദുർബലമാക്കുകയും നശിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് മദ്യപാനത്തിനുള്ള ക്ഷണമോ പ്രേരണയോ വരുമ്പോൾ തന്നെ ദൈവം നൽകിട്ടുള്ള വലിയ ദാനമായ ഇഛാശക്തി ഉപയോഗിച്ച് 'നോ' എന്നു പറയണം. മദ്യസേവക്ക് പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയാണ് വേണ്ടത്.

അതിന് അടിമയായിട്ടുള്ളവർ അതിൽ നിന്ന് വിമുക്തി നേടാനുള്ള മാർഗ്ഗവും ശ്രമവും എടുക്കണം. വേണ്ടാ എന്ന് തീരുമാനിക്കാനുള്ള ധൈര്യം ഉണ്ടാകണം. അമേരിക്കയിൽ ടോണി എന്നയാൾ പതിനഞ്ചാം വയസ്സിൽ മദ്യപാനം ആരംഭിച്ചതാണ്. പക്ഷെ ഒരു പ്രസിദ്ധ ഗായകനായി തീർന്ന അയാൾ ഭാര്യയുടെ സ്നേഹപൂർവ്വമായ നിർബന്ധത്താലും തീക്ഷ്ണമായ പ്രാർത്ഥനയാലും മദ്യത്തിൽ നിന്ന് മോചനം നേടി. അയാൾ രചിച്ച പ്രസിദ്ധമായ ഗാനമാണ് ''വീഞ്ഞിനെ വെള്ളമാക്കുക'' അതിന്റെ വരികൾ ഇങ്ങനെ.

''ഞാൻ ഈ രാവിൽ ഒരുവനെത്താവുന്ന ഏറ്റവും അധ:സ്ഥിതിയിലത്രെ.

ഞാൻ ഏറ്റവും അധ:പതിച്ചിരിക്കുന്നു, ഇനിയും കൂടുതൽ താഴുവാനില്ല".

യേശുവേ അങ്ങ് ഒരിക്കൽ വെള്ളത്തെ വീഞ്ഞാക്കിയല്ലോ. ഞാനിതാ മുട്ടിന്മേൽ അങ്ങിലേക്ക് നോക്കി യാചിക്കുന്നു. വീഞ്ഞിനെ വെള്ളമാക്കി മാറ്റുവാൻ പിതാവെ, അങ്ങ് എന്നെ സഹായിക്കണമെ.

Say "No" to drugs.
wish you all a
Merry X.mas and
Happy New year.

# സൈലന്റ്നൈറ്റ്

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി**

ബ്രിട്ടീഷ് ജനത ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഒന്നാണ് എലിസബത്ത് രാജ്ഞിയുടെ ക്രിസ്തുമസ്സ് സന്ദേശം. 2014-ൽ അവർ നടത്തിയ 'അനുരഞ്ജനമാണ് ക്രിസ്തുമസ്സിന്റെ ഹൃദയം' എന്നതായിരുന്നു അവർ അതുവരെ നൽകിയിട്ടുള്ളസന്ദേശങ്ങളിൽ ഏറ്റവും മികച്ചതായിട്ടാണ് അത് കണക്കാക്കപ്പെടുന്നത്. ഭിന്നതകൾ മറന്ന് വീണ്ടും ഒന്നിക്കുവാനുള്ള ആഹ്വാനമാണ് ക്രിസ്തുമസ് നൽകുന്നത്.

ഒരത്ഭുതം പോലെ യുദ്ധത്തിന്റെ സകല ക്രൗര്യവും മറന്ന് ശത്രുക്കൾ ഒരുമിച്ച് ആഘോഷിച്ച ഒരു ക്രിസ്തുമസ് ലോകത്തിന്റെ മുമ്പിലുണ്ട്. 1914ലെ ഒന്നാം ലോക മഹായുദ്ധമായിരുന്നു അത്. ജൂലൈയിൽ യുദ്ധം ആരംഭിക്കുമ്പോൾ ക്രിസ്തുമസ് വരെ അത് നീണ്ടുപോയി. ക്രിസ്തുമസ്സ് ദിവസം വീടിനേയും പ്രിയപ്പെട്ടവരെയും അകന്നു നിൽക്കേണ്ടി വരുന്നതിന്റെ ഭാരമായിരുന്നു ഓരോ പട്ടാളക്കാരന്റെയും മനസ്സിൽ മൂകതയും മരവിപ്പും കനം വച്ചു നിന്ന ആ ക്രിസ്തുമസിന്റെ രാത്രിയിൽ ഏതോ ഒരു ടെന്റിൽ നിന്നും 'സൈലന്റ് നൈറ്റ്' എന്ന് തുടങ്ങുന്ന കരോൾ ഗാനം ഉയർന്നു കേട്ടു. അത് ശ്രവിച്ച ഹൃദയങ്ങളിലെല്ലാം ഗൃഹാതുരത്വത്തിന്റെ ഒരു വേലിയേറ്റമുണ്ടായി. തീക്ഷ്ണമായ വികാരവായ്പോടെ ഓരോ അധരങ്ങളും ആ ഗാനം ഏറ്റുവാങ്ങിത്തുടങ്ങി. പതിയെ പതിയെ അതൊരു സംഘഗാനമായി ഏതോ ഒരു ഉൾപ്രേരണ പോലെ ശത്രുപക്ഷത്തുള്ള ജർമ്മൻകാരും ആ ഗാനം ഏറ്റുപാടിക്കൊണ്ട് ഒത്തുകൂടി. ശത്രുതകൾ മറന്ന് അവർ പരസ്പരം ക്രിസ്തുമസ് ആശംസകൾ നേർന്നു. ലോകത്തിന് ലഭിച്ച ഏറ്റവും വലിയ ക്രിസ്തുമസ് സന്ദശങ്ങളിൽ ഒന്നായിരുന്നു അത്. പരസ്പരം മറക്കുവാനും പൊറുക്കുവാനും സന്മനസ്സുള്ളവർക്ക് ലഭിക്കുന്ന സന്തോഷമാണ് ക്രിസ്തുമസ്സ് എന്നതായിരുന്നു ആ സന്ദേശം.

ക്രിസ്തുമസ് രാവിൽ മാലാഖമാർ വാഗ്ദാനം ചെയ്ത സമാധാനം ഉപാധികളുള്ളതായിരുന്നു. ആ ഉപാധി സന്മനസ്സുള്ളവർ ആയിരിക്കുക എന്നതാണ്. അത് പൊറുക്കാനും വിട്ടുവീഴ്ച ചെയ്യാനുമുള്ള സന്മനസ്സാണ്. ആ മനസ്സ് ദൈവത്തിന്റെ വിശാലമായ മനസ്സിലേക്കുള്ള പങ്കുചേരലാണ്. ബന്ധങ്ങളിലെ മര്യാദകൾ ലംഘിച്ച് സ്നേഹത്തിന്റെ പടിയിറങ്ങിപ്പോയത് മനുഷ്യനാണെങ്കിലും വീണ്ടുമൊരു കൂടിച്ചേരലിന് എപ്പോഴും മുൻകൈയെടുക്കുന്നത് ദൈവമാണ്. യഥാർത്ഥ സ്നേഹം അങ്ങനെയാണ്. തെറ്റ് ആരുടെ ഭാഗത്ത് എന്ന തർക്കത്തിന് നിൽക്കാതെ അത് തോറ്റുകൊടുക്കുന്നു. അപ്രകാരം സ്നേഹത്തിന്റെ പേരിൽ തോറ്റുകൊടുക്കുന്ന ഒരു ദൈവത്തെയാണ് ബൈബിളിലുടനീളം കാണുന്നത്. ഉടമ്പടികൾ ലംഘിച്ച് ദൈവത്തെ ഭയന്ന് ഒളിച്ചിരിക്കുന്ന ആദ്യമനുഷ്യന്റെ അടുത്ത് 'ആദം നീ എവിടെയാണ്' എന്ന് ചോദിച്ചുകൊണ്ട് ദൈവം എത്തുന്നു. മനുഷ്യരെ അന്വേഷിച്ച് ഇറങ്ങുന്ന ദൈവത്തെയാണ് ക്രിസ്തുമസ്സ് ഓർമ്മിപ്പിക്കുന്നതെങ്കിൽ ആ ക്രിസ്തുമസ്സ് ആഘോഷത്തിന്റെ ഭാഗമാകുവാൻ ഒരാൾക്കാവുക പരാതികളും പരിഭവങ്ങളും പകയും വെറുപ്പും മറന്ന് അകന്നു പോയവരെ അന്വേഷിച്ച് ഇറങ്ങുമ്പോഴാണ്; ഉപാധികളില്ലാതെ അവർക്ക് പൊറുതി കൊടുക്കുമ്പോഴാണ്.

അനുരഞ്ജനം ആദ്യം ദൈവത്തോടാണ് വേണ്ടത്; അത് സാധ്യമാകുന്നത് ഉണ്ണി യേശുവിനെ കാണാൻ വന്ന ജ്ഞാനികളെക്കുറിച്ച് 'അവർ മറ്റൊരു വഴിയെ യാത്രയായി' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് പോലെ വക്രത നിറഞ്ഞ പഴയ വഴികൾ ഉപേക്ഷിച്ച് നന്മ നിറഞ്ഞ മറ്റൊരു വഴിയിലൂടെ സഞ്ചരിച്ചു തുടങ്ങുമ്പോഴാണ്. മനുഷ്യനോടുള്ള അനുരഞ്ജനമാകട്ടെ. മനസ്സിനെ ആഴത്തിൽ മുറിപ്പെടുത്തിവരോടുപോലും ഹൃദയപൂർവ്വം ക്ഷമിക്കുവാൻ കഴിയുമ്പോഴാണ്. അനുരഞ്ജന ശ്രമങ്ങൾക്ക് മുൻപ് മനുഷ്യനൊരു സമ്മാനവുമായി ദൈവം തന്റെ പുത്രനെ നൽകിയതു പോലെ പിണക്കങ്ങളുടെയും തർക്കങ്ങളുടെയും മഞ്ഞുരുക്കുന്ന ഒരു സമ്മാനം നമ്മുടെ പ്രിയപ്പെട്ടവർക്കായി ഈ ക്രിസ്മസ്സിനെ നമുക്കും കരുതി വെക്കാം.




## കള്ളനെ കണ്ടാൽ പേടിക്കോ?

ഒരു കാലിച്ചെറുക്കൻ പൈക്കളെ മേച്ചു മടങ്ങുകയായിരുന്നു. കാടിന്റെ അതിർത്തിയിലെ അരുവിക്കരയിലെത്തിയപ്പോൾ കൂട്ടത്തിൽ ഒരു പൈക്കിടാവിന്റെ കുറവുള്ളതായി അവൻ കണ്ടു. ഒരിക്കൽക്കൂടി ശ്രദ്ധാപൂർവ്വം നോക്കി. 'ഇല്ല; ആ പൈക്കൂട്ടിമാത്രം ഇല്ല'.

പശുക്കൂട്ടത്തെ അവിടെ നിർത്തി അവൻ വന്ന വഴിയെതന്നെ കാട്ടിലേക്കു കയറി: സയസ്ദേവാ, കള്ളനെ കണ്ടുകിട്ടിയാൽ അങ്ങേയ്ക്കു ഞാൻ ഒരു ആട്ടിൻകുട്ടിയെ ബലി നൽകാം. അവൻ യാത്രാമദ്ധ്യേ പ്രാർത്ഥിച്ചു.

കുറേക്കൂടി ഉള്ളിൽ ചെന്നപ്പോൾ ഒരു സിംഹം പശുക്കുട്ടിയെ തിന്നാനുള്ള ശ്രമത്തിൽ മുഴുകിയിരിക്കുന്നതു കണ്ട് പയ്യൻ ഭയപ്പെട്ടു വിറച്ചു. പിന്നെ തിരിഞ്ഞ് ഒരോട്ടമായിരുന്നു.

ഓട്ടത്തിനിടയിൽ അവൻ സിയസ്ദേവനെ വിളിച്ചു പ്രാർത്ഥിച്ചു: 'ദേവാ, കള്ളനെ കണ്ടുകിട്ടിയാൽ ഒരു ആട്ടിൻകുട്ടിയെ അങ്ങേയ്ക്ക് ബലി നൽകാമെന്നു ഞാൻ നേർന്നിരുന്നുവല്ലോ. ഇപ്പോൾ ആ ക്രൂരന്റെ പിടിയിലകപ്പെടാതെ എന്നെ വീട്ടിലെത്തിച്ചാൽ ഒരു കാളയെത്തന്നെ ഞാൻ ബലി നൽകുന്നതാണ്. എന്നെ രക്ഷിക്കണേ!

***അപ്പപ്പോഴത്തെ ആവശ്യങ്ങൾക്കനുസരിച്ച് ദൈവത്തോടു പ്രർത്ഥിക്കുന്നവരാണ് മിക്കവരും!***

# ബാലദീപം ക്വിസ്

### അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ
### ഒബദ്യാവിന്റെ പുസ്തകം

1. പഴയ നിയമത്തിൽ ഒരു അദ്ധ്യായം മാത്രമുള്ള ഏക പുസ്തകം?
2. ഒബദ്യാവ് പ്രവചിച്ചത് ആരെക്കുറിച്ചാണ്?
3. ഏദോമിന് ചതിയായിത്തീർന്നത് അവന്റെ ഏത് സ്വഭാവമായിരുന്നു?
4. ഏതു പഴം പറിക്കുന്നവരാണ് ഏദോമിന്റെ അടുക്കൽ വന്നാൽ ഏതാനും കാലാപ്പഴം ശേഷിപ്പിക്കുന്നത്?
5. വിവേകികൾ വസിക്കുന്ന പർവ്വതം ഏത്?
6. സഹോദരനോട് ചെയ്ത സാഹസം നിമിത്തം ലജ്ജ മൂടുന്നതാരെ? സഹോദരനാര്?
7. അന്യദേശക്കാർ ഏത് പട്ടണത്തിനാണ് ചീട്ടിട്ടത്?
8. ഏത് പർവ്വതത്തിലാണ് വിശുദ്ധമായൊരു രക്ഷിതഗണം ഉണ്ടാകുന്നത്?
9. ആരാണ് തങ്ങളുടെ അവകാശങ്ങളെ കൈവശമാക്കുന്നത്?
10. ബെന്യമീൻ കൈവശമാക്കുന്ന ദേശമേത്?

### നവംബർ മാസത്തിലെ ഉത്തരങ്ങൾ

### ആമോസ്

1. ഇടയവേല (1:1)
2. അമ്മോന്യർ (1:13)
3. ആമോസ് (4:12)
4. ബേഥേൽ (5:5)
5. തെക്കോവ (1:1)
6. കർമ്മേൽ (1:2)
7. ദമ്മേശെക്കിന്റെ (1:5)
8. കിയൂൻ (5:26)
9. അമോര്യൻ (2:9)
10. യിസ്രായേൽ (2:6)

## Bible Quiz (English) For Children
### The Book of Amos

1. Who was Amos by profession before becoming a prophet?
2. From which place did Amos come
3. To which kingdom did Amos primarily prophesy?
4. What sin did Amos strongly condemn among the Israelites?
5. Which famous phrase appears in Amos?
6. Which nation is NOT mentioned in Amos' Judgment?
7. Amos warned Israel during the reign of?
8. Who were the kings of Judah and Israel during Amos's time?
9. What is the main theme of the book of Amos?
10. What were the first two visions of Amos?

**Answers for the month of November**

1. A locust plagne
2. Pethuel
3. To grid themselves with sackcloth
4. The distruction of crops and trees
5. His spirit
6. As destruction from the Almighty
7. Swarming locust
8. I am a warrior
9. Valley of Jehoshaphat
10. Roars




## വടപുറം വർക്കിംഗ് വിമൻസ് ഹോസ്റ്റൽ



വടപുറം വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന സമുദായ വലിയ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ സെക്രട്ടറി റ്റി. ഒ എബ്രാഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി. സി തോമസ് തോപ്പിൽ, ക്നാനായ കമ്മറ്റി അംഗങ്ങളായ തോമസ്കുട്ടി തേവരുമുറിയിൽ, സജി താന്നിക്കൽ, ജോബി കാരിക്കോട്ട്, സാബു കണ്ണാട്ടിപ്പുഴയിൽ സിസ്റ്റർ സാറാ, സിസ്റ്റർ ലേയ എന്നിവർ സമീപം

## 40 – ാം ചരമദിനം

03 – 01 – 2026



Advt - O

## ബോബി പി. ഏബ്രഹാം

**പടിഞ്ഞാറേകളം, ചിങ്ങവനം** (Singapore)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

ഭാര്യ : ജിനിമോൾ സ്കറിയ
മക്കൾ : റൂബൽ, റോസ്മി, റോഷ്

*സന്തപ്ത കുടുംബാംഗങ്ങൾ*

## 3 – ാം ചരമവാർഷികം

09 – 01 – 2026



Advt - O

## പി. കെ. ചാക്കോ

**പുലുത്തുരുത്തിൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 25th Death Anniversary

09 – 12 – 2025



Advt -G

## V.K. SCARIA

**Velamkadavil, Kurichy**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing Family

## 1st Death Anniversary

13 – 01 – 2026



Advt -O

## JINS JOSEPH

**Kaipuzha Chuzhukunnil, Ranni**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing Family

## 40 – ാം ചരമദിനം

14 – 12 – 2025



## അമ്മിണി ചാക്കോ (80)

പ്ലാന്തറയിൽ, തിരുവൻവണ്ടൂർ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

---

## 35 – ാം ചരമവാർഷികം

12 – 12 – 2025



ചാച്ചിയമ്മ
ചെറിയാൻ
കറയക്കളളിൽ,
തിരുവൻവണ്ടൂർ

## 3 – ാം ചരമവാർഷികം

17 – 12 – 2025




അമ്മിണിക്കുട്ടി
ഏബ്രഹാം
കറയക്കളളിൽ,
കൽക്കട്ട

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

---




Advt - S

---

## 2 – ാം ചരമവാർഷികം

31 – 12 – 2025



## ഉഷ മാത്യു (51)

മുക്കാട്ട്, കുറിച്ചി

"മഹിമയോടന്തിമ വിധിനാളിൽ കർത്താവേ നീ അണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമേ നല്ലവരൊത്തു വലംഭാഗേ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

19 – ാം ചരമവാർഷികം
13–01–2026

1 – ാം ചരമവാർഷികം
31–12–2025





വി.ഐ. സ്റ്റീഫൻ
(തേപ്പാച്ചൻ)

അച്ചാമ്മ സ്റ്റീഫൻ
(ബേബി)

വേലൂകിഴക്കേതിൽ, അങ്ങാടി, റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

1 – ാം ചരമവാർഷികം
30–12–2025



ഷേർലി ചാക്കോ

ചിറമേൽ, പാവുക്കര, മാന്നാർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

18th Death Anniversary in Heaven
29-12-2025

7th Death Anniversary in Heaven
16-12-2025





K.K. Jacob

Shibu Jacob

Kallamannil, West Othera

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R



4th DEATH ANNIVERSARY
12-12-2025

SOMAN JACOB
Kavanal, Trivandrum
Jacob's Engineering Works

*"I am the resurrection and the life
He who believes in me will live,
Even though He dies"*
John 11:25

SORROWING FAMILY

Advt -G

40 – ാം ചരമദിനം
28 – 12 – 2025



തങ്കമ്മ ഇട്ടിയവിര
കൊച്ചേത്ത്, ഐത്തല

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

First year of Remembrance
22-12-2025



**Elizabeth Jacob (Ammal)**
Wife of Late C.J. Jacob (Thankachen),
Chennai
***Love & Prayers***
**Kunnumpurathu & Thamarappallil Family**

Advt - O

## 1st Death Anniversary
**15-12-2025**



## Sabu C. Mathew (66)
**Cheruvattacattu House, Chittar**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*By Sorrowing Family*

Advt - S

## 2nd Year of Remembrance
**20-12-2025**



## Abraham Philip
**(Mon Aronnil) 1959-2023**
**Aronnil House, Placherry, Ranny**

*I have bought the good, I have finished the race,*
*I have kept the faith (2 Timothy 4:7)*

*By Sorrowing Family*

Advt - S

## 3 –ാം ചരമവാർഷികം
**25 – 12 – 2025**



## കെ.എം. കുറിയാക്കോസ്
**കുന്നുംപുറത്ത്, രാമമംഗലം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*മക്കൾ–മരുമക്കൾ–കൊച്ചുമക്കൾ*

Advt - S

## 33rd Death Anniversary
**01 – 12 – 2025**



## K.C. JOSEPH
**(Senior Civil Police Officer)**
**KANJIRAPPALLIL HOUSE,**
**PARUTHUMPARA**

By Sorrowing Family

Advt -R

## 10 – ാം ചരമവാർഷികം
6 – 2 – 2026



### ഏബ്രഹാം സ്കറിയ

## 3 – ാം ചരമവാർഷികം
6 – 12 – 2025



### മറിയാമ്മ സ്കറിയ

**പാട്ടാളശ്ശേരിൽ, വാലടി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 10th Year of Remembrance
26 – 12 – 2025



### Kuruvilla Zachariah (Renji)
**Thamarappally, Kottayam**

Though the years pass by, We remember you with
Love and gratitude... Always.

Loving Family

Advt -R

## Forever in Our Hearts




### Leelamma Thomas
03 – 04 – 2023

### T.P.Thomas
19 – 12 – 2021

**Thekkumuriyil,**
**MIG-1/777- Hudco, Bhilai**

"I am the Resurrection and the lite. He who
believes in me will Live, even though he dies."

Advt -R



## 56 – ാം ചരമവാർഷികം

22 – 12 – 2025

# തകിടിയിൽ യാക്കോബ് കശ്ശീശ

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

Inserted by

**സെന്റ് മേരീസ് ശാലേം പള്ളി,
ചിങ്ങവനം**

Advt - G

31st Anniversary in Heaven
22-02-2026

*The ever loving memory of*

2nd Anniversary in Heaven
18-12-2025





**Kuriyala Punnoose** **Mariyamma Punnoose**

**Ampalappattu House, Thiruvanvandoor**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*By Sorrowing Family*

Advt - G



# 1st Birthday in Heaven

14 – 01 – 2026

## THOMASKUTTY K.O. (JOSE)

**KOVELAL HOUSE**
**MAZHUKEER**

Advt -S

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 34 – ാം ചരമവാർഷികം


**26 - 12 - 2025**



## 11 – ാം ചരമവാർഷികം

**07 - 01 - 2026**





Advt - O

## റവ. ഫാ. പി.ഐ. ഏബ്രഹാം

(റിട്ട. ഹെഡ്മാസ്റ്റർ, നാഷണൽ ഹൈസ്കൂൾ, വള്ളംകുളം)

**പാറയ്ക്കാമണ്ണിൽ, കറ്റോട്**

## അച്ചാമ്മ ഏബ്രഹാം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും". (യോഹന്നാൻ 11:25)

*കുടുംബാംഗങ്ങൾ*



## 7 – ാം ചരമവാർഷികം

13 – 01 – 2026

# Philip Kuruvilla

**Aronnil, Mumbai**

Advt -O

**I am the resurrection and the life, whoever believes in me will live, even though he dies.**
**John 11:25**

By Sorrowing Family

## 23rd Death Anniversary

**27-12-2025**



Advt - O

## Rev. Fr. Abraham Thomas

**Valiyaveettil Padickal, Vallamkulam**

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ-
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

By Sorrowing Family

## 12 – ാം ചരമവാർഷികം

07 – 12 – 2025



Advt - O

## Very. Rev. C.K. Mathews

**Cor-Episcopa**

**Cherumadakala, Kattodu**

സന്തപ്ത കുടുംബാംഗങ്ങൾ

10 – ാം ചരമവാർഷികം

17 – 12 – 2025



Advt - S

# O. A. ABRAHAM (RAJAN)

Ochalil

Vallamkulam, Thiruvalla

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

സ്നേഹസ്മരണയ്ക്ക്

14 – ാം ചരമവാർഷികം

01 – 01 – 2026



Advt - S

# തങ്കമ്മ ഏബ്രഹാം

വള്ളംകുളത്തായ വേലുകിഴക്കേതിൽ, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

14 – ാം ചരമവാർഷികം

05 – 12 – 2025



# മറിയാമ്മ ചാക്കോ

കോയിത്ര, കുറിച്ചി

11 – ാം ചരമവാർഷികം

03 – 01 – 2026



# ചിന്നമ്മ കുരുവിള

തൈക്കുറിഞ്ഞിയിൽ
തോപ്പിൽ,
തിരുവൻവണ്ടൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - S

*സന്തപ്ത കുടുംബാംഗങ്ങൾ*

വേർപാടിന്റെ 4 – ാം ചരമവാർഷികം

01 – 12 – 2025



Advt - S

# സാറാമ്മ മാത്യു (മണി)

എട്ടൊന്നിൽ, ഇടയാടിയിൽ, ഇടക്കുളം, റാന്നി.

മരിക്കുകയില്ല ഈ സ്നേഹനിധിയുടെ പുഞ്ചിരി ഞങ്ങളുടെ മനസ്സിൽ നിന്ന്

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

ഭർത്താവ് – മാത്യു തോമസ് (ജോയി)
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, മറ്റ് ബന്ധുമിത്രാദികൾ

**6 – ാം ചരമവാർഷികം**

19 – 12 – 2025



**പി.കെ. മാത്യു**

(ബേബി ആനിയ്ക്കൽ)

**23 – ാം ചരമവാർഷികം**

08 – 12 – 2025



**ശോശാമ്മ കുര്യൻ**

ആനിയ്ക്കൽ പുതുപ്പറമ്പിൽ, വാകത്താനം

**(Amson Group)**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ...

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

**16 – ാം ചരമവാർഷികം**

18 – 12 – 2025



**പി.ഐ. മാത്തുക്കുട്ടി**

**4 – ാം ചരമവാർഷികം**

18 – 12 – 2025



**ഏലിയാമ്മ മാത്തുക്കുട്ടി**

പാറയ്ക്കാമണ്ണിൽ, കറ്റോട്

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

**13 – ാം ചരമ വാർഷികം**

26 – 12 – 2025



**ചിന്നമ്മ തോമസ്**

ഇടയാടിയിൽ, ഐത്തല, റാന്നി

| | | |
|---|---|---|
| ഭർത്താവ് | : | Abraham Thomas |
| മക്കൾ | : | Lovely, Biju, Shiney, Binu |
| മരുമക്കൾ | : | Sajan, Priya, Sanjayan, Smitha |
| കൊച്ചുമക്കൾ | : | Elvis, Edvin, Sherin, Angel, Arnold, Edric, Eric |

Advt - S



ഞങ്ങളിൽ നിന്നും
വേർപിരിഞ്ഞിട്ട് ഇന്നേയ്ക്ക്
എട്ടാംവർഷം
25-12-2025

മറിയാമ്മ ബേബി
കോന്ത്യാപറമ്പിൽ

Inserted by
കോന്ത്യാപറമ്പിൽ ലേഡീസ് സ്റ്റോർ &
സ്റ്റേഷനറി, ഗിഫ്റ്റ് & ഫർണിച്ചർ
രാമങ്കരി

Advt -S

14th Birthday in Heaven
23-12-2025



Vijaya Abraham
Vinod Bhavan
Vazhappally, Changanacherry
"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"
പ്രാർത്ഥനയോടെ Edwin Abraham (Son)
സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

3-ാം ചരമവാർഷികം
18-12-2025



തോമസ് ചാണ്ടി
(Rtd. Port Department)
തച്ചാറചിറയിൽ, ചിങ്ങവനം.
"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"
സന്തപ്ത കുടുംബാംഗങ്ങൾ

Advt - O



പറുദീസയിലെ 8 – ാം വർഷം

06 – 12 – 2025

## വിനു കുര്യൻ ജേക്കബ്

**താഴ്ചയിൽ, കുറ്റൂർ**

മാനത്തെ വെള്ളിത്തേരിലുറങ്ങും മാലാഖപ്പൂമുത്തേ
മാനത്തിരുന്നൊരു പൊൻമുത്തമേകിടാൻ
താഴോട്ടു നോക്കിടുമോ? നീ
താഴോട്ടു നോക്കിടുമോ?
മുത്തുകൾകൊണ്ടു പണിഞ്ഞൊരു വീട്
സ്വർഗത്തിലിന്നില്ലേ? നിന്റെ
അമ്മയാം മേരിയും യൗസേഫുമിന്ന്
കൂട്ടിനിരിപ്പില്ലേ? നിന്റെ
കൂട്ടിനിരിപ്പില്ലേ?.....

Advt - S

*സന്തപ്ത കുടുംബാംഗങ്ങൾ*



## 2nd Death Anniversary

15 – 12 – 2025

# T. O. Kuriakose (Baby)

**Thottathil House, Thuruthicadu**

Advt -O

*We cherish the memories of our dear father and grandfather. Gone from our sight, but never from our hearts. Your absence leaves a void in our heart, but your memories fill that space. Always remembering you. 2 Corinthians 1:3-4: "God is our merciful Father and the source of all comfort. He comforts us in all our troubles so that we can comfort others"*

By Sorrowing Family



## 40th Day of Demise

16-12-2025

# Raju Kuriakose

## Pozhiyil House, Thuruthicadu

'Greatly loved, deeply missed.
Forever in our hearts'

With Family Members
Omana Raju (Wife)
Reni Raju and Rittin Raju (daughters)
Jestin Chacko (Son in Law)

Advt -S

സന്തപ്ത കുടുംബാംഗങ്ങൾ

## 11-ാം ചരമവാർഷികം

28-12-2025



# Shyla Simon

## Onattu Kunnumpurath, Mavilangu, Pallam

Advt - R

സന്തപ്ത കുടുംബാംഗങ്ങൾ

## 2-ാം ചരമവാർഷികം

21-12-2025



### അന്നമ്മ സ്ക്കറിയ

(അമ്മിണി)

## 30-ാം ചരമവാർഷികം

26-11-2025




### മോൻസി സ്ക്കറിയ

പുത്തൻപറമ്പിൽ
കുറിച്ചി (കുന്നംങ്കരി)

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ


4TH BIRTHDAY IN HEAVEN
K C Abraham (Kunjavarachen)
Kallamparambil, Ranni
29 DECEMBER 2025, MONDAY
Advt - S



# മല്പാനോടു ചോദിക്കാം

## ക്രിസ്തുമസ് ആഘോഷത്തിന്റെ ചരിത്രമെന്ത്?

ക്രിസ്റ്റസ്-മെസ്സെ (Christes Masse) എന്നീ രണ്ട് ഇംഗ്ലീഷ് വാക്കുകൾ ചേർന്നാണ് ക്രിസ്മസ് (ക്രിസ്തുമസ്) എന്ന പദം ഉണ്ടായിട്ടുള്ളത്. ക്രിസ്തുവിന്റെ ജനനം അഥവാ ആഗമനം എന്നാണ് ഈ പദത്തിന്റെ അർത്ഥം.

ക്രിസ്തോസ് എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ക്രിസ്തു എന്ന പദം ഉണ്ടായത്. ഇതിന്റെ എബ്രായപദം മ്ശിഹാ എന്നാണ്. ക്രിസ്തോസ്, മ്ശിഹാ എന്നീ രണ്ടു പദങ്ങളുടേയും അർത്ഥം അഭിഷിക്തൻ എന്നാണ്. പഴയനിയമകാലത്ത് രാജാക്കന്മാരേയും പ്രവാചകന്മാരേയും പുരോഹിതന്മാരേയും ദൈവം തിരഞ്ഞെടുത്തു എന്നതിന്റെ അടയാളമായി എണ്ണകൊണ്ട് അഭിഷേകം ചെയ്തിരുന്നു. പുതിയ നിയമകാലത്ത് അപ്പോസ്തോലിക സഭകളിൽ സ്നാനം (മാമോദീസ) ഏൽക്കുന്ന വ്യക്തിയെ തൈലംകൊണ്ട് അഭിഷേകം ചെയ്യാറുണ്ട്. ദൈവത്താൽ വിളിക്കപ്പെട്ട് ക്രിസ്തുവിന്റെ രാജകീയ പുരോഹിതവർഗ്ഗത്തിൽ അംഗമായി എന്നതിന്റെ സൂചനയായി സന്തോഷതൈലം കൊണ്ടും, പരിശുദ്ധാത്മ നൽവരത്തിന്റെ അടയാളമായി പരിശുദ്ധമൂറോൻ തൈലംകൊണ്ടും അഭിഷേകം ചെയ്യുന്നു.

ക്രിസ്തുവിന്റെ ജനനം എന്നു നടന്നു എന്ന് ആർക്കും കൃത്യമായി പറയാൻ സാധിച്ചിട്ടില്ല. വസന്ത സമരാത്രിദിനമായ (Spring Equiox) മാർച്ച് 25-ാം തീയതി ഗബ്രിയേൽ മാലാഖ മറിയാമിനു പ്രത്യക്ഷപ്പെട്ട് വചനിപ്പ് അറിയിച്ചു എന്ന് വിശ്വസിക്കപ്പെടുന്നു. ആ വചനം മറിയാമിന്റെ കാതുകളിലൂടെ അവളുടെ ഉദരത്തിൽ പ്രവേശിച്ച നിമിഷത്തിൽതന്നെ അവൾ ഗർഭവതിയായി. വചനിപ്പു നടന്ന മാർച്ച് 25 മുതൽ ഒമ്പതു മാസം തികഞ്ഞ ഡിസംബർ 25 ന് ക്രിസ്തു ജനിച്ചു എന്നു കണക്കാക്കി ആ ദിവസം ക്രിസ്തുവിന്റെ ജനനപ്പെരുന്നാളായി ക്രൈസ്തവർ ആഘോഷിക്കുന്നു.

ഡിസംബർ 25 എന്ന തീയതിയ്ക്ക് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. റോമാക്കാർ സൂര്യദേവന്റെ ജന്മദിനം ദക്ഷിണായനവുമായി ബന്ധപ്പെടുത്തി ഡിസംബർ 25 മകര സംക്രമദിനമായി (Winter Solistice) ആചരിച്ചു വന്നിരുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം യഥാർത്ഥസൂര്യൻ (വെളിച്ചം) ക്രിസ്തുവായതിനാൽ ആ ദിവസം ക്രൈസ്തവോചിതമായി ആചരിക്കാൻ തുടങ്ങി എന്നൊരു പാരമ്പര്യവിശ്വാസവും നിലവിലുണ്ട്.

**ക്രിസ്തുമസ് കരോൾ**

ക്രിസ്തുവിന്റെ ജനനത്തെ സൂചിപ്പിച്ച് ക്രിസ്തുമസ്കാലത്ത് ആലപിക്കുന്ന സമൂഹഗാനമാണ് ക്രിസ്തുമസ് കരോൾ എന്നറിയപ്പെടുന്നത്. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്ന ദൈവദൂതസന്ദേശമാണ് കരോൾ ഗാനങ്ങളുടെ ഉള്ളടക്കം, ലോകരക്ഷകനായ യേശു ബേത്‌ലഹേമിൽ ജനിച്ചു എന്ന സദ്വാർത്ത ലോകമെങ്ങും അറിയിക്കുകയാണ് കരോളിന്റെ ലക്ഷ്യം.



**ക്രിസ്തുമസ് കാർഡ്**

19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് മ്യൂസിയം ഡയറക്ടറായിരുന്ന ഹെൻറി കോളിൻ ക്രിസ്തുമസ് ആശംസകൾ നേർന്നുകൊണ്ട് ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും കത്തുകൾ എഴുതിവന്നിരുന്നു. കൂടുതൽ കത്തുകൾ എഴുതുന്നതിനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് കോളിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ സുഹൃത്തായ ജോൺ ഹോൾസ്‌ലി ക്രിസ്തുമസിന്റേയും നവവത്സരത്തിന്റേയും ആശംസകൾ നേർന്നുകൊണ്ട് ചിത്രങ്ങളോടുകൂടിയ ആശംസാകാർഡ് 1843 ൽ നിർമ്മിച്ചു. ഇതാണ് ആദ്യത്തെ ക്രിസ്തുമസ് കാർഡ്. അഞ്ച് ഇഞ്ച് നീളവും മൂന്ന് ഇഞ്ച് വീതിയും ഉള്ളതും ചിത്രങ്ങളോടുകൂടിയതുമായ ഈ കാർഡിൽ "A Merry Christmas and a happy New year" എന്ന് രേഖപ്പെടുത്തിയിരുന്നു. പിന്നീട് പല തരത്തിലുള്ള ആശംസാകാർഡുകൾ അച്ചടിച്ച് വ്യാപാരം തുടങ്ങി. 1949 ൽ ലോകശിശുക്ഷേമ സംഘടന ക്രിസ്തുമസ് കാർഡുകൾ വിറ്റ് 50 കോടിയിലധികം രൂപാ സമാഹരിച്ച് 115 രാഷ്ട്രങ്ങളിലെ കുട്ടികളെ സഹായിച്ചു. ക്രിസ്തുമസ് കാലഘട്ടങ്ങളിൽ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ക്രിസ്തുമസ് കാർഡുകൾ അയയ്ക്കുന്ന പതിവ് ജാതിമത ചിന്തകൾക്കതീതമായി ഇന്ന് സാർവ്വത്രികമായിരിക്കുന്നു.



**ക്രിസ്തുമസ് ട്രീ**

നിത്യഹരിതമായ പൈൻവൃക്ഷം നിത്യജീ



വദായകനായ യേശുവിന്റെ പ്രതീകമായി അംഗീകരിച്ചതാണ് ക്രിസ്തുമസ് ട്രീ. യേശുവിന്റെ ജനനത്തിന്റെ അനുസ്മരണം ആഘോഷിക്കുന്ന ക്രിസ്തുമസ് കാലത്ത് ദേവാലയങ്ങളുടേയും ഭവനങ്ങളുടേയും അകത്തും പുറത്തും ഒക്കെ പൈൻ വൃക്ഷങ്ങളുടെയോ അത് ലഭ്യമല്ലാത്ത സ്ഥലത്ത് മറ്റേതെങ്കിലും വൃക്ഷക്കൊമ്പുകളോ അലങ്കരിച്ച് നിർത്തുന്ന രീതി ഉണ്ട്.

**ക്രിസ്തുമസ് ഫാദർ**

എ. ഡി. 3-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഏഷ്യാമൈനറിലെ ലൈസിയായിൽ ജീവിച്ചിരുന്ന ഒരു വിശുദ്ധനായിരുന്നു നിക്കോളാസ്.



അദ്ദേഹം വിദ്യാർത്ഥികളുടേയും നാവികരുടേയും പ്രാർത്ഥനാ മദ്ധ്യസ്ഥനായി അറിയപ്പെട്ടിരുന്നു. കുട്ടികളുടെ വിശുദ്ധൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം ക്രിസ്തുമസ് രാത്രിയിൽ ഭവനങ്ങൾ സന്ദർശിച്ച് കുട്ടികൾക്ക് മധുരപലഹാരങ്ങൾ സമ്മാനിച്ചിരുന്നു. ഈ വിശുദ്ധനായ നിക്കോളാസാണ് ക്രിസ്മസ് ഫാദർ, സാന്താക്ലോസ് തുടങ്ങിയ സങ്കല്പങ്ങളിൽ ക്രിസ്തുമസ്കാലത്ത് ആകർഷകവേഷവിധാനത്തോടെ വരുന്നത്. സാന്ത നിക്കോളാസ് (വിശുദ്ധനായ നിക്കോളാസ്) എന്ന ഡച്ചു നാമത്തിൽ നിന്നാണ് സാന്താക്ലോസ് എന്നു പേരുണ്ടായത്.

**ക്രിസ്തുമസ് സ്റ്റാർ**

റോമാക്കാർ സൂര്യോത്സവത്തോടനുബന്ധിച്ച് വീടും പരിസരവും ഒക്കെ വൃത്തിയാക്കി ദീപങ്ങൾകൊണ്ട് അലങ്കരിച്ചിരുന്നു. നീതിയിൻ സൂര്യനാകുന്ന ക്രിസ്തുവിന്റെ ജനനത്തിന് അടയാളമായി ആകാശത്ത് ഉദിച്ച നക്ഷത്രം കണ്ട് കിഴക്കോട്ടു യാത്ര ചെയ്താണ് ജ്ഞാനികളായ വിദ്വാന്മാർ ബേത്‌ലഹേമിൽ എത്തിയതും യേശുവിനെ കണ്ടതും. ആയതിനാൽ ക്രിസ്തുമസ് ആഘോഷനാളുകളിൽ ഭവനങ്ങളിലും ദേവാലയങ്ങളിലും എല്ലാം ക്രൈസ്തവർ നക്ഷത്രദീപം തെളിയിക്കുന്നു.



-0-

# ക്രൈസ്തവ ജീവിതം വളരേണ്ടത് പ്രാർത്ഥനയുടെ ബലത്തിൽ

പ്രാർത്ഥനയുടെ ബലത്തിലാവണം ക്രൈസ്തവജീവിതം അനുദിനം വളരേണ്ടതെന്ന് ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് പറഞ്ഞു. മോർ ഇഗ്നാത്തിയോസ് അടക്കമുള്ള വിശുദ്ധന്മാരുടെ ജീവിതം പ്രാർത്ഥന നൽകുന്ന ആന്തരിക ശക്തിയുടെ പാഠമാണ് നമുക്ക് പകർന്നു നൽകുന്നത്.

ക്നാനായ സമുദായത്തിന്റെ തലസ്ഥാന നഗരിയിലെ ആരാധന കേന്ദ്രമായ പാറ്റൂർ സെന്റ് ഇഗ്നാത്തിയോസ് ക്നാനായ പള്ളിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തലസ്ഥാന നഗരിയിൽ തലയുയർത്തി നിൽക്കുന്ന സെന്റ് ഇഗ്നാത്തിയോസ് ക്നാനായപള്ളി ആരാധന കാര്യങ്ങളോടൊപ്പം സാമൂഹ്യസേവന രംഗത്തും ചെയ്യുന്ന ശുശ്രൂഷകൾ സഭയ്ക്കാകെ തന്നെ അഭിമാനകരമാണെന്ന് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്ത പറഞ്ഞു. എ.ഡി 345 ൽ നടന്ന ക്നാനായ കുടിയേറ്റം കേരളത്തിലെ അദ്ധ്യാത്മിക, സാമൂഹ്യരംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിതെളിച്ചുവെന്ന് മുഖ്യപ്രഭാഷണം നടത്തിയ മുൻ ഡി ജി പി ഡോ. അലക്സാണ്ടർ ജേക്കബ് പറഞ്ഞു. സുറിയാനി ആരാധനാക്രമം ഇവിടെ കൊണ്ടുവന്നതടക്കം ക്രിസ്ത്യാനികളുടെ ആചാരം, വേഷവിധാനം, ഭക്ഷണക്രമം എന്നിവയടക്കം പരിഷ്കരിക്കുന്നതിൽ ക്നാനായ കുടിയേറ്റം വലിയ പങ്കുവഹിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. വികാരി ഫാ. ചിക്കു ബേബി കാരിമറ്റത്തിൽ അദ്ധ്യക്ഷനായിരുന്നു. സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം, ട്രസ്റ്റി റ്റി. സി. തോമസ്, ഫാ. സാജൻ സി. അലക്സ്, ഫാ. ക്രിസ്റ്റോ സി. കുര്യൻ, റവ. എ. റ്റി. തോമസ്, ഇടവക ട്രസ്റ്റി എം.കെ.ഏബ്രഹാം, സെക്രട്ടറി മനോജ് കുര്യൻ, ക്നാനായ അസ്സോസിയേഷൻ മെമ്പർ കെ.റ്റി.ഏബ്രഹാം, വനിതാ സമാജം കമ്മിറ്റി അംഗം ലിസിയമ്മ തോമസ് എന്നിവർ സംസാരിച്ചു. പ്ലാറ്റിനം ജൂബിലി സുവനീറും, സെന്റ് ഇഗ്നേഷ്യസ് ബ്ലഡ് ലിങ്കും വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പള്ളിയുടെ സ്ഥാപന വർഷത്തിൽ ജനിച്ചവരെ ആദരിച്ചു. വൈകിട്ട് നടന്ന കലാസന്ധ്യ നടൻ ശരത് ദാസ് ഉദ്ഘാടനം ചെയ്തു.

# പുൽക്കൂട്ടിൽ പിറന്ന സ്നേഹസമ്മാനം

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ സമുദായ ട്രസ്റ്റി)

ക്രിസ്തുമസ് എന്നുള്ളത് ഒരു വലിയ സമ്മാനത്തിന്റെ കഥയാണ്. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ട തിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹ. 3:16) എന്ന് വി. വേദപുസ്തകത്തിൽ നാം വായിക്കുന്നു. ക്രിസ്തുമസ് എന്ന് കേൾക്കുമ്പോൾ നാം ഓർക്കുന്നത് ബേത്‌ലഹേമിനെയാണ്. യേശു പിറന്ന പുൽക്കൂടാണ് ശ്രദ്ധാകേന്ദ്രം. അത്ഭുത നക്ഷത്രം നിലയുറപ്പിച്ചത് ഈ പുൽക്കൂടിനു മുകളിലാണ്. ക്രിസ്തുമസ് ലോകത്തിനു അനുഭവമായിത്തീരുന്നത് ലോകത്തിന്റെ രക്ഷയ്ക്കായി പിറന്നവന്റെ പിറന്നാളായിരുന്നു എന്നതുകൊണ്ടാണ്. ക്രിസ്തുമസിലൂടെ ലോകം ഏറ്റുവാങ്ങിയത് ലോകത്തിന്റെ രക്ഷകനെയായിരുന്നു. നമ്മുടെ രക്ഷക്കുവേണ്ടി നമ്മെ ജീവിപ്പിക്കുവാൻവേണ്ടി മരിക്കുവാനായി ജനിച്ചവന്റെ പിറന്നാളാണ് ക്രിസ്തുമസ്. ബേത്‌ലഹേമിലെ കാലിത്തൊഴുത്തു മുതൽ കാൽവരിയിലെ കുരിശുവരെയുള്ള ക്രിസ്തുവിന്റെ ജീവിതം അന്യജീവനു നൽകി സ്വജീവിതം ധന്യമാക്കുന്നതിന്റെ പരമമായ മാതൃകയായിരുന്നു.

ക്രിസ്തു ഉള്ളിൽ ജനിക്കുന്ന ദൈവപ്രസാദമുള്ളവരിലൂടെയാണ് ക്രിസ്തുമസ് സർവ്വ ജനത്തിനുമുള്ള മഹാസന്തോഷമായി ഇന്ന് ഭൂമിയിൽ പിറക്കുന്നതും വളരുന്നതും പരക്കുന്നതും. ശ്രീബുദ്ധൻ പറയുന്ന ഒരു നീതി കഥയിൽ കാട്ടുതീയിൽപ്പെട്ട് സകല ജീവജാലങ്ങളും വെണ്ണീറാകുമ്പോൾ ഒരു കിളി അടുത്തുള്ള അരുവിയിൽ പോയി വെള്ളത്തിൽ മുങ്ങി കാട്ടുതീയിൽമീതെ പറന്ന് ചിറകിലെ വെള്ളം കുടഞ്ഞ് തീ കെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ കിളിയുടെ മനസ്സ് ഒരു പ്രതിരോധമാണ്. ഈ കിളിയുടെ പ്രവൃത്തി ദൈവ പ്രസാദമുള്ളവരുടേതാണ്. പാപത്തിന്റെ തീയിൽ വെണ്ണീറാകുന്ന ലോകത്തിന് രക്ഷകനായി ജനിച്ച മ്ശിഹാ ദൈവം ലോകത്തിനു സമ്മാനിച്ച അമൂല്യനിധിയാണ്.

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ ദൈവപ്രസാദമുള്ള
മനുഷ്യർക്കു സമാധാനം

ബൈബിൾ പറയുന്നു ദൈവം സ്നേഹമാകുന്നു (God is love) എന്ന്. ദൈവത്തിൽ വിശ്വസിക്കുന്നു എന്നു പറഞ്ഞാൽ സ്നേഹത്തിൽ വിശ്വസിക്കുന്നു എന്നർത്ഥം. ദൈവത്തെ അനുസരിക്കുന്നു എന്നു പറഞ്ഞാൽ അന്യോന്യം സ്നേഹിക്കുന്നു എന്നതാണ് അതിന്റെ പ്രായോഗിക അർത്ഥം. അതുകൊണ്ടാണ് മനുഷ്യരൂപത്തിൽ അവതരിച്ചു ദൈവസ്നേഹമായ ക്രിസ്തു ഇങ്ങനെ പറഞ്ഞത് ഞാൻ പുതിയൊരു കല്പന നിങ്ങൾക്ക് നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ എന്നു ക്രിസ്തു പറയുമ്പോൾ ആ സ്നേഹത്തിന് അതിരുകളില്ല എന്നു വിവക്ഷ.



തന്നെ ക്രൂശിച്ചവരുടെ കൂടി രക്ഷയ്ക്കുവേണ്ടിയാണ് അവിടുന്നു ജീവനർപ്പിച്ചത്. കുരിശിൽ കിടന്നുകൊണ്ടുതന്നെ കുരിശിൽ തറച്ചവർക്കുവേണ്ടിയും അവിടുന്നു പ്രാർത്ഥിക്കുന്നു.

ദൈവരാജ്യത്തിന്റെ ഏറ്റവും വലിയ പ്രമാണം സ്നേഹമാണ്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന യേശുക്രിസ്തുവിന്റെ ഉദ്ബോധനം ലോകചരിത്രത്തിലെ ഏറ്റവും ശ്രേഷ്ഠമായ ഉപദേശമാണ്. സ്നേഹത്തിന്റെ സമ്പൂർണ്ണമാതൃകയാണ് യേശു. ആ മാതൃക അനുസരിച്ച് ജീവിക്കുക എന്നതാണ് വെല്ലുവിളി. സ്നേഹം തെളിയിക്കപ്പെടുന്നത് പങ്കുവയ്ക്കലിലും ശൂന്യവത്ക്കരണത്തിലുമാണെങ്കിൽ യേശു അതിന് ഉദാത്ത മാതൃകയാണ്. പുൽക്കൂടും, ആശാരിപ്പുരയും പാവപ്പെട്ട മുക്കുവരായിരുന്ന ശിഷ്യഗണങ്ങളും അന്ത്യ അത്താഴമേശയും മനുഷ്യരാശിയുടെ രക്ഷയ്ക്കായി ഗോഗുൽത്തായിലെ കഷ്ടാനുഭവമരണവുമെല്ലാം ഈ സ്നേഹത്തിന്റെ സാക്ഷ്യ പത്രങ്ങളാണ്. സ്നേഹം ഒരു വാക്കല്ല, പ്രവൃത്തിയാണ്. നല്ല മനസ്സുള്ളവർ നമുക്കു തരുന്ന സമ്മാനമാണ്. സ്നേഹമെന്ന രണ്ടക്ഷരത്തിൽ എല്ലാം അടങ്ങിയിരിക്കുന്നു. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാൻ കഴിയാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയില്ല. ഉദാത്തമായ സ്നേഹം വില കൊടുത്തു വാങ്ങാവുന്നതോ കമ്പോളത്തിൽ വിൽക്കപ്പെടുന്നതോ ആയ ഉല്പന്നമല്ല. പ്രത്യുത ദൈവത്തോടു ബന്ധപ്പെടുന്നവരുടെ ജീവിതത്തിൽ വേരൂന്നി വളരുന്ന സ്വഭാവമാണ്. ജീവിതത്തിന്റെ കൊടുങ്കാറ്റുകളിൽ നിന്നും നീക്കുപോക്കു കാണാത്ത പ്രതികൂല സാഹചര്യങ്ങളിൽ നിന്നും നമ്മെ സംരക്ഷിക്കുന്ന രക്ഷാസങ്കേതമാണ് ഉത്തമ സ്നേഹിതരുടെ ഉള്ളഴിഞ്ഞ സ്നേഹം. ക്രിസ്തു കാട്ടിത്തന്ന സ്നേഹം മനുഷ്യനെ രൂപാന്തരപ്പെടുത്തുന്നു. സ്നേഹം മറ്റൊരാളിൻെറ ജീവിതത്തെ തളിരണിയിക്കുന്നതുപോലെ തന്നെ സ്നേഹശൂന്യത മറ്റൊരാളിന്റെ ജീവിതത്തെ ഉണക്കിക്കളയുകയും ചെയ്യും. ക്രിസ്തുമസിന്റെ പ്രധാന സന്ദേശം ശാന്തിയും സമാധാനവുമാണ്. ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണി അസമാധാനവും അശാന്തിയുമാണ്. മാനവരാശിയുടെ നിലനിൽപ്പിനു ഭീഷണി ഉയർത്തുന്ന യുദ്ധങ്ങൾ, അണുവായുധ ഭീഷണികൾ, ഭീകരാക്രമങ്ങൾ ഒക്കെ ഇന്ന് ലോക സമാധാനത്തിന്മേൽ അശാന്തിയുടെ കരിനിഴൽ വീഴ്ത്തുമ്പോൾ ലോകത്തിന്റെ വെളിച്ചമായി പിറന്ന ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും നമ്മുടെ ഹൃദയമാകുന്ന പുൽക്കൂട്ടിൽ ജാതം ചെയ്യട്ടെ. ●

# "ഡിസംബർ 31" നകം സ്വന്തദേശത്തേയ്ക്കുള്ള P.R. കൊടുക്കുന്നവരുടെ ലിസ്റ്റിൽ പേരുകാണുമോ

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

"എന്തെന്നാൽ നീ എന്റെ ആയുസ്സ് അളന്നുതന്നു" (സങ്കീ.39:5).

വിദേശ രാജ്യങ്ങളിലേക്കുള്ള P.R. ഒക്കെ കിട്ടണമെങ്കിൽ കാലതാമസമെടുക്കും. എത്ര ശ്രമിച്ചാലും ഒത്തിരി കാര്യങ്ങളൊക്കെ കാണിക്കണം. ആധാറും തിരിച്ചറിയൽ കാർഡും നമ്മളെക്കുറിച്ചുള്ള സകല കാര്യങ്ങളും കാണിച്ചിട്ടു മാത്രമേ സാവധാനം വിസാ ശരിയാകുക ഉള്ളല്ലേ. എന്നാൽ സ്വർഗ്ഗരാജ്യത്തിലേക്കുള്ള P.R.നു ഒന്നിന്റെയും ആവശ്യമില്ലങ്കിൽപോലും അത് എപ്പോഴാണ് കൈയ്യിൽ കിട്ടുന്നതെന്ന് ആർക്കും ഊഹിക്കാൻപോലും കഴിയുകയില്ലല്ലോ ഈ വിസാ കൈയ്യിൽ കിട്ടുവാൻ പോസ്റ്റുമാനും പോസ്റ്റോഫീസും ഒന്നും വേണ്ട. ഡയറക്ട് നമ്മുടെ കൈയ്യിൽ തന്നെ സമയവും സന്ദർഭവും നോക്കാതെ വലിപ്പവും ചെറുപ്പവും നോക്കാതെ രാജാവെന്നോ അടിമയെന്നോ നോക്കാതെ ഏതു തലപ്പത്തിരിക്കുന്നവനേയും താഴെ കിടക്കയിൽ കിടക്കുന്നവനേയും ഒരേ തരത്തിൽ കണ്ടുകൊണ്ട് സമയമാകുമ്പോൾ ഈ ഭൗതിക ലോകത്തിൽ നിന്നും നമ്മുടെ എല്ലാ ആനുകൂല്യങ്ങൾ വെട്ടിമാറ്റി അങ്ങേ ലോകത്തിലേക്കുള്ള പെർമെനന്റ് വിസ കൈയ്യിൽ കിട്ടും. "ഒരു തലമുറ പോകുന്നു മറ്റൊരു തലമുറ വരുന്നു ഭൂമിയോ എന്നേക്കും നില്ക്കുന്നു" (സഭാ.1:4) ഈ ലോകത്തിൽ മനുഷ്യൻ ജീവിച്ചിരിക്കുമ്പോൾ പല ഭാരങ്ങളും പ്രയാസങ്ങളുമാണ്. ഒന്നുകൊണ്ടും തൃപ്തരാക്കുവാൻ കഴിയുന്നില്ല. ഒരിക്കൽ ഒരു വീട്ടിൽ ഭാര്യയും ഭർത്താവും തമ്മിൽ വഴക്കിട്ടിട്ടു ഭാര്യ പിണങ്ങി ഇറങ്ങിപോയി. വഴിയിൽകൂടി ഇങ്ങനെ നടക്കുമ്പോൾ ഒരു വീട്ടിൽനിന്ന് പ്രാർത്ഥനയുടെ ശബ്ദം കേട്ടു. അല്പം നേരം ശ്രദ്ധിച്ചപ്പോൾ അവർ പറയുന്നത് നാളെയെങ്കിലും ഞങ്ങൾക്ക് വയറു നിറച്ച് ആഹാരം തരണേയെന്നാണ്. പിന്നയും വഴിയിൽകൂടി നടന്നപ്പോൾ വേറൊരു വീട്ടിലെ പ്രാർത്ഥന കേട്ടത് ദൈവമേ നാളെ എങ്ങനെ മരുന്നുമേടിക്കും മെഡിക്കൽഷോപ്പുകാരൻ ഇനിയും കടം തരില്ലാന്ന്. വേറൊരു വീടിന്റെ വാതിൽക്കൽകൂടി നടന്നപ്പോൾ മകളെ കെട്ടിച്ചുവിട്ടതിന്റെ ബാക്കി സ്ത്രീധന പൈസ കൊടുക്കാനുണ്ട് നാളെ അവരുവരും ദൈവമേ പൈസാ എങ്ങനെ കൊടുക്കും. ഇങ്ങനെ ഓരോ വീട്ടിലും ദൈവത്തോട് ആവലാതിയാണ്, എല്ലാം ജീവിത പ്രശ്നങ്ങളാണ്. വഴക്കിട്ട് ഇറങ്ങിപ്പോയ ഭാര്യ തിരിച്ച് വീട്ടിൽപോയി. കാരണം എല്ലായിടയിടത്തും പ്രശ്നങ്ങളാണ് എനിക്കുമാത്രമല്ലല്ലോന്ന്. ഇതിലൊന്നുമില്ലാത്ത നാട്ടിലേക്കാണ് നമ്മുടെ Permanent Visa ഒരുക്കിക്കൊണ്ടിരിക്കുന്നത്.

ഇത്രയും നാൾ നമ്മളിവിടെ ഒരു നാടകം അഭിനയിച്ചെന്നുമാത്രം. ദൈവം നമ്മുടെ അഭിനയം വീഡിയോ ക്യാമറയിൽ പിടിച്ചുവച്ചിരിക്കുകയാണ്. എത്രയോ ചെറുപ്പക്കാരാണ് ഇന്നു ലോകത്തിൽനിന്ന് മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നത്. എത്രയോ പേര് ആശുപത്രികളിലും വീടുകളിലും കിടന്നു വേദനയോടെ ഞെളിപിരി കൊള്ളുന്നു. നമുക്ക് ഒരു ദിവസം കൂടി ഓടിച്ചാടി നടക്കുവാൻ സമയം കിട്ടിയാൽ അതു ദൈവത്തിന്റെ വിലമതിക്കാത്ത ദാനമാണ്. മനുഷ്യൻ വിചാരിക്കുന്നത് പണവും പ്രതാപവും സ്ഥാനമാനങ്ങളും ഒക്കെ ഉണ്ടെങ്കിൽ അവനെ നോക്കി ഭാഗ്യവാനെന്നു പറയും. കോടീശ്വരനെന്ന് ബാങ്ക് ബാലൻസ് ഉള്ളവനേയും ഒത്തിരി സ്വത്തുക്കളുള്ളവനേയും ഒക്കെ നോക്കി പറയും. ഞാൻ കണ്ടതിൽ ഏറ്റവും വലിയ കോടീശ്വരൻ ആരോഗ്യമുള്ളവനും സന്തോഷവും സമാധാനവും ഉള്ളവനാണ്. ആരോഗ്യം നഷ്ടപ്പെട്ടു കിടക്കയിൽ കിടക്കുന്നവന് കോടികൾ ബാങ്ക് ബാലൻസ് ഉണ്ടെന്നു പറഞ്ഞതുകൊണ്ട് എന്തു പ്രയോജനം. "പ്രയോജനമില്ലാത്ത ലൗകിക ധനത്തേക്കാൾ അധികമായി മനുഷ്യൻ സന്തോഷിക്കുന്നത് അവന്റെ പ്രവർത്തന സരണിയിലാണ്. ഇവയ്ക്കെല്ലാം ഉപരിയായി "നീ ദൈവത്തോടു പ്രാർത്ഥിക്കുക അവൻ നിന്റെ വഴി മനുഷ്യരുടെ മുന്നിൽ സത്യത്തിൽ ക്രമപ്പെടുത്തിക്കൊള്ളും" (ബാർആസിറേ 37:17-19). ആയുസിനു ഗാരന്റി പറഞ്ഞിട്ടില്ല, ആരോഗ്യത്തിനു ഗാരന്റി പറഞ്ഞിട്ടില്ല, സമ്പത്തിനു ഗാരന്റി പറഞ്ഞിട്ടില്ല ഉന്നതസ്ഥാനമാനങ്ങൾക്കും ഗാരന്റി പറഞ്ഞിട്ടില്ല, ഉറപ്പു തന്നിട്ടുള്ളതു മരണത്തിനുമാത്രമാണ്. "അവൻ പാറകളെ പിളർക്കും കർത്താവ് നല്ലവനും കഷ്ടകാലത്ത് സഹായിയുമാകുന്നു. തന്റെ ആശ്രിതന്മാരെ അവനറിയാം (നാഹും.1:7)" ലോക സന്തോഷങ്ങൾ മുറുകെപ്പിടിച്ച് ഓടിച്ചാടി നടക്കുമ്പോൾ ലോകം നമ്മളെ ഒരു ദിവസം യാതൊരു ദാക്ഷിണ്യവും ഇല്ലാതെ പറിച്ചെറിയും. നശിച്ചുപോകുന്ന ഈ സ്വത്തിന്റെ ആധാരമാണ് നമ്മുടെ കൈയ്യിൽ സുരക്ഷിതമായിട്ടിരിക്കുന്നത്. നമ്മുടെ ആത്മാവിന്റെ ആധാരം ദൈവത്തിന്റെ കരങ്ങളിലാണ് എന്നുള്ള ഉറപ്പു നമുക്കുണ്ടോ. വില കൊടുത്തു വാങ്ങാത്ത ഒന്നിനും വില കല്പിക്കാത്ത ഒരു ലോകത്താണ് നാം ഇന്നു ജീവിക്കുന്നത്. നമ്മുടെ ഈ നാടക കളരി എന്നു തീരും എപ്പോൾ തീരുമെന്ന് യാതൊരു ചിന്തയുമില്ലാതെ സ്ഥാനമാനങ്ങൾക്കുവേണ്ടി എന്തിനും തയ്യാറായി ജീവിതം പാഴാക്കുമ്പോൾ ദേ വന്നു ദേ പോയി ഇത്ര മാത്രമേ ഉള്ളു ജീവിതം "ഹാ, സ്വർണ്ണം മങ്ങിപ്പോയതും നിർമ്മലതങ്കം മാറിപ്പോയതും എങ്ങനെ" (വിലാപ.4:1).

കാലമെല്ലാം കഴിയും ഇന്നു കാണ്മതെല്ലാം
അഴിയും പിന്നെ പുതുയുഗം വിരിയും തിരികെവരാതെ
നാം നിത്യതയിൽ മറയും.

●

## ക്നാനായ ഫാമിലി ഡയറക്ടറേറ്റ് അറിയിപ്പ്

ക്നാനായ ഫാമിലി ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ 2025 ഡിസംബർ 26, 27 (വെള്ളി, ശനി) ദിവസങ്ങളിൽ പ്രത്യേക വിവാഹ ഒരുക്കസെമിനാർ നടത്തുന്നതാണ്. ഇതിൽ സംബന്ധിക്കുവാൻ താല്പര്യമുള്ളവർ മുൻകൂട്ടി അറിയിച്ച് സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

ഡയറക്ടർ: ഫാ. രാജൻ ഏബ്രഹാം കുളമടയിൽ
Mob: 9446913633

സെക്രട്ടറി: ഫാ. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ
Mob: 9447119918

# അഹരോന്റെ തളിർത്തവടി

**സണ്ണി ഇളംപുരയിടത്തിൽ, നെല്ലിക്കമൺ, റാന്നി**

മോശ വടികളെ കൂടാരത്തിൽ യഹോവയുടെ സന്നിധിയിൽ വച്ചു. പിറ്റേന്നാൾ മോശ കൂടാരത്തിൽ കടന്നപ്പോൾ ലേവിഗൃഹത്തിലുള്ള അഹരോന്റെ വടി തളിർത്തിരിക്കുന്നതു കണ്ടു. അതു തളിർത്തു പൂത്തു ബദാംപഴം കായിച്ചിരുന്നു. മോശ വടികളെ യഹോവയുടെ സന്നിധിയിൽ നിന്നു എടുത്ത് യിസ്രായേൽ മക്കളുടെ അടുത്ത് പുറത്തുകൊണ്ടുവന്നു. അവർ ഓരോരുത്തർ താന്താന്റെ വടി നോക്കിയെടുത്തു (സംഖ്യ:17:7–9).

അഹരോന്റെ വടി എന്ന് വിളിക്കപ്പെടുന്നത് മോശയുടെ കൈയ്യിൽ ഉണ്ടായിരുന്നതും ദൈവത്തിന്റെ ശക്തിയുടെ മഹത്വം യിസ്രായേൽ മക്കൾക്കും ഫറവോനും അത്ഭുതങ്ങളുടെ വെളിപ്പെടുത്തലിനായി സർവ്വശക്തനായ ദൈവം ഉപയോഗിച്ചിരുന്ന വടിയായിരുന്നു. തനിക്ക് യഹോവ പ്രത്യക്ഷനായില്ല എന്നു പറഞ്ഞ് യിസ്രായേൽ മക്കൾ തന്നെ വിശ്വസിക്കാതെ ഇരിക്കും എന്നു പറഞ്ഞ് മോശ ദൈവത്തോട് യാചിച്ചു. അപ്പോൾ നിന്റെ കൈയ്യിൽ ഉള്ള വടി നിലത്തിടുവാൻ ദൈവം കല്പിച്ചു. അവൻ വടി നിലത്തിട്ടപ്പോൾ അത് ഒരു ഭയങ്കര പാമ്പ് ആയിത്തീർന്നു. ആ പാമ്പിനെ കണ്ട് ഓടിപ്പോകാൻ തുടങ്ങിയ മോശയോട് അതിന്റെ വാലിൽ പിടിക്കുവാൻ ദൈവം കല്പിച്ചു. അങ്ങനെ ചെയ്തപ്പോൾ അതു വീണ്ടും വടിയായിത്തീർന്നു. മോശയുടെ ജീവിതമായ വടിയിലൂടെ ദൈവത്തിന്റെ ശക്തിയും ബലവും മഹത്വവും പ്രകടം ആകുന്നതിന്റെ തുടക്കം ആയിരുന്നു അത്. എന്നാൽ അടയാളങ്ങൾ പ്രവർത്തിക്കുന്നതിനായി ഈ വടിയും നീ കൈയ്യിൽ എടുത്തു കൊള്ളണമെന്ന് ദൈവം മോശയോട് കല്പിച്ചു.

ദൈവത്തിന്റെ ആജ്ഞപ്രകാരം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനായി അഹറോനും ഈ വടിയാണ് ഉപയോഗിച്ചിരുന്നത് എന്ന് വ്യക്തമായിരുന്നു. ഈ വടി പിൽക്കാലത്ത് അഹരോന്റെ വടി എന്ന് അറിയപ്പെട്ടിരുന്നു. ഇത് ദൈവത്തിന്റെ വടി എന്ന് തിരുവചനം വിശേഷിപ്പിക്കപ്പെടുകയും ചെയ്തു. ഫറവോന്റെ മുമ്പിൽ വച്ച് ദൈവികശക്തിയാൽ പാമ്പായിത്തീർന്ന ഈ വടി ഉപയോഗിച്ച് ദൈവം മിസ്രേമിലെ സകല ജലാശയങ്ങളും രക്തം ആക്കിത്തീർത്തു. മിസ്രേമിൽ മുഴുവൻ തവളകളെക്കൊണ്ടു നിറയ്ക്കുകയും നിലത്തിലെ പൊടിയിൽ നിന്ന് പേനുകളെ ഉണ്ടാക്കുകയും ചെയ്തു. ഇപ്രകാരം ശക്തിയുടെ പ്രതീകമായ ഈ വടി നിമിത്തമാണ് ആർത്തിരമ്പുന്ന ചെങ്കടലിനെ വിഭാഗിക്കുവാനും പൂർവ്വസ്ഥിതിയിൽ ആക്കുവാനും ദൈവശക്തിയാൽ മോശയ്ക്ക് കഴിഞ്ഞിരുന്നത്.

മോശയുടെയും അഹരോന്റെയും നേതൃത്വത്തിന് എതിരായി യിസ്രായേൽമക്കൾ പിറുപിറുത്തതിനെ തുടർന്ന് യഹോവയുടെ കല്പനപ്രകാരം സമാഗമന കൂടാരത്തിൽ ഓരോ ഗോത്രത്തലവന്റെയും പേര് എഴുതിയ വടി വച്ചു. അടുത്തദിവസം അഹരോന്റെ വടി തളിർത്ത് ബദാം പഴം കായിച്ചിരുന്നതായി കാണപ്പെട്ടു.

യിസ്രായേൽ മക്കളുടെ നീണ്ട മരുഭൂയാത്രയിൽ ആദ്യം വെള്ളം പുറപ്പെടുവിക്കുന്നതിനായി ഈ വടികൊണ്ട് പാറയെ അടിക്കുവാൻ ദൈവം മോശയോട് കല്പിച്ചു. എന്നാൽ സീനായിമലയുടെ അടിവാരത്തിൽവച്ച് വെള്ളം ഇല്ലാതെ വന്നപ്പോൾ തന്റെ വടികൊണ്ട് പാറയെ ചൂണ്ടി വെള്ളം തരുവാൻ ദൈവം മോശയോട് പറഞ്ഞു. എന്നാൽ മോശ കല്പ്പിക്കുന്നതിനുപകരം തന്റെ വടികൊണ്ട് രണ്ടു പ്രാവശ്യം പാറയെ അടിച്ചു. വെള്ളം പൊട്ടി പുറപ്പെട്ടുവെങ്കിലും പാറയെ മോശ അടിച്ചതിനാൽ ദൈവകോപം മോശയ്ക്ക് നേരെ തിരിഞ്ഞു. അതുകൊണ്ട് മോശയും അഹരോനും ഇനി കനാൻദേശത്തു പ്രവേശിക്കയില്ല എന്ന് ദൈവം കല്പിച്ചു. അങ്ങനെ യിസ്രായേൽ മക്കളുടെ മോചനത്തിനും അവരുടെ നാൽപ്പതുവർഷത്തെ മരുപ്രയാണത്തിനും ദൈവം ഈ വടി ഉപയോഗിച്ചതായി ചരിത്രത്തിൽ എഴുതിയിരിക്കുന്നു. എന്നാൽ മോശയ്ക്കും അഹരോനും കനാൻ ദേശത്തു പ്രവേശിക്കാതെ ഇരിക്കാൻ ഈ വടി കാരണമായിത്തീർന്നു. അതുകൊണ്ട് നമ്മുടെ പിതാക്കൻമാർ യിസ്രായേലിന്റെ ദൈവത്തോട് പ്രാർത്ഥിച്ചു.

മിസ്രേമിൽ മോശയ്ക്ക് സങ്കേതമായവൻ
ഹോറാബിൻ നിന്നവൻ കൂടെയുണ്ട്
പാറയിൽ നിന്നുള്ള ശുദ്ധജലം കൊണ്ട്
ദാഹം ശമിപ്പിച്ചവൻ കൂടെയുണ്ട്
ഒരു നാളും എന്നെ ഉപേക്ഷിക്കയില്ലെന്ന്
പരമാർത്ഥമായവൻ ചൊല്ലിട്ടുണ്ട്
എന്നെ വിളിച്ചവൻ എന്നെ രക്ഷിച്ചവൻ
എന്നാളും എന്നോടു കൂടെയുണ്ട്
ആകാശം ഭൂമിയും ആകെ ഒഴിഞ്ഞാലും
ആയവൻ വാക്കിനു ഭേദം ഇല്ല.

നിന്റെ ദൈവം ആയ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. നീ പോകുന്നിടത്തൊക്കെയും നിന്റെ ദൈവമായ കർത്താവ് കൂടെ ഉള്ളതിനാൽ ഉറച്ച ധൈര്യം ഉള്ളവനായി ഇരിക്കുക എന്ന് ദൈവം യോശുവയോട് കല്പിച്ചു. ആ ദൈവത്തെ മുറുകെ പിടിച്ച് ഞങ്ങളുടെ പിതാക്കൻമാരുടെ ദൈവം എന്റെയും ദൈവം എന്നു പറയുവാൻ തക്കവണ്ണം ശക്തി പ്രാപിക്കട്ടെ. ദൈവനാമം മാത്രം മഹത്വപ്പെടുമാറാകട്ടെ. ●

## ക്നാനായ ദീപം അറിയിപ്പുകൾ

ക്നാനാദീപം മാസിക ഓഫീസിലേയ്ക്ക് Accounting, Malayalam D.T.P. എന്നിവ അറിയാവുന്ന ലേഡീസ് സ്റ്റാഫിനെ ആവശ്യമുണ്ട്. യോഗ്യതയുള്ളവർ ക്നാനായ ദീപം ഓഫീസുമായി ബന്ധപ്പെടുക.

Last Date 31-12-2025

ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ മുതലായവ ക്നാനായ ദീപത്തിൽ പ്രസിദ്ധീകരണ യോഗ്യമായവ അയച്ചു തരിക.

കുടിശ്ശികകൾ ഉള്ളവർ 8547884440 എന്ന നമ്പറിൽ Address അയച്ചാൽ കുടിശിഖ അറിയിക്കാം.

എന്ന്

**മാനേജിംഗ് എഡിറ്റർ**
Mob: 9447563240

# മാനസാന്തരത്തെക്കുറിച്ച് ഞാൻ മനസ്സിലാക്കിയത്

**സണ്ണി ജേക്കബ് കാട്ടുവേലിൽ**

വി. മത്തായിയുടെ സുവിശേഷം 4:17 അന്നു മുതൽ യേശു: "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടുവീൻ എന്ന് പ്രസംഗിച്ചു തുടങ്ങി"

ആത്മശരീര മനസ്സുകളാ
മെന്നുടെ തിരുമുൽ കാഴ്ചകളെ
താതസുതാശ്വാസപ്രദനെ
അൻപൊടു കൈകൊണ്ടീടണമെ.

ആത്മാവ്, ശരീരം, മനസ്സ് എന്ന മൂന്ന് ഘടകങ്ങൾ യോജിച്ചതാണ് മനുഷ്യൻ. നാശം ഉള്ള ശരീരം മണ്ണിനാൽ ദൈവം സൃഷ്ടിച്ചു. മനസ്സ് മനസ്സിലാക്കുന്നതിനും ശരീരത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും ചുറ്റുപാടുകളെ അറിയുന്നതിനുമായി നൽകി. മനുഷ്യന്റെ ജ്ഞാനേന്ദ്രിയങ്ങളെയും, ബാഹ്യ ഇന്ദ്രിയങ്ങളെയും മനസ്സ് അറിയുന്നു. മണ്ണിനാൽ സൃഷ്ടിച്ച ശരീരത്തെയും, മനസ്സിനെയും ദൈവം തന്റെ ശ്വാസത്താൽ നൽകിയ ആത്മാവ് നിലനിർത്തുന്നു. ആത്മാവ് ദൈവത്തിൽ നിന്ന് വന്ന ദൈവീക സ്വഭാവമായ വിവേകവും, സമാധാനവും ആകുന്നു.

ഏതൊരു ആശയവും/ചിന്തയും ഒരാളുടെ മനസ്സിൽ ആണ് വരുന്നത്. മനസ്സിൽ വരുന്ന ചിന്ത ആത്മീയ വിവേകത്തിൽ ശോധന ചെയ്ത് ബുദ്ധി പ്രവൃത്തിയിൽ വരുത്തുന്നു. ബുദ്ധി മനസ്സിന്റെ ഒരു ഭാഗം ആകുന്നു. പ്രവൃത്തിയിൽ വരുത്തുന്ന ചിന്തകൾ ആത്മീയ വിവേകത്തിന് ഉചിതമായത് എങ്കിൽ ആ പ്രവൃത്തിയിൽ തെറ്റുകൾ ഉണ്ടാകുന്നില്ല. എന്നാൽ വിവേകത്തിന് ഉചിതമല്ലാത്ത പ്രവൃത്തികൾ ചെയ്യുമ്പോൾ തെറ്റുകൾ ഉണ്ടാകുന്നു. ഈ തെറ്റുകളെ പാപം എന്ന് പറയാം. മനസ്സിൽ ഈ തെറ്റുകളെക്കുറിച്ചുള്ള ഒരു കുറ്റബോധം ഉണ്ടാകുമ്പോൾ അതിൽ നിന്നും പശ്ചാത്താപത്തിലേക്ക് എത്തിച്ചേരുന്നു. ഇതിനെ മാനസാന്തരം എന്ന് പറയുന്നു. മനസ്സ് കാണപ്പെടുന്ന ഭൗതികതയിലേയ്ക്ക് കൂടുതൽ ആകർഷിക്കപ്പെടുകയും, കാണപ്പെടാത്ത ആത്മാവെന്ന യാഥാർത്ഥ്യത്തെ അറിയാതെ, ആത്മാവിന്റെ പൂർണ്ണതയായ ദൈവത്തെ തിരിച്ചറിയാതെ വരുമ്പോൾ ആണ് ആത്മീയ വിവേകത്തിന്റെ ശോധനയെ കണക്കിലെടുക്കാതെ പോകുന്നത്. ഒരുവനിൽ കുറ്റബോധം തോന്നിക്കുന്നു എങ്കിൽ അവൻ അവന്റെ ആത്മാവിനെക്കുറിച്ച് ബോധം ഉള്ളവൻ ആകുന്നു എന്ന് അർത്ഥം. തന്നിലെ ആത്മാവിനെ തിരിച്ചറിഞ്ഞവൻ ദൈവത്തെ അറിയുന്നു. എന്റെ എന്നെക്കുറിച്ചുള്ള അന്വേഷണം എന്നെ ദൈവത്തിൽ എത്തിച്ചുവെങ്കിൽ എന്റെ ദൈവത്തെക്കുറിച്ചുള്ള അന്വേഷണം എന്നെ എന്നിൽ എത്തിച്ചു.

മാനസാന്തരം എന്നത് ഒരുവന്റെ സ്വഭാവത്തിൽ വരുന്ന മാറ്റം എന്നതാകുന്നു. അതായത് തിന്മയിൽ നിന്നും നന്മയിലേയ്ക്ക് ഒരു സ്വഭാവ വ്യത്യാസം. ഞാൻ മനസ്സിലാക്കുന്നത് ഒരുവനിൽ ഒരു സ്വഭാവ വ്യത്യാസം വരണം എന്നുണ്ടെങ്കിൽ അത് അവൻ തന്നെ തീരുമാനിക്കണം. വേറൊരാൾക്ക് അവന്റെ മനസ്സിൽ പ്രേരണ ചെലത്തുവാൻ സാധിക്കും. എങ്കിലും തീരുമാനമെടുക്കുന്നത് അവൻ തന്നെ ആയിരിക്കും. യഥാർത്ഥ പശ്ചാത്താപത്തിൽ വന്നിരിക്കുന്നവൻ അവൻ എടുത്ത തീരുമാനത്തിൽ ഉറച്ചുനിൽക്കുക എന്നതും അവന്റെ തീരുമാനം തന്നെയാണ്. ഈ തീരുമാനത്തിലും അവന്റെ ആത്മാവിന്റെ ശോധന ഉണ്ടാകുന്നു. തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നുവെങ്കിൽ അവൻ അവന്റെ ആത്മാവിന്റെ ശോധനയെ അംഗീകരിച്ചു എന്നതാകുന്നു. ഇതാണ് കർത്താവായ യേശുക്രിസ്തുവിന്റെ ഉപദേശം. നിന്റെ പ്രവർത്തിയിൽ ഉണ്ടായിട്ടുള്ള തെറ്റുകളെക്കുറിച്ച് നീ ബോധവാനാവുക. ആ ബോധ്യം ഇതുവരെയുള്ള നിന്റെ പ്രവൃത്തിയും ഇപ്പോൾ നീ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നതിലും ഭാവിയിൽ പ്രവർത്തിക്കുന്നതും ആയ സകലത്തിലും പാപത്തിന്റെ അനുഭവം ഇല്ലാതെ ആകും. നിന്റെ ആത്മാവിന് രക്ഷ ഉണ്ടാകും. യേശുക്രിസ്തുവിന്റെ മാനസാന്തരം പഠിപ്പിക്കുന്നത്, യഥാർത്ഥ മാനസാന്തരം ലഭിച്ചവന്റെ മനസ്സ് പാപഭാരം ഒഴിഞ്ഞ അനുഭവം ആയിരിക്കും.

ഒരു പാപഭാരം ഒഴിഞ്ഞ മനസ്സിന് ന്യായവിധിയെയോ, നരകത്തെയോ ഭയപ്പെടേണ്ടതില്ല. മാനസാന്തരപ്പെടുന്നതിനും ഭയപ്പെടേണ്ടതില്ല. എന്തുകൊണ്ടെന്നാൽ ദൈവം സ്നേഹം ആകുന്നു. കുറ്റബോധം ഉള്ള ഒരു മനസ്സ് യഥാർത്ഥമായ പശ്ചാത്താപത്തിൽ ഇനിയും മേലിൽ ഒരു തിന്മയുടെ പ്രവൃത്തി എന്നിൽ ഉണ്ടാവുകയില്ല എന്ന് തീരുമാനമെടുക്കുമ്പോൾ ആ തീരുമാനം ദൈവം കൈക്കൊള്ളുകയും അവൻ പാപമോചിതൻ ആവുകയും ചെയ്യുന്നത് കുമ്പസാരം. കുമ്പസാരം ഒരു പുരോഹിതന്റെ സാന്നിദ്ധ്യത്തിൽ മനുഷ്യൻ ദൈവവുമായി ചെയ്യുന്ന ഉടമ്പടി അത്രെ. ആ ഉടമ്പടിയുടെ പൂർണ്ണതയാകുന്നു അവൻ അർപ്പിക്കുന്ന ദിവ്യബലി. ദിവ്യബലിയിൽ പങ്കെടുക്കുന്ന ഒരാൾ പശ്ചാത്താപത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ആയിരിക്കണം തന്റെ ബലിസമർപ്പണം. തന്റെ ബലി നൽകുന്നവനും ബലി സ്വീകരിക്കുന്ന ദൈവവുമായുള്ള ബന്ധത്തിന്റെ പൂർത്തീകരണമാണ് വി. മദ്ബഹായിൽ നടക്കുന്നത്. അർപ്പിച്ച ബലിയിൽ ദൈവം സംപ്രീതനായി ആത്മീയമായി പാപഭാരം ഒഴിഞ്ഞ മനസ്സുള്ള ആത്മാവുമായി ബന്ധപ്പെടുന്നു. അങ്ങനെ ദൈവീക സന്തോഷവും സമാധാനവും അവന് ലഭിക്കുന്നു. പുരോഹിതൻ ജനങ്ങൾക്കുവേണ്ടി ജനങ്ങളുടെ ബലി ദൈവത്തിന് സമർപ്പിക്കുന്നു. പട്ടക്കാരൻ ദൈവം അംഗീകരിച്ച് പ്രീതിപ്പെട്ട് നൽകുന്ന ദൈവിക സമാധാനവും സന്തോഷവും ആണ് വി. കുർബ്ബാനയ്ക്കു ശേഷം തരുന്ന ആശീർവാദം. നിങ്ങൾ സന്തോഷിച്ച് സംതൃപ്തരായി സമാധാനത്താലെ പോകുവീൻ. അവിടെയാണ് മാനസാന്തരത്തിന്റെ പൂർണ്ണത. ●

## ക്രിസ്തുമസ് കരോൾ ഗാന രചനാമത്സരം

പ്രിയരെ,

ക്നാനായദീപം മാസികയുടെ ആഭിമുഖ്യത്തിൽ സമുദായ അംഗങ്ങൾക്കായി ക്രിസ്തുമസ് കരോൾ ഗാന രചനാമത്സരം നടത്തുന്നു. കരോൾ ഗാനങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2026 ജനുവരി 20

**മാനേജിംഗ് എഡിറ്റർ**
**ക്നാനായ ദീപം**
**ചിങ്ങവനം പി.ഒ., കോട്ടയം**
E-mail: kna.deepam@gmail.com

# ഇങ്ങനെയും ജീവിതം

ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

ആ കാഴ്ച കരൾ അലിയിപ്പിക്കുന്നതായിരുന്നു. ആശുപത്രിക്കിടക്കയിൽ തല തിരിച്ചിട്ട് അമ്മ വാരിക്കൊടുക്കുന്ന ആഹാരം കഴിക്കുന്ന മുക്കട സ്വദേശിനി അനുമോൾ. അരികിലിരുന്ന് ആഹാരം കൊടുക്കുകയും, പരിചരിക്കുകയും ചെയ്യുന്ന അമ്മ അമ്മിണി. അനുമോളുടെ കാര്യങ്ങൾ അമ്മയോടു ചോദിച്ചറിയുവാൻ കഴിഞ്ഞത്, മകൾക്ക് ജന്മനാൽ വളർച്ച വൈകല്യമുള്ളതാണ്. കാഴ്ചയിൽ കൊച്ചു കുട്ടിയായി തോന്നും. പക്ഷെ അവൾക്ക് വയസ് 25 കഴിഞ്ഞു. സംസാരിക്കാൻ കഴിയില്ല. എഴുന്നേൽക്കുവാനും, ഇരിക്കുവാനും, തന്നത്താൻ വാരി കഴിക്കുവാനും ഒന്നും കഴിയില്ല. ജീവിത ദിനചര്യകൾ എല്ലാം ആരുടെയെങ്കിലും സഹായത്താൽ മാത്രമെ സാധിക്കുകയുള്ളൂ. മറ്റുള്ളവർ പറയുന്നതു കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യും. ദുഃഖവും, സങ്കടവും, സന്തോഷവും, കരച്ചിലും, മൂകതയിലും, ചിരിയിലും പ്രകടിപ്പിക്കും. കട്ടിലിൽ കിടന്ന് വട്ടം കറങ്ങും. രാത്രി വളരെ താമസിച്ചാണ് ഉറങ്ങുന്നതും. ഒരാൾ എപ്പോഴും കൂടെ വേണം അവളുടെ കാര്യങ്ങൾ നോക്കാൻ. അമ്മയാണോ കൂടെ ഇരിക്കുന്നത്? അല്ല. ഇപ്പോൾ ഇവളുടെ അച്ഛനാണ്. അദ്ദേഹത്തിന് ഇപ്പോൾ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതിനാൽ ജോലിക്കുപോകാൻ പറ്റുന്നില്ല. എന്തായിരുന്നു ജോലി? കൂലിപ്പണി. അപ്പോൾ വീട്ടുകാര്യങ്ങൾ എങ്ങനെ നടക്കുന്നു? ഞാൻ വീട്ടുജോലിക്കു പോകുന്നുണ്ട്. വീട്ടിൽ പുള്ളിക്കാരന്റെ അമ്മയും പ്രായമായി ഇരിപ്പാണ്. ഞാൻ രാവിലെ എല്ലാ ശരിയാക്കിയിട്ട് പോകും. പുള്ളി ബാക്കി രണ്ടു പേരുടെയും കാര്യങ്ങൾ നോക്കിക്കൊള്ളും. ഈ പുള്ളിയുടെ പേര്? രാജു. ശ്വാസം മുട്ടലാണ്, മരുന്നു കഴിച്ചിരിപ്പാണ്.

നിങ്ങൾക്ക് വേറെ മക്കൾ? ഇവളുടെ മുകളിൽ രണ്ട് ആൺകുട്ടികൾ കൂടി ഞങ്ങൾക്കുണ്ട്. അവർ എന്തു ചെയ്യുന്നു? കൂലിപ്പണിയ്ക്കു പോകുന്നു. അവരെ പഠിപ്പിച്ചില്ലേ? പഠിപ്പിച്ചു, ഒരാൾ ബി. കോം കഴിഞ്ഞു. മറ്റവൻ +2 കഴിഞ്ഞു. വേറെ ജോലിയൊന്നും കിട്ടിയില്ല. ജീവിക്കേണ്ടേ; അതിനാൽ കൂലിപ്പണിക്കു പോകുന്നു. വീട്ടുചിലവുകൾ നടക്കേണ്ടേ.... കാശ് കൊണ്ടു തരുമോ? തരും. വീട്ടിൽ വഴക്കുണ്ടോ? ഒ... അങ്ങനൊന്നുമില്ല. ചിലപ്പോൾ പുള്ളി കുടിച്ചിട്ട് വരുമ്പോൾ എനിക്ക് അത് ഇഷ്ടമല്ല. മോൾക്കും. അപ്പോൾ വല്ലതും അങ്ങോട്ടും ഇങ്ങോട്ടും പറയും അത്രമാത്രം. അത് ഇവൾക്ക് വലിയ സങ്കടമാണ്. ഇവളുടെ സന്തോഷമാണ് ഞങ്ങൾക്ക് പ്രധാനം. പുള്ളിയ്ക്കു കുടിക്കാൻ കാശ് എവിടുന്നാ? അത് കൂട്ടുകാർ വല്ലവരും സൽക്കരിക്കുന്നതാ. ദുരിതവും, ദൗർഭാഗ്യവും കൊണ്ടു നിറഞ്ഞ ഇവരുടെ ജീവിതത്തുരുത്തിൽ ഇവർ വളരെ ക്ഷമയോടും, ശാന്തതയോടും കൂടെ അതിനെ അഭിമുഖീകരിക്കുന്നു. പതറാതെ, തളരാതെ, പക്വതയോടെ പരിപാലിച്ചുപോരുന്നു. (പ്രഭാഷകൻ 2: 4–5) "വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക, ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്. എന്തെന്നാൽ സ്വർണ്ണം അഗ്നിയിൽ ശുദ്ധിചെയ്യപ്പെടുന്നു. സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും". ജീവിതം എപ്പോഴും ആഴക്കടൽപോലെ ശാന്തമല്ല; ഓളങ്ങളും തിരമാലകളുമാകുന്ന ദുരിതങ്ങളും, പ്രശ്നങ്ങളും, പ്രതിസന്ധികളും, ദൗർഭാഗ്യങ്ങളും, സുഖങ്ങളോടും, ഐശ്വര്യങ്ങളോടും, ഉയർച്ചകളോടും, സമൃദ്ധിയോടും കൂടെ കടന്നു വന്നേക്കാം. അവയെല്ലാം സഹനത്തോടും, ശാന്തതയോടും കൂടെ നേരിടുക മാത്രമല്ല, സമാനമായ ജീവിതത്തുരുത്തുകളിൽ കഴിയുന്ന സഹജീവികൾക്ക് സഹായത്തിന്റെയും സാന്ത്വനത്തിന്റെയും സാന്നിദ്ധ്യമായി മാറുവാൻ കഴിയണം. അങ്ങനെ ക്രിസ്തു യേശുവിന്റെ കാലവറയില്ലാത്ത കാരുണ്യത്തിന്റേയും കരുതലിന്റെയും കരങ്ങളായി മാറുവാൻ നമുക്ക് കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു.

# ശുശ്രൂഷക സംഗമം



*ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ പള്ളിയിൽ നടന്ന ശുശ്രൂഷക സംഗമത്തിൽ പങ്കെടുത്തവർ വികാരി ഫാ. സാജൻ അലക്സ് ചക്കാലയോടൊപ്പം*

കവിത

# ജീവിത വിശുദ്ധി

ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം

അല്ലയോ, മാതാപിതാക്കളേ, ഒന്നു നിൽക്കൂ!
മക്കളെയൊക്കെ, ചേർത്തിരുത്തി
നന്നേ ചെറുപ്പത്തിൽ ചേർത്തിരുത്തി
വിശുദ്ധി തൻ പാഠം പറഞ്ഞു കൊടുക്കൂ!

വിശുദ്ധിതൻ, ജീവിതം നയിക്കുന്നവരേ
സാത്താന് തോല്പിക്കാൻ സാദ്ധ്യമല്ല
ആശയത്തെ തോല്പിക്കാൻ സാധിച്ചീടും
വിശുദ്ധിയെ തോല്പിക്കാൻ സാധ്യമല്ല

അധ:പതിച്ച ലോകത്തിന് അടിമയാകാതെ
ജീവിത വിശുദ്ധി കാത്തു പാലിക്കാൻ
മക്കളെയൊക്കെ കർത്തന്റെ മുമ്പിൽ കാഴ്ചവെച്ച്
മക്കളെ ഓർത്ത് കരഞ്ഞീടുവിൻ

തല്ലി പഠിപ്പിച്ചും ചൊല്ലിക്കൊടുത്തും
ബാലശിക്ഷയിൽ വളരുന്ന മക്കൾ
എവിടെ ചെന്നാലും വിശുദ്ധിയായി ജീവിക്കും
മരണംവരെയും മാന പാത്രമായി തീരും

ലോകയിമ്പത്തിൽ തിമിർക്കുന്ന മക്കളെ
ദൈവത്തിൽ നിന്നകറ്റുവാനായി
സാത്താന്റെ രണ്ടു മാരകായുധമല്ലോ
മദ്യപാനവും ലൈംഗികപാപവും

ബലഹീന പാത്രത്തെ തേടിപ്പിടിച്ച്
മാരകപാപം കുത്തി നിറച്ച്
സാത്താന്റെ തോഴരാക്കിക്കൊണ്ട്
അഗ്നി നരകത്തിന് യോഗ്യരാക്കും

നല്ല ജീവിതം നയിച്ചീടുവാൻ
തിന്മയിൽ നിന്ന് നാവിനേയും
വ്യാജത്തിൽ നിന്ന് അധരത്തെയും സൂക്ഷിക്കൂ!
ശരീര വിശുദ്ധി കാത്തു പാലിക്കൂ!

കാപട്യം, ആത്മീയ അഹങ്കാരം, ഹൃദയ കാഠിന്യം
എന്നിവ ഈശൻ വെറുക്കുന്നുവല്ലോ
ക്ഷമിച്ചു ജീവിക്കാൻ ഈശനെ
നിൻ ക്ഷമ എന്നിൽ ഒഴുക്കിടുക.

നീതിക്കു വേണ്ടി വിശന്നു ദാഹിക്കൂ!
അനീതിയ്ക്കും അകൃത്യത്തിനും എതിരായ
ഈശന്റെ കോപം മുഴങ്ങിടുന്നു
ആകാശത്തിൽ മുഴങ്ങിടുന്നു

ലോകത്തിൻ താളം പിടിച്ചാൽ
കൃപാവരം ലഭിക്കില്ലല്ലോ
ക്രിസ്തുവിന്റെ നിലവാരത്തിൽ ജീവിച്ചിടുകിൽ
കൃപാവരം ലഭിച്ചിടുമേ

അമ്പുള്ള തമ്പുരാനെ, എൻപ്രിയ അപ്പാ
നിൻപ്രിയ മക്കൾ നിൻ മുമ്പിലെത്താൻ
അനുതാപമുള്ളൊരു ഹൃദയം നൽകി
നിൻ പ്രിയ മക്കളെ സല്ക്കരിക്കൂ!

പാപം എത്ര കടും ചുവപ്പായാലും
ഹിമംപോലെ വെളുപ്പിക്കാൻ കർത്തനുണ്ട്
സത്യ കുമ്പസാരം നടത്തിക്കൊണ്ട്
ദിവ്യ കാരുണ്യം അനുഭവിക്കൂ!

പൂർണ്ണമായി ഈശനിൽ ലയിച്ചു ചേരാൻ
ഞങ്ങളും ഈശനും ഒന്നായിടുവാൻ
വിശുദ്ധിയായി ജീവിച്ചു മടങ്ങിടുവാൻ
തൃപ്പാദത്തിൽ നമിക്കുന്നു ഞങ്ങൾ ●

---

# സൺഡേസ്ക്കൂൾ കലോത്സവം

*മലങ്കര ക്നാനായ സൺഡേസ്ക്കൂൾ അസ്സോസിയേഷൻ യൂറോപ്പ് മേഖലയുടെ ആഭിമുഖ്യത്തിൽ ഇദം പ്രഥമമായി ഒരു കലോത്സവം ഫെബ്രുവരി 21 -ാം തീയതി ശനിയാഴ്ച ബെർമിംങ്ഹാമിൽ വച്ച് നടത്തപ്പെടുന്നു. യൂറോപ്പിലെ വിവിധ ദൈവാലയങ്ങളിൽ നിന്ന് വിജയികളായി എത്തപ്പെടുന്ന കുട്ടികളാണ് ഈ സെൻട്രൽ കലോത്സവത്തിൽ മത്സരിക്കുന്നത്. ആരാധനാഗീതം മലയാളം, സുറിയാനി, പുരാതനഗീതം, ബൈബിൾകിസ്, പ്രസംഗം എന്നീ മത്സരങ്ങളിൽ സബ് ജൂണിയേഴ്സ്, ജൂണിയേഴ്സ്, സീനിയേഴ്സ് എന്നീ വിഭാഗങ്ങളിൽ ആണ് പങ്കെടുക്കുന്നത്. പ്രസിഡന്റ് ഫാ. ജോമോൻ പുന്നൂസ് കൊച്ചുപറമ്പിൽ, സെക്രട്ടറി ബിനോയ് ഉണ്ണിട്ടൻ ചാങ്ങയിൽ, ട്രഷറാർ അനീഷ് ഏബ്രഹാം കിഴക്കെപുറത്ത്, ജോ.സെക്രട്ടറി ജെനു ഷിനു കോവിലാൽ, പ്രോഗ്രാം കൺവീനർ ബീനാ മനോജ് അറക്കപ്പെരുമേത്ത്, ഐ.ടി. കോർഡിനേറ്റർ രഞ്ജിത് രാജു തെക്കേകരോട്ട് കൂടാതെ എല്ലാ ഇടവകകളിൽ നിന്നും ഉള്ള സൺഡേസ്ക്കൂൾ സെൻട്രൽ കമ്മിറ്റിയിൽ ഉള്ള കമ്മറ്റി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചു വരുന്നു.*




## വരനെ ആവശ്യമുണ്ട്

**M. 669**

Knanaya parents invite proposals for their daughter (24 / 162 cm) B.Tech IT working as Software Engineer in an MNC at Kochi. Seeking alliance from parents of professionally qualified and God fearing boys.
Ph: 9745452343, (8281806687 WhatsApp only )

**M. 670**

Knanaya parents invite proposals for their daughter (26/ 169 cm), Masters in Engineering from UK, employed there as Engineer with company visa & work permit. Seeking alliance from God-fearing, professionally qualified boys.
Ph: 8281737091

**M. 671**

Knanaya parents invite proposals for their daughter, aged 27 and 169 cm tall. She holds a Master's degree in Engineering and is currently employed in an MNC in UAE as an Engineer. We are seeking an alliance from parents of God-fearing and professionally qualified boys.
Contact: 8848229455

**M. 672**

+2 കഴിഞ്ഞ ക്നാനായ യുവതിയ്ക്ക് (28/145 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9961718192 (whats + 97339800937)

**M. 673**

Knanaya Jacobite parents invite proposals for their daughter (27/5'.3") born and brought up in middle east, holding masters degree from Ireland in computer science, presently working as a software engineer in Ireland. Seeking alliance from parents of professionally qualified and God fearing boys. (Ph.9961280873, 001-832- 3567595)

**M. 674**

+2 കഴിഞ്ഞ ക്നാനായ യുവതിയ്ക്ക് (30/146 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 7736603303 (whatsapp) 9497660812

**M. 702**

Knanaya parents invite proposal for their daughter (24 - 160cm) Graduate and is working as Bank employee. Seeking alliance from parents of professionally qualified and God fearing boys. Phone : 9446402237, 9446421137

## വധുവിനെ ആവശ്യമുണ്ട്

**M. 675**

B.Com പാസ്സായി സൗദിയിൽ ലോജിസ്റ്റിക് വിഭാഗത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (31/171 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ഡിമാന്റുകൾ ഇല്ല. Ph: 8281741718, 8281511918

**M. 676**

B.Tech Mechanical Engineering കഴിഞ്ഞ് ദുബായിലെ ഒരു Ship Building & Offshore Equipments നിർമ്മാണ കമ്പനിയിൽ Project Engineer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/175 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 8330884815, 9400710547

**M. 677**

എറണാകുളം SaTm കോളേജിൽ നിന്ന് ഡിപ്ലോമാ എടുത്ത് (ട്രാവൽ & ടൂറിസം) ഇപ്പോൾ നാട്ടിൽ സെയിൽസിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/175 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9447847634, 9400015413

**M. 678**

B.Sc Hotel Management Course കഴിഞ്ഞ് യു.കെ.യിൽ പ്രമുഖ ഹോട്ടലിൽ Chef ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/175 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9495509202, 8301889633

**M. 679**

Malta Airport ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/174 cm, B.Com) അനുയോജ്യരായ വിദ്യാഭ്യാസമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 7736821697, 9567819078

**M. 680**

Knanaya parents well settled in U.S. inviting proposal for their son born and brought up in U.S.A. (34/5'6") Graduated with a Doctorate Degree in Pharmacy, Bachelor's Degree in Bio- Medical Science, Masters in Business Administration. Currently working for a Major Pharmaceutical Company. Seeking suitable allience from Professionally Qualified Knanaya girls with Doctors, Doctrate in Pharmacy, Masters in Computer Engineering, Bachelors or Masters in Nursing from Prestigious School. He will be in Kerala in December 10 to 20
Ph: 813 -298-9455, 813- 453-0039

**M. 681**

B.Tech കഴിഞ്ഞ് Queensland University of Technology Australia യിൽ Master of Professional (Civil with Management) പഠിച്ചുകൊണ്ടിരിക്കുന്ന ക്നാനായ യുവാവിന് (25/167 cm) ഓസ്ട്രേലിയായിൽ ഉള്ളതോ/ജോലി സാധ്യത ഉള്ളതോ ആയ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9400994469, 8547417886

**M. 682**

U.A.E. ൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്ന (26/173 cm, M.Com) ക്നാനായ യുവാവ് അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഡിസംബർ പകുതിയോടുകൂടി നാട്ടിൽ വരുന്നു). Ph: 8301056245, 9446481245

**M. 683**

ഷാർജയിൽ Electricity and Water authority ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (40) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 8281249142, 9995945925

**M. 684**

B.Sc Chemistry പാസ്സായി കേന്ദ്രഗവൺമെന്റിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/181cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (നാട്ടിൽ ജോലിയുള്ളവർക്ക് മുൻഗണന)
Ph: 9061105323, 9961312323

**M. 685**

B.Sc Hotel Management കഴിഞ്ഞ് തായ്‌വാനിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (31/164 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 7025951233

**M. 686**

B.Sc Nursing പാസ്സായി അബുദാബിയിൽ Registered Nurse ആയി ജോലി ചെയ്യുന്നതും Newzeland ലേയ്ക്ക് Process നടക്കുന്നതുമായ ക്നാനായ യുവാവ് (35) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 8592049012, 9947743906 (Whatsapp)

**M. 687**

Knanaya parents invite proposal for their Son (28/ 5’11”) Working at a New York State facility. Brought up in India and US. Currently in US. Came to U.S. in 2010. Seeking alliances from Knanaya girls.
Contact: +1 (718)- 362 7894 Gmail: tkurian653@gmail.com

**M. 688**

കൊച്ചി Infopark ൽ Senior Software Engineer ആയി ജോലി ചെയ്യുന്ന (29/178 cm) ക്നാനായ യുവാവ് അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9495063653, 7994639635

**M. 689**

B.C.A., മെക്കാനിക്കൽ ഡിപ്ലോമാ കഴിഞ്ഞ് സൗദിയിൽ ഓഫീസ് അഡ്മിനിസ്ട്രേറ്ററായി ജോലി ചെയ്യുന്ന (29/177 cm) ക്നാനായ യുവാവ് അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 8075193748, 9744991913

**M. 690**

Automobile Engineer ആയി ജോലി ചെയ്യുന്നതും ഡിസംബറിൽ നാട്ടിൽ വരുന്നതുമായ (28/160 cm) ക്നാനായ യുവാവ് അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9645774897, 7907323115

**M. 691**

B.Tech Mechanical Engineering കഴിഞ്ഞ് Inspection Engineer ആയി ഇപ്പോൾ U.A.E. ൽ ജോലി ചെയ്യുന്ന (26/ 173 cm) ക്നാനായ യുവാവ് അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (നേഴ്സുമാർക്ക് മുൻഗണന) Ph: 9400626114, 9496802028

**M. 692**

ഖത്തറിൽ Distribution Manager ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/165cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഫാമിലി വീസയുണ്ട്. ഇപ്പോൾ ലീവിന് വന്നിട്ടുണ്ട്)
Ph: 9656411508, 6235094678

**M. 693**

നാട്ടിൽ സ്വന്തം ബിസിനസ്സ് നടത്തുന്ന ക്നാനായ യുവാവ് (36/170 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ബാധ്യതകൾ ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കുന്നതാണ്. മറ്റ് ഡിമാന്റുകൾ ഒന്നും ഇല്ല) Ph: 9744839517

**M. 694**

കുവൈറ്റിൽ പ്രശസ്തമായ കമ്പനിയിൽ സൂപ്പർവൈസറായി ജോലിചെയ്തു വരുന്ന ക്നാനായ യുവാവ് (29/ 172 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 6235155023, 9605380204

**M. 695**

ഡിഗ്രികഴിഞ്ഞ് സ്വന്തമായി ബിസിനസ്സ് നടത്തുന്ന ക്നാനായ യുവാവ് (26/177 cm) ഇടത്തരം കുടുംബം. അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9446831419, 6282199489

**M. 696**

ദുബായിൽ ഇലക്ട്രിക്കൽ എഞ്ചിനിയറായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/172 cm) ദൈവഭയമുള്ള ഇടത്തരം കുടുംബത്തിൽപ്പെട്ട അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (മെഡിക്കൽ ഫീൽഡിൽ ഉള്ളവർക്ക് മുൻഗണന.)
Ph: 9605538806, 9544163809

**M. 697**

കുവൈറ്റിൽ ഹെവി ഡ്രൈവറായി ഒരു പ്രമുഖ കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/171 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ജനുവരിയിൽ ലീവിന് നാട്ടിൽ വരും)
Whats app No. +96597808441, 9745876979

**M. 698**

Knanaya parents invite proposals for their Son. 27 years of age / 180 cm Height, born and brought up in South Africa Graduated with Mechatronics Engineering from University of Cape Town and Currently working as an Energy Engineer in Cape Town. Seeking suitable alliances from parents of God fearing and professionally qualified working Girls brought up abroad.
Ph: No : 9447094607, whatsapp :+27731555188

**M. 699**

Electrical Engineering (Diploma) കഴിഞ്ഞ് U.A.E. ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/176 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9349880517

**M. 700**

B.Sc Hotel Management Course കഴിഞ്ഞ് ദുബായിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഇപ്പോൾ ലീവിന് വന്നിട്ടുണ്ട്) Ph: 9947046277

**M. 701**

Knanaya parents invite proposal for their daughter (25/163cm) raised and settled in Australia. Graduated with a Bachelor of Law and Bachelor of Commerce currently working as a solicitor. Seeking alliance from professionally qualified Knanaya boys settled in Australia, New Zealand and UK.
Phone no. 0422140023 , +91 94967 20602

**M. 703**

Knanaya parent invite proposals for their son (28/175) who has done B.Sc in Hotel management and is working as a captain in a reputed 5 Star Hotel in Mumbai. Seeking alliance from qualified, God fearing girls, preferably brought up outside Kerala. Mob: 9892080065



**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, ചിങ്ങവനം**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**ഒരു വിശ്വാസി, കുറിച്ചി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**അമ്മിണി, ചിങ്ങവനം**

## പുനർവിവാഹം


### വധുവിനെ ആവശ്യമുണ്ട്

**M. 704**

നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ കേന്ദ്രഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ Oil and Natural Gas Corporation (ONGC Ltd.) ൽ ചീഫ് എഞ്ചിനിയറായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (45/168 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. കുറഞ്ഞ വിദ്യാഭ്യാസയോഗ്യത, സാമ്പത്തിക ഭദ്രതയില്ലായ്മ എന്നിവ തടസ്സമല്ല. ബാധ്യതയുള്ള പുനർവിവാഹം പരിഗണിക്കുന്നതായിരിക്കും.
Mob and whats app - 7506723554, 7902520381

**M. 705**

തന്റേതല്ലാത്ത കാരണത്താൽ വിവാഹമോചനം ലഭിച്ചതും യാതൊരു ബാധ്യതകളും ഇല്ലാത്ത IT Field ടെക്നോപാർക്കിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (35/172 cm, B.Tech) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9495339812, 9496952978

| 14-ാം ചരമവാർഷികം 24- 01- 2026 | 07-ാം ചരമവാർഷികം 01-12-2025 |
|---|---|
|  |  |
| **കെ. സി. ഏബ്രഹാം** (കുഞ്ഞവറാച്ചൻ) | **അന്നമ്മ ഏബ്രഹാം** (കുഞ്ഞുമോൾ) |

**പടിയറ**
**കോഴിമല**

**സന്തപ്ത കുടുംബാംഗങ്ങൾ**

# ക്നാനായ സൺഡേസ്കൂൾ സമാജം




*ക്നാനായ സൺഡേസ്കൂൾ സമാജം ചിങ്ങവനം ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ 02-11-2025 ഞായറാഴ്ച ചിങ്ങവനം ശാലേം പള്ളിയിൽ നിന്നും പുത്തൻപള്ളിയിലേയ്ക്ക് സൺഡേസ്കൂൾ ദിന റാലി നടത്തി. ചിങ്ങവനം ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ശ്രീ. ബിനോ പി. ഏലിയാസ് പാറക്കുളം, സെക്രട്ടറി ശ്രീ. സജി റ്റി.തോമസ് തെക്കേകരോട്ട്, ഓഡിറ്റർ ശ്രീ. സണ്ണി എം. ജേക്കബ് മാലത്തുശ്ശേരി തുടങ്ങിയവർ നേതൃത്വം നൽകി. തുടർന്നു സൺഡേസ്കൂൾ സമാജം ഡയറക്ടർ ബഹു. ജേക്കബ്കുട്ടി കല്ലുകുളം കശ്ശീശായുടെ അദ്ധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനം സമുദായ മെത്രാപ്പോലീത്ത അഭി. മോർ സേവേറിയോസ് കുറിയാക്കോസ് ഉദ്ഘാടനം ചെയ്തു. ഭദ്രാസന സെക്രട്ടറി ബഹു. നോബിൻ തോമസ് കശ്ശീശ, മുൻ ഡയറക്ടർ ബഹു. മോനായി കെ. ഫിലിപ്പ് കശ്ശീശാ, ഇൻസ്പെക്ടർ ബിനോ പി. ഏലിയാസ്, സെക്രട്ടറി സജി റ്റി. തോമസ്, രാജു തോമസ് എന്നിവർ പ്രസംഗിച്ചു.*

# മെഡിക്കൽ ക്യാമ്പ്



*ക്നാനായ കോൺഗ്രസ് റാന്നി മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോഴഞ്ചേരി മുത്തൂറ്റ് ഹോസ്പിറ്റലുമായി ചേർന്ന് സൗജന്യ മെഡിക്കൽ ക്യാമ്പ് 23-11-2025 (ഞായറാഴ്ച) 10 മണി മുതൽ 2 മണിവരെ ഐത്തല സെന്റ് കുറിയാക്കോസ്പള്ളി പാരീഷ് ഹാളിൽവെച്ച് നടന്നു. റവ.ഫാ. സജി ഏബ്രഹാം കൊച്ചേത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്നാനായ കോൺഗ്രസ് കേന്ദ്ര ട്രഷറർ കൊച്ചുമോൻ ഒറ്റത്തൈയ്ക്കൽ, ജോ. സെക്രട്ടറി ജയ്മോൻ മേപ്രത്ത്, മേഖലാ സെക്രട്ടറി ലെനി ഐക്കാട്ട് മാളിയേക്കൽ, ട്രഷറർ സെറിൽ പള്ളത്ര, മുൻ ജനറൽ സെക്രട്ടറി സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്, ഇടവക ട്രസ്റ്റി മോഹൻ തോമസ് ഒറ്റത്തൈയ്ക്കൽ, ഇടവക സെക്രട്ടറി വി. സി. സ്ക്കറിയ, ഡോ. അരുൺ വി.ജോയി, ബാബു തുണ്ടിയിൽ, മനോജ് പടിഞ്ഞാറേമുറിയിൽ, പ്രോഗ്രാം കോർഡിനേറ്റർ ബിൽജി ബെന്നി, നിറ്റോ മേപ്രത്ത്, മനു ചാണ്ടി, റെജി പഴൂർ, സജി ചെറിയമൂഴിയിൽ, സോജി മേപ്രത്ത്, ജോമോൻ കിഴക്കേടത്ത്, ടോജോ ചേരിക്കലേത്ത്, ഗ്ലെൻ ചെറുവട്ടയ്ക്കാട്ട് എന്നിവർ നേതൃത്വം നൽകി. 400 ൽ അധികം ആളുകൾ പങ്കെടുത്ത മെഡിക്കൽ ക്യാമ്പിൽ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള 10 ഡോക്ടർമാരും 30 ജീവനക്കാരും സേവനം ചെയ്തു.*

---

# ആഗോള ക്നാനായ വനിതാ സംഗമം നടന്നു

ചിങ്ങവനം: മലങ്കര സുറിയാനി ക്നാനായ സമുദായം ക്നാനായ വനിതാ സമാജത്തിന്റെ 31-ാമത്തെ വാർഷിക സമ്മേളനം (വനിതാരവം 2025) ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ കേരള ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായം പൊതുസമൂഹത്തിന് നൽകിയ സംഭാവനകൾ നിസ്തുലമാണെന്നും, ഈ സമൂഹത്തിന്റെ ആത്മീയവും, ലൗകീകവുമായ കാര്യങ്ങൾ രൂപപ്പെടുന്നത് വനിതകൾ പ്രധാന കണ്ണികൾ ആണെന്ന് ഡോക്ടർ എൻ ജയരാജ് ഉത്ബോധിപ്പിച്ചു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് അധ്യക്ഷത വഹിച്ചു. തിരുവല്ല സി എസ് എസ് ഡയറക്ടർ ഫാ. സാം. ടി. കോശി മുഖ്യപ്രഭാഷണം നിർവഹിച്ചു. ഫാ. വി.എ. എബ്രഹാം ഇളയശ്ശേരിൽ, മേഖലാ പ്രസിഡണ്ട് ഫാ. ജേക്കബ് കല്ലുകുളം, ക്നാനായ സമുദായ സെക്രട്ടറി ടി. ഒ. എബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ഫാ. രാജൻ കുളമടയിൽ, ഫാ. ജേക്കബ് തുരുത്തി കോണത്ത്, സി. മരിയ, സിനി റെജി കൂർക്കകാലായിൽ, ഡെബി സജി പാരുമലയിൽ, സെലിമ ജോസഫ് പെരുമാച്ചേരിൽ എന്നിവർ പ്രസംഗിച്ചു. ഫാ. എം.സി. സഖറിയ മധുരം കോട്ട് ധ്യാനം നയിച്ചു. ഫാ. മാത്യു കല്ലോലിക്കൽ വിശുദ്ധ കുർബാന അർപ്പിച്ചു. വനിതാ സമാജം കലാമത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ നൽകി. ക്നാനായ സമുദായത്തിലെ വിവിധ ഇടവകകളിൽ നിന്നുള്ള വൈദികരും, സുവിശേഷകരും, വനിതാ സമാജ അംഗങ്ങളും പങ്കെടുത്തു.

# 40 – ാം ചരമദിനം

22 – 12 – 2025



# P.M. MATHEWS (BABY)

**DOB - 25/06/1938**

**(Rtd. Airforce Bangalore)**

**DOD - 13/11/2025**

## Purackal Thottabhagom, Kurichy

"മഹിമയോടന്തിമ വിധിനാളിൽ കർത്താവേ നീ അണയുമ്പോൾ കരുണയോടെന്നെ നിറുത്തണമേ നല്ലവരൊത്തു വലംഭാഗേ"

By Sorrowing Family
**Molly Mathews (Wife)**
**Children: Biju Mathews and Family, Bijoy Mathews and Family**
**Binu Mathews and Family and Bije Mathews and Family**

Advt -O

# 40th Day of Demise

28-12-2025



## LEELAMMA ABRAHAM ( 76 )

Puthenveettil, Chingavanam

Advt -G



**3rd Death Anniversary**
**26-11-2025**

## P.P. Mathew (Jaymon)

**Pullampallil House, Ranny**

*"The pain of grief my lessen with time but the memories of our loved one will never fade"*

Wife - jessy Mathew
Daugters - Malisa Mathew, Mintu Bechu Kuruvilla
Meenu Mathew
Son inlaws - Shaiju Mathew, Bechu Kuruvilla
Grand childrens- Edwin Shaiju, Aksa shaiju, zeasa shaiju
Kuruvilla Cherian Pallathra
Ahaana Elizabeth Kuruvilla

Advt -O



**2nd Death Anniversary**
**26-12-2025**

## V.A . Markose

**Valliyathil, Chingavanam**

Advt -O

*"Oh my Jesus, forgive us our sins, save us from the fires of the hell, and lead all the souls to the heaven, especially those most indeed of thy mercy."*

By Sorrowing Family



## 1 – ാം ചരമവാർഷികം
30 – 11 – 2025

## കെ.ഐ. ഏബ്രഹാം (ജോയി)

കളപ്പുരയ്ക്കൽ
തെങ്ങേലി



## 1 – ാം ചരമവാർഷികം
12 – 12 – 2025

## ജിനി സജി

ഊരാക്കമണ്ണിൽ
ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ

**09 –ാം ചരമവാർഷികം**

**06-12-2025**



**എബി ഫിലിപ്പ്**


**മാലത്തുശ്ശേരി**

**ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

**02 –ാം ചരമവാർഷികം**

**16-12-2025**



**റ്റി. എ. ചാക്കോ (കുഞ്ഞുമോൻ)**

**തെക്കേപറമ്പിൽ**

**കുറിച്ചി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

**03 –ാം ചരമവാർഷികം**

**15-12-2025**



**ഏലിയാമ്മ മാത്യു**

**ഇളയശ്ശേരിൽ**

**കുറ്റൂർ, തിരുവല്ല**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**05 –ാം ചരമവാർഷികം** **08 –ാം ചരമവാർഷികം**

**27-12-2025** **27-01-2026**



**കെ. ഒ. ഉതുപ്പാൻ** **കുഞ്ഞമ്മ ഉതുപ്പാൻ**

**കോവിലാൽ**

**മഴുക്കീർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**18th Death Anniversary**
**28-12-2025**



**K.P. Joseph** (Monai)
**Kaloorthundyil, Kallissery**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**06 –ാം ചരമവാർഷികം**
**09-01-2026**



**മേരിക്കുട്ടി മാത്യു**
**മൂഴിപ്പെരുമേത്ത്, ഐത്തല, റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**സ്നേഹ സ്മരണയ്ക്ക്**

**23 –ാം ചരമവാർഷികം** **25-12- 2025**
**33 –ാം ചരമവാർഷികം** **24-06-2025**




**മറിയാമ്മ ജോസഫ്** **കെ.സി. ജോസഫ്**

**കുന്നിരിയ്ക്കൽ,**
**റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**


**13 –ാം ചരമവാർഷികം**
**18-12-2025**



**റ്റി. എം. കുരുവിള** (കുട്ടപ്പായി)
**തൈക്കകത്ത്, എറണാകുളം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**20 –ാം ചരമവാർഷികം**
**31-12-2025**




**കെ.സി. തോമസ്**
**കണ്ണകേരിൽ**
**കുറിച്ചി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**19 –ാം ചരമവാർഷികം**
**02-12-2025**

**20 –ാം ചരമവാർഷികം**
**28-01-2026**



**പുന്നൂസ് ഏബ്രഹാം**
(പാപ്പച്ചൻ)

**അച്ചാമ്മ ഏബ്രഹാം**

**കാട്ടുവള്ളിൽ**
**മീന്തലക്കര, കറ്റോട്**


നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**20 –ാം ചരമവാർഷികം**
**13- 01- 2026**



**M.T. Kuriakose**

**02 –ാം ചരമവാർഷികം**
**17- 12- 2025**



**N.T. Abraham**

**19 –ാം ചരമവാർഷികം**
**01- 12- 2025**

**11 –ാം ചരമവാർഷികം**
**14- 10- 2025**



**N. I. Thomas**

**Annamma Thomas**

**Maruthara House, Kuttoor**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**01 –ാം ചരമവാർഷികം**
**11-12-2025**



**ശോശാമ്മ ഏബ്രഹാം**
**കാട്ടുവേലിൽ**
**മഴുക്കീർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**


**17 –ാം ചരമവാർഷികം**
**08-12-2025**



**Kuruvilla Thomas** (Baby)
**Kakkamparambil**
**Vakathanam**


നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**20 –ാം ചരമവാർഷികം**
**02-12-2025**



**ഏബ്രഹാം ചാക്കോ**
(തടിമില്ല് ചാക്കോച്ചൻ)
**പുത്തൻപറമ്പിൽ**
**ചിങ്ങവനം**


**27 –ാം ചരമവാർഷികം**
**05-01-2026**



**K.C. JACOB**
**KALLAMPARAMBIL**
**NILAMBUR**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**


## 50th Death Anniversary
**14-12-2025**



## Kunjumon Chacko
**Neduvoppil, Eara, Chingavanam**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

## 02 – ാം ചരമവാർഷികം
**02-12-2025**



## തോമസ് ചാക്കോ
**പുത്തൻപുര, നീലംപേരൂർ, കുറിച്ചി**

പ്രാർത്ഥനയോടെ
ഭാര്യ: ഓമന
മക്കൾ: ലൗലി, ലിൻസി, ലിനോ
മരുമക്കൾ: കൊച്ചുമോൻ, റജി, ഷാജി
കൊച്ചുമക്കൾ

## 17 – ാം ചരമവാർഷികം
**30 - 01- 2026**

## 12 – ാം ചരമവാർഷികം
**07- 12- 2025**






**പി. ഐ. ചാക്കോ**
(തങ്കച്ചൻ)

**ബിജു ചാക്കോ**

**കുന്നുംപുറത്ത്**
**ഇറഞ്ഞാൽ**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

## 06 – ാം ചരമവാർഷികം
**09-11-2025**




## കുരുവിള ഏബ്രഹാം (കുറിയാക്കോച്ചൻ)
**കാലായിൽ, ഇടക്കുളം, റാന്നി**

ജനനം: 22 – 08 – 1950 മരണം: 09 – 11 – 2019

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

15 –ാം ചരമവാർഷികം

12-12-2025



**കെ. പി. തോമസ്**

**കാനക്കാലിൽ, നീലംപേരൂർ**

സന്തപ്ത കുടുംബാംഗങ്ങൾ

10 –ാം ചരമവാർഷികം

12- 12- 2025



**Thankamma Ittiyavirah**

**Vadakkemannil, Angady, Ranny**


“മഹിമയോടന്തിമ വിധിനാളിൽ കർത്താവേ നീ അണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമേ നല്ലവരൊത്തു വലഭാഗേ”

സന്തപ്ത കുടുംബാംഗങ്ങൾ

*സ്നേഹ സ്മരണയ്ക്ക്*

28 –ാം ചരമവാർഷികം
29- 12- 2025

17 –ാം ചരമവാർഷികം
24- 01- 2026





**വി. സി. ജേക്കബ്**

**സാറാമ്മ ജേക്കബ്**

(P.W.D. കോൺട്രാക്ടർ)

**വൈക്കത്തുശ്ശേരി**


**മാമ്പുഴക്കരി (കോഴിക്കോട്)**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

01 –ാം ചരമവാർഷികം

18- 12- 2025




**A. C. Chacko (Baby)**

**Anjilimoottil**

**Kuttoor**

സന്തപ്ത കുടുംബാംഗങ്ങൾ

**25 – ാം ചരമവാർഷികം**
**30-12-2025**



**കെ. ചാക്കോ (ബേബിച്ചൻ)**
**കൊച്ചുളുന്തുരുത്തിൽ**
**നീലംപേരൂർ**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**In Loving Memory**

**14th Death Anniversary**
**08-12-2025**

**13th Death Anniversary**
**28-12-2025**





**Mathew A. Panicker**

**C.M. Abraham (Raju)**

**Panickarodathu House, Kottayam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**04 – ാം ചരമവാർഷികം**
**08-12-2025**



**വി. ഒ. ചാക്കോ (തങ്കച്ചൻ)**
**വെള്ളവന്താനത്ത്, മഴുക്കീർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**09 – ാം ചരമവാർഷികം**
**20-12-2025**



**സുഭാഷ് ചാക്കോ**
**പുതിയാപറമ്പിൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

2 – ാം ചരമവാർഷികം
19-12-2025




കുര്യൻ പി.എ. (ബേബി സാർ)
പുതുവീട്ടിൽ
അങ്ങാടി, റാന്നി
സന്തപ്ത കുടുംബാംഗങ്ങൾ

15 – ാം ചരമവാർഷികം
18-12-2025




അച്ചാമ്മ ഏബ്രഹാം
തോമ്പുമണ്ണിൽ
ഇടക്കുളം, റാന്നി
സന്തപ്ത കുടുംബാംഗങ്ങൾ

18 – ാം ചരമവാർഷികം
31-12-2025



അച്ചാമ്മക്കുട്ടി ഏബ്രഹാം
വടക്കേമുറിയിൽ
ഐത്തല, റാന്നി
സന്തപ്ത കുടുംബാംഗങ്ങൾ

18 – ാം ചരമവാർഷികം
21-12-2025




ബേബി ഫിലിപ്പ്
കുന്നത്തിലായ മാരാംപറമ്പിൽ
വാകത്താനം
സന്തപ്ത കുടുംബാംഗങ്ങൾ

20 – ാം ചരമവാർഷികം
18-12-2025




ചിന്നമ്മ തോമസ്
കോയിക്കലോടത്ത്
കുററൂർ
സന്തപ്ത കുടുംബാംഗങ്ങൾ

02 – ാം ചരമവാർഷികം
29-12-2025




കെ.യു. ഏബ്രഹാം
കൊല്ലംപറമ്പിൽ
ചാന്നാനിക്കാട്
സന്തപ്ത കുടുംബാംഗങ്ങൾ

07 – ാം ചരമവാർഷികം
31-12-2025




പി.കെ. മാത്യു (മാത്തുക്കുട്ടി)
പുന്നൂച്ചേരിൽ
പാക്കിൽ
സന്തപ്ത കുടുംബാംഗങ്ങൾ

05 – ാം ചരമവാർഷികം
24-12-2025



സാറാമ്മ കുറിയാക്കോസ്
കാഞ്ഞിരത്തുംമൂട്ടിൽ
(കരിയിൽ), സായിപ്പുകവല
സന്തപ്ത കുടുംബാംഗങ്ങൾ

40 – ാം ചരമദിനം
20-11-2025




ഉപ്പായി കുറിയാക്കോസ്
(കുഞ്ഞുമോൻ)
കൊച്ചുപത്തിൽ, നീലംപേരൂർ
സന്തപ്ത കുടുംബാംഗങ്ങൾ

07 – ാം ചരമവാർഷികം
20-12-2025



ചിന്നമ്മ ഏബ്രഹാം
ചെറുതറയിൽ
കവിയൂർ
സന്തപ്ത കുടുംബാംഗങ്ങൾ



കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.

**9 – ാം ചരമവാർഷികം**

9 – 4 – 2026

**രണ്ടാം ചരമവാർഷികം**

10 – 01 – 2026



**കെ.ഐ. കുര്യൻ**

**തങ്കമ്മ കുര്യൻ**

**കണിച്ചേരിൽ, കുന്നുമ്മ, കാവാലം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*പ്രാർത്ഥനയോടെ മക്കൾ*

Advt -O



**20 – ാം ചരമവാർഷികം**

3 – 11 – 2025

**രമണി സ്റ്റീഫൻ**

**പാറാനിക്കൽ, റാന്നി**

*സഹോദരിമാർ*

Registered No. KL/CHC/29/2024-26
Published on 15 December 2025
KNANAYA DEEPAM
Chingavanam
PRGI No. KERBIL/2006/19210
Vol. 36, Issue: 12 ₹20

# 3rd Death Anniversary
18-12-2025



Advt -O

# E.C. Abraham (Thankachan)

Palakudiyil, Chingavanam, Kottayam

(15-04-1944 - 18-12-2022)

THANKACHAN CARS

By Sorrowing Family

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ABRAHAM MATHEW (ROY ACHAN) COR-EPISCOPA MULAMOOTTIL**